# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ഒക്ടോബർ 29 | ദീപം 53 | നാളം 25 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


## പുതിയ ദേശീയ വിദ്യാഭ്യാസനയം

# ന്യൂനപക്ഷാവകാശങ്ങൾ മൂടിവയ്ക്കാനുള്ളതല്ല





**ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വിദ്യാലയങ്ങളിലും ഉന്നതവിദ്യാഭ്യാസമേഖലയിലും പരിവർത്തനങ്ങൾക്കു വഴിതെളിക്കുന്ന ദേശീയവിദ്യാഭ്യാസനയം 2020-ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. സ്കൂൾ, ഉന്നത വിദ്യാഭ്യാസമേഖലകളിൽ വൻതോതിലുള്ള പരിവർത്തനങ്ങൾക്കും പരിഷ്കാരങ്ങൾക്കും വഴിയൊരുക്കുന്നതാണ് ഈ നയം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യവിദ്യാഭ്യാസനയമാണിത്.

മുപ്പത്തിനാലുവർഷംപഴക്കമുള്ള, 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തെ (എൻപിഇ) പുനഃസ്ഥാപിക്കുന്നതാണ് പുതിയ നയം. പ്രാപ്യമാകുന്നത്, നീതിയുക്തമായത്, ഗുണമേന്മയുള്ളത്, താങ്ങാനാകുന്നത്, ഉത്തരവാദിത്വമുള്ളത് എന്നീ അടിസ്ഥാന സ്തംഭങ്ങളാൽ തയ്യാറാക്കപ്പെട്ട ഈ നയം 2030 ലേക്കുള്ള സുസ്ഥിരവികസന അജൻഡയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആവശ്യങ്ങൾക്ക് അനുയോജ്യമായി, ഓരോ വിദ്യാർത്ഥിയുടെയും അതുല്യമായ കഴിവുകൾ പുറത്തെടുക്കുന്നതു ലക്ഷ്യമിട്ട്, സ്കൂൾ-കോളജ് വിദ്യാഭ്യാസത്തെ സമഗ്രവും ബഹുമുഖവും വൈവിധ്യപൂർണവും ആക്കുന്നതിലൂടെ ഇന്ത്യയെ ഊർജ്ജസ്വലമായ വിജ്ഞാനസമൂഹമാക്കാനും ആഗോളതലത്തിൽത്തന്നെ വിജ്ഞാനമേഖലയിലെ ശക്തികേന്ദ്രമാക്കാനും പുതിയ നയം ലക്ഷ്യമിടുന്നു.

### ന്യൂനപക്ഷാവകാശം

അസാധാരണമായ സാംസ്കാരിക വൈവിധ്യമുള്ള രാജ്യമാണ് ഇന്ത്യ. ഈ വൈവിധ്യമാണ് ഭാരതത്തിന്റെ അനന്യമായ സമ്പത്ത്. ഇന്ത്യൻ മതേതരത്വം (സെക്കുലറിസം) ഭരണഘടനാപരമായ മതേതരത്വമാണ്. അതു മഹത്തായ ജനാധിപത്യത്തോടും വൈവിധ്യങ്ങളോടും ഏറെ ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ഭാഷ-മതന്യൂനപക്ഷങ്ങൾക്കും തങ്ങളുടെ താത്പര്യമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താനുള്ള അവകാശം ഭരണഘടനയുടെ 30-1 വകുപ്പ് പ്രദാനം ചെയ്യുന്നു ("All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice"). ഇന്ത്യൻ ഭരണഘടന പ്രത്യേകം പരിരക്ഷ നൽകിയിരിക്കുന്ന അവകാശമാണിത്. രാഷ്ട്രീയ-സാമുദായികസംവരണത്തിൽ നിന്നു വിവിധ കാരണങ്ങൾ നിരത്തി കാലാകാലങ്ങളിലുള്ള ഭരണാധികാരികൾ ക്രൈസ്തവരെ മാറ്റി നിർത്തിയപ്പോഴും വിദ്യാഭ്യാസസാംസ്കാരികാവകാശം നല്കി ഇന്ത്യൻ ഭരണഘടന ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ചു.

ഒരു ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം സംസ്കാരവും വിദ്യാഭ്യാസവും അതിന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. പിന്നാക്കസമുദായങ്ങൾക്കും വിഭാഗങ്ങൾക്കും വ്യക്തികളെന്നനിലയിൽ ലഭിക്കുന്ന ആനുകൂല്യം ന്യൂനപക്ഷാവകാശമല്ല. അത് സർക്കാരുകൾ കാലാകാലങ്ങളിൽ നല്കുന്ന ആനുകൂല്യങ്ങളാണ്. ന്യൂനപക്ഷസംരക്ഷണം ഈ പുതിയ വിദ്യാഭ്യാസനയത്തിൽ വ്യക്തമായി പരാമർശിക്കുന്നില്ല. ന്യൂനപക്ഷങ്ങളെക്കുറിച്ചു പരാമർശമുണ്ടെന്നതു ശരിയാണ്. പക്ഷേ, ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചു പരാമർശമില്ല. ക്രൈസ്തവസഭകളുടെ സാന്നിധ്യവും അസ്തിത്വവും പുതിയ വിദ്യാഭ്യാസനയത്തിൽ ബോധപൂർവം അവഗണിച്ചിരിക്കുന്നു. രാഷ്ട്രനിർമിതിയിൽ അസാധാരണമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നവരാണ് ഭാരതക്രൈസ്തവർ.

ന്യൂനപക്ഷവിഭാഗങ്ങളെ സംരക്ഷിച്ചുവളർത്തണം എന്നതാണു ഭരണഘടന വിഭാവനം ചെയ്യുന്നത്. ന്യൂനപക്ഷങ്ങൾ അവരുടെ വ്യതിരിക്തത കാത്തുസൂക്ഷിച്ചു വളരാനാണ് ഈ അവകാശങ്ങൾ നല്കപ്പെട്ടിരിക്കുന്നത്. ന്യൂനപക്ഷാവകാശങ്ങൾ ഒരു സംഘാതാവകാശമാണ് (collective right).

### ന്യൂനപക്ഷങ്ങൾ പുലർത്തുന്ന ധാർമികത

ഭാരതത്തിന്റെ ഏറ്റവും വലിയ യശസ്സ് ധാർമികമാന ദണ്ഡങ്ങളും മൂല്യങ്ങളും സംരക്ഷിക്കുന്ന ഒരു ജനതതി (ആർഷഭാരതസംസ്കൃതി) എന്നതത്രേ. ഭാരതത്തിന്റെ ആഴമാർന്ന ജൈവനീതിബോധം വിശ്വപ്രസിദ്ധമാണ്. ധാർമികതയും ആത്മീയതയും നഷ്ടപ്പെട്ടാൽ ഒരു ജനതയ്ക്കും മുമ്പോട്ടുപോകാനാവില്ല. ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ ഇവിടത്തെ ധാർമികമൂല്യങ്ങൾ പരിരക്ഷിക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നു.

ഇക്കാര്യത്തിൽ ക്രൈസ്തവസഭകളുടെ പങ്കു വലുതാണ്. ക്രൈസ്തവസഭകളുടെ മേൽനോട്ടത്തിൽ നടക്കുന്ന കലാലയങ്ങളിലൂടെ ഈ രാജ്യത്തിനു കൈവന്ന നേട്ടങ്ങൾ അതുല്യങ്ങളാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർ, ആദിവാസികൾ, തൊഴിൽചൂഷണങ്ങൾ നേരിട്ടവർ, വർഗ്ഗ-ലിംഗവിവേചനത്തിന്റെ ഇരകൾ തുടങ്ങി പൊതുസമൂഹത്തിന്റെ പിന്നാമ്പുറത്തുള്ളവർക്കെല്ലാം നീതിബോധവും, സ്വത്വബോധവും പൗരബോധവും പകർന്നുനൽകുവാൻ ക്രൈസ്തവമിഷനറിമാർ നൽകുന്ന ധീരമായ നേതൃത്വം അതുല്യമാണ്.

### ഭാരതത്തിന്റെ ബഹുസ്വരത

മഹത്തായ ഭാരതത്തിന്റെ നവോത്ഥാനത്തിന്റെ ശംഖൊലിയാവണം പുതിയ വിദ്യാഭ്യാസനയത്തിലൂടെ ആവിഷ്കൃതമാകേണ്ടത്. ഭാരതത്തിന്റെ സാംസ്കാരിക സമ്പന്നതയാകണം ഈ നയത്തിലൂടെ പ്രകാശിതമാകേണ്ടത്. മതേതര ഇന്ത്യയുടെ മുഖ്യധാരാഭിമുഖ്യങ്ങൾ പലതും ഈ പുതിയ വിദ്യാഭ്യാസനയത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷത്തിന്റെ തനതു സംസ്കാരസവിശേഷതകൾ പരിപോഷിപ്പിക്കാനുള്ള അവസരമാണു വേണ്ടത്. സാമൂഹിക - സാമ്പത്തികമേഖലകളിൽ പിന്നാക്കം നില്ക്കുന്നവരെ സഹായിക്കുന്നത് അഭിനന്ദനീയമാണ്. പക്ഷേ, അവിടെയും സംസ്കാരത്തെ തകർക്കുന്ന തരത്തിലാകരുത് സാമ്പത്തികവളർച്ചയക്കുറിക്കുന്ന ദർശനവും പ്രായോഗിക സമീപനങ്ങളും.

ന്യൂനപക്ഷാവകാശങ്ങളിൽ രാഷ്ട്രപുരോഗതിക്കുള്ള വലിയ അവകാശമാണ് അന്തർലീനമായിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രത്യേക സമുദായം വളരുന്നു, അതുകൊണ്ട് അവർ ന്യൂനപക്ഷാവകാശങ്ങൾ അർഹിക്കുന്നില്ല എന്ന് ആർക്കും പറയാൻ സാധ്യമല്ല.

▶2








# വെല്ലുവിളി ഉയർത്തുന്ന ദേശീയവിദ്യാഭ്യാസനയം

1–ാം പേജ് തുടർച്ച

ന്യൂനപക്ഷാവകാശത്തിലൂടെ നടക്കുന്നത് പരിപോഷിപ്പിക്കലും വളർത്തലും വർധിപ്പിക്കലുമാണ്. ഭാരതത്തിന്റെ സമ്പന്നമായ വൈവിധ്യങ്ങളെ ഐക്യപ്പെടുത്തുന്ന അടയാളങ്ങളാണ് ന്യൂനപക്ഷങ്ങൾ.

**മാതൃഭാഷയും സംസ്കാരവും**

പുതിയ വിദ്യാഭ്യാസനയത്തിൽ മാതൃഭാഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് കൂടുതൽ ഭാഷകൾ പഠിക്കാൻ സംവിധാനങ്ങൾ ചേർത്തി




ട്ടുണ്ട്. എല്ലാ ഇന്ത്യൻ ഭാഷകളുടെയും സംരക്ഷണം, വികസനം എന്നിവ ഉറപ്പാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രെറ്റേഷൻ (Indian Institute of Translation and Interpretation), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്സ് (National Institutes) എന്നിവ പുതിയ വിദ്യാഭ്യാസനയത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

പുരാതനഭാഷകളും പുതിയ വിദ്യാഭ്യാസനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാലി, സംസ്കൃതം, പ്രാകൃത്, പേർഷ്യൻ എന്നിവ ഉദാഹരണങ്ങളത്രേ. മതങ്ങൾ നൽകുന്ന സാമൂഹികപരിരക്ഷ പലപ്പോഴും ഇത്തരം ഭാഷകളുടെ നിലനില്പിനും വളർച്ചയ്ക്കും സഹായകമായിട്ടുണ്ട്.

ക്രൈസ്തവരുടെ ആരാധനക്രമഭാഷയായ സുറിയാനി ഈ ദേശീയ വിദ്യാഭ്യാസനയത്തിൽ ഉൾപ്പെടുന്നില്ല എന്നത് ദുഃഖകരമായ സത്യമാണ്. ഭാരതത്തിന്റെ സംസ്കാരത്തിന് അതുല്യമായ സംഭാവനകൾ നൽകിയിട്ടുള്ള ക്രൈസ്തവരുടെ സാന്നിധ്യത്തെ വിലമതിച്ച് സുറിയാനിഭാഷയെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമാക്കണം. അതിന്റെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുകയും വേണം. സുറിയാനി ഭാരതത്തിലെ ക്രൈസ്തവരുടെ ആരാധനക്രമഭാഷയായിരുന്നു എന്നു മാത്രമല്ല, നൂറ്റാണ്ടുകളിലൂടെ അനേകർ പ്രാർഥിച്ചും കേട്ടും പഠിച്ചും ഈ രാജ്യത്തിന്റെ സാംസ്കാരികവളർച്ചയെ ഏറെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്. വിവിധ സ്കൂളുകളിലും കോളജുകളിലും ഇപ്പോഴും സുറിയാനി ഐച്ഛിക ഭാഷയാണ്. സജീവമായ ഒരു സുറിയാനിസംസ്കാരം നമ്മുടെ നാടിന്റെ ഭാഗംതന്നെയാണ്.

**ഭാരതത്തിന്റെ ദേശീയത**

ഭാരതീയസംസ്കാരത്തിന്റെ കാതൽ നാനാത്വത്തിലെ ഏകത്വമാണ്. ഈ രാജ്യത്തുള്ള എല്ലാ മത - ഭാഷാവിഭാഗങ്ങളും സ്വതന്ത്രമായും സ്വച്ഛമായും വളർന്നുവരണം. ഈ വളർച്ചയിൽനിന്നു വരുന്ന സ്ഥായിയും സ്വാഭാവികവുമായ സത്ഫലമായിരിക്കണം ദേശീയത. പുതിയ ദേശീയ വിദ്യാഭ്യാസനയത്തിൽ ക്രൈസ്തവർക്കു ശ്രദ്ധേയമായ ഒരു ഇടം നൽകിയിട്ടില്ല. ന്യൂനപക്ഷാവകാശം വേണ്ടരീതിയിൽ ശ്രദ്ധിക്കപ്പെടുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല. മാത്രമല്ല, ബോധപൂർവമുള്ള അവഗണനയും കാണുന്നു.

ലിംഗ-സാമൂഹിക-സാംസ്കാരിക-ഭൂമിശാസ്ത്ര പ്രത്യേകതകളുള്ള, സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു പുതിയ ദേശീയ വിദ്യാഭ്യാസനയത്തിൽ പ്രത്യേക ഊന്നലുണ്ട്. ജെൻഡർ ഇൻക്ലൂഷൻ ഫണ്ട്, പിന്നാക്കപ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കുമായി പ്രത്യേക വിദ്യാഭ്യാസമേഖല സ്ഥാപിക്കൽ എന്നിവ അത്തരത്തിലുള്ള നിർദേശങ്ങളാണ്. ഭിന്നശേഷിക്കാരായ കുട്ടികളെയും പരിഗണിക്കുന്നുണ്ട്. ജനനത്തിന്റെയോ സാമൂഹികപശ്ചാത്തലത്തിന്റെയോ സാഹചര്യങ്ങളാൽ ഒരു കുട്ടിക്കുപോലും പഠിക്കാനും മികവ് തെളിയിക്കാനുമുള്ള അവസരം നഷ്ടപ്പെടില്ലെന്ന് ഉറപ്പുപറഞ്ഞിട്ടുണ്ട്. ഇതെല്ലാം അഭിനന്ദനീയമായ നല്ല കാര്യങ്ങളാണ്.

പക്ഷേ, ന്യൂനപക്ഷാവകാശം ഇതൊന്നുമല്ല. എന്തെങ്കിലും താൽക്കാലിക സഹായം ലഭിക്കുന്നതിന്റെ പേരിൽ നിസ്സംഗരായി മൗനം ദീക്ഷിച്ച് ക്രൈസ്തവർ മാറരുത്. ദേശീയത എന്നത് ഹിന്ദുദേശീയത എന്നു ചുരുങ്ങിപ്പോകരുത്. ഈ ദേശീയവിദ്യാഭ്യാസനയത്തിൽ ന്യൂനപക്ഷങ്ങൾക്കായി മാറ്റിവച്ചിരിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ ന്യൂനപക്ഷാവകാശങ്ങളല്ല. ആനുകൂല്യങ്ങളിൽതന്നെ ക്രൈസ്തവർക്ക് ആനുപാതികമായ പങ്ക് ലഭിക്കാതിരിക്കുന്നതിനെക്കുറിച്ചുള്ള ശക്തമായ പ്രതികരണങ്ങൾ സർക്കാരിനെ ഭാരതീയ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷനുൾപ്പെടെയുള്ള വിവിധ വേദികളിലൂടെ ശക്തമായി അറിയിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസമേഖലയിലെ ന്യൂനപക്ഷാവകാശങ്ങൾ**

ഇപ്പോൾത്തന്നെ വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷാവകാശത്തിന്മേൽ വളരെയേറെ കടന്നുകയറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ ഒരുപോലെ മത്സരിക്കുന്നു. അധ്യാപകർക്ക് സമയത്ത് വേതനം നൽകാതെയും ജോലിസ്ഥിരത ഉറപ്പുവരുത്താതെയും സർക്കാർ കാണിക്കുന്ന ഉത്തരവാദിത്വമില്ലായ്മ സാമാന്യനീതിയുടെ ബോധപൂർവമായ നിഷേധമാണ്. രാഷ്ട്രീയവിലപേശലുകളും ഉദ്യോഗസ്ഥതലത്തിലെ മെല്ലെപ്പോക്കും കെടുകാര്യസ്ഥതയും ഇക്കാര്യത്തിൽ മുന്നിട്ടുനിൽക്കുമ്പോൾ അനേകകുടുംബങ്ങൾ കുടുംബശൈഥില്യവും സാമ്പത്തികത്തകർച്ചയുംമൂലം ദുരിതമനുഭവിക്കുന്നു.

ഇന്ത്യൻഭരണഘടന അനുവദിച്ചുതന്നിട്ടുള്ളതാണ് മതന്യൂനപക്ഷങ്ങൾക്കായുള്ള പ്രത്യേക അവകാശങ്ങൾ. ഇതനുസരിച്ചു വിദ്യാലയങ്ങൾ ആരംഭിക്കാനും തങ്ങളുടെ പാരമ്പര്യങ്ങൾക്കും വിശ്വാസത്തിനും ധാർമികമൂല്യങ്ങൾക്കും അനുസൃതമായി ഈ സ്ഥാപനങ്ങൾ നടത്താനും മതന്യൂനപക്ഷങ്ങൾക്ക് അവകാശമുണ്ട്. ഈ അവകാശങ്ങൾ നിഷേധിക്കാൻ ഭരണകൂടത്തിനു സാധ്യമല്ല. അധ്യാപകനിയമനവും വിദ്യാർഥികളുടെ പ്രവേശനവും ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രത്യേക അവകാശങ്ങളാണ്. സംശുദ്ധവും സുതാര്യവുമായ നടപടിക്രമങ്ങളാണ് ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾ ദീർഘകാലമായി സ്വീകരിക്കുന്നത്.


തങ്ങളുടെ അവകാശങ്ങളോടൊപ്പം കടമകളും ന്യൂനപക്ഷ സമുദായങ്ങൾ സമീപനങ്ങളിൽ സൂക്ഷിക്കണം. കടമകളിലെ ബോധ്യമില്ലായ്മ ന്യൂനപക്ഷസമുദായങ്ങളുടെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യും. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുമ്പോൾ വരുംതലമുറയുടെ അവകാശങ്ങളാണു നിഷേധിക്കപ്പെടുന്നത്. ഭാരതത്തിന്റെ സാംസ്കാരികസമ്പത്ത് അഭംഗുരം കാത്തുസൂക്ഷിക്കാനും വൈവിധ്യങ്ങളുടെ കാവലാളാകുവാനും ഓരോ ഭാരതീയനും ചുമതലയുണ്ട്. മതവിശ്വാസങ്ങളെയും സംസ്കാരവൈവിധ്യങ്ങളെയും നിറമനസോടെ സ്വീകരിച്ച വിശാലമായ ആതിഥ്യമനോഭാവം ഭാരതത്തിനുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസനയം ഉയർത്തുന്ന വെല്ലുവിളികളെ ധീരതയോടെ അതിജീവിച്ച് ക്രൈസ്തവവിദ്യാഭ്യാസശുശ്രൂഷ നാം നിയോഗശുദ്ധിയോടെ തുടരണം.

*(ലേഖകൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാനാണ്.)*




## Education for Future

ചീഫ് എഡിറ്റർ : ഡോ. അലക്സ് ജോർജ്
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിഷേഴ്സ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 1400 രൂപ




ദൈവ-മനുഷ്യ-പ്രകൃതി ബന്ധങ്ങളിലെ പാരസ്പര്യം തിരിച്ചറിഞ്ഞ് എങ്ങനെ ജീവിതത്തെ സ്വച്ഛസുന്ദരമാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചുള്ള ഉദാത്തമായ ചിന്തകളും കാഴ്ചപ്പാടുകളും നിറഞ്ഞ വിവിധ ലേഖനങ്ങളുടെ സമാഹാരം. ഉത്തമജീവിതത്തിനു വഴികാട്ടിയാവുന്ന ഗ്രന്ഥം.

## മൂന്നാം രഹസ്യം

ഗ്രന്ഥകർത്താവ് : ഫാ. ജോസഫ് മൈലപ്പറമ്പിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 80 രൂപ




മനുഷ്യനാൽ അസാധ്യമായ കാര്യങ്ങൾ ദൈവം മനുഷ്യനിലൂടെത്തന്നെ സാധിക്കുന്ന അദ്ഭുതകരമായ പ്രക്രിയയാണ് പ്രാർത്ഥന. മനുഷ്യന്റെ ബലവും ദൈവത്തിന്റെ ബലഹീനതയുമായ പ്രാർത്ഥന എന്ത്? എന്തിന്? എങ്ങനെ? എന്നു വിശദമാക്കുകയാണ് മൂന്നാം രഹസ്യം എന്ന ഈ ഗ്രന്ഥം.

## സീയോൻ സഞ്ചാരം

ഗ്രന്ഥകർത്താ : പ്ലാത്തോട്ടം മാത്യു
പ്രസാധനം : ബിഷപ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ, തലശേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 140 രൂപ





ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീൻ എന്നീ രാജ്യങ്ങളിലെ പുണ്യസ്ഥലങ്ങളിൽ ഗ്രന്ഥകാരൻ നടത്തിയ തീർത്ഥാടനയാത്രാനുഭവങ്ങൾ ഇതിൽ വിവരിച്ചിരിക്കുന്നു. ബൈബിൾസംഭവങ്ങൾക്കു സാക്ഷ്യമായ സ്ഥലങ്ങളിലെ തിരുശ്ശേഷിപ്പുകളുടെ നേർസാക്ഷ്യം.

# മലയാളകവിതയുടെ സൂര്യതേജസ്സ്



ഉ്ലാക്കാട്ടൂർ പൊന്നപ്പൻ

## ഈയിടെ അന്തരിച്ച മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയെക്കുറിച്ച്



മലയാളത്തിൽ നവോത്ഥാനത്തിന്റെ കാവ്യവസന്തം വിരിയിച്ച വിപ്ലവകാരി! കണ്ണീരിൽ വേദം ദർശിച്ച മഹാകവി! മലയാളകവിതയെ ആധുനികതയുടെ രത്നമണ്ഡപത്തിലേക്കാനയിച്ച് മനുഷ്യസ്നേഹത്തിന്റെ മഹാഗാഥ വിരചിച്ച മനീഷിയായ മഹാഗുരു! അക്കിത്തം! ഒക്ടോബർ 14 ബുധനാഴ്ച രാവിലെ 94-ാം വയസ്സിൽ നമ്മോടു വിടപറഞ്ഞു.

"വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" - ലോകപ്രസിദ്ധമായ ഈ വരികൾ നാവിലില്ലാത്ത മലയാളിയുണ്ടോ? പാരമ്പര്യത്തെ സമ്പൂർണ്ണമായി വിച്ഛേദിക്കാത്ത ആധുനികതയുടെ പ്രോത്സാഹകനായിരുന്നു മാറിയ അക്കിത്തം. ജീവിതത്തിന്റെ പൊള്ളിക്കുന്ന കനൽക്കാഴ്ചകളിലേക്ക് നമ്മെ ആനയിച്ചുകൊണ്ട് പ്രതിസന്ധിഘട്ടങ്ങളിൽ താങ്ങുന്ന അത്താണിയായി മാറുന്ന നിരവധി വരികൾ; അതാണ് അക്കിത്തത്തെ മലയാളിമനസ്സിലേക്കടുപ്പിക്കുന്നത്.

മറ്റുള്ളവർക്കായി ഒരു പുഞ്ചിരി ചെലവഴിക്കുമ്പോൾ തന്റെ ഹൃദയത്തിൽ നിത്യനിർമ്മലമായ പൗർണ്ണമി പൂത്തുലയുന്നു എന്നാണ് അദ്ദേഹത്തിന്റെ കവിമനസ്സ് പറഞ്ഞത്. മറ്റുള്ളവർക്കായി ഒരു കണ്ണീർക്കണം പൊഴിക്കുമ്പോൾ സ്വന്തം ആത്മാവിൽ ആയിരം സൗരമണ്ഡലം ഉദിച്ചുയരുന്നതായും അദ്ദേഹം കണ്ടെത്തി. അങ്ങനെ ഏറെ വികാസം പ്രാപിച്ച ഒരു മനസ്സിന്റെ ഉടമയായിരുന്നു അക്കിത്തം. വായനക്കാരെ ഇരുളിൽനിന്ന് അക്ഷരവെളിച്ചത്തിലേക്കു നയിച്ച ഇതുപോലൊരു കവി മലയാളത്തിലുണ്ടായിട്ടില്ല. 'മഹാകവി' എന്നപേരിന് അർഹനായ അവസാനകവിയെന്ന് കണിശമായും അക്കിത്തത്തെച്ചൂണ്ടി പറയാം.

1926 മാർച്ച് 18 ന് പാലക്കാട് കുമരനെല്ലൂരിൽ ജനനം. പിതാവ് വാസുദേവൻ നമ്പൂതിരിയുടെ ശിക്ഷണത്തിൽ മന്ത്രശ്ലോകങ്ങൾ ചൊല്ലി തഴക്കംവന്നനാവായിരുന്നു ബാല്യത്തിൽത്തന്നെ. ആ മന്ത്രങ്ങൾ ബാലമനസ്സിലെ സർഗ്ഗാത്മകതയെ ഉണർത്താൻ പര്യാപ്തമായി. ജ്യോത്സ്യനായിരുന്ന കൊടക്കാട്ട് ശങ്കുണ്ണി നമ്പീശന്റെ ശിഷ്യനായിരുന്നു കുറച്ചുകാലം. കവിതകളിൽ തത്ത്വചിന്തകൾ നിറയാൻ കാരണം മറ്റൊന്നല്ല. മന്ത്രോച്ചാരണം ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നിട്ടും കാവ്യഭാഷ കവിയെപ്പോലെതന്നെ പ്രസാദമധുരമായിരുന്നു. എട്ടാം വയസ്സുമുതൽ തുടങ്ങിയ കാവ്യസപര്യയിലൂടെ പില്ക്കാലത്ത് ഋഷിയായ മഹാകവി എന്നപേരും ലഭിച്ചു.

അനാദിയിൽനിന്നാണ് തന്റെ കവിതകൾ ഉദയംകൊള്ളുന്നതെന്നാണ് അക്കിത്തത്തിന്റെ വിശ്വാസം. താൻതന്നെയാണോ ഇക്കണ്ട കവിതകളൊക്കെ രചിച്ചതെന്ന് അദ്ദേഹം വിസ്മയിച്ചിട്ടുണ്ട്. ഓരോ കവിതയെഴുതിക്കഴിയുമ്പോഴും എന്തോ ഒന്നു സംഭവിക്കുന്നതുപോലെ ഒരു തോന്നൽ അദ്ദേഹത്തിനുണ്ടാകും! അങ്ങനെ രചനയുടെ അനുഭൂതി തന്നത്താൻ ആസ്വദിച്ചിരുന്നതായി അക്കിത്തം പറഞ്ഞിട്ടുണ്ട്.

മനുഷ്യജീവിതമേഖലകളിൽ എവിടെക്കുഴിച്ചാലും കണ്ണീരു കിട്ടും. അനുഭവങ്ങളുടെ മണ്ണടരുകൾ മാറ്റിനോക്കേണ്ടിവരും എന്നുമാത്രം. അങ്ങനെ ലഭിക്കുന്ന ദിവ്യജലം അക്ഷരക്കുമ്പിളിൽ നിറച്ച് കാവ്യദേവതയ്ക്കു തർപ്പണം ചെയ്ത് ആ തീർത്ഥജലം ജീവിതത്തെ വെറുക്കുന്ന, കണ്ണീരൊഴുക്കുന്നവർക്ക് തേൻതുള്ളിയായി മാറുന്ന മാസ്മരികവിദ്യയായിരുന്നു, അക്ഷരമാന്ത്രികനായ അക്കിത്തം ചെയ്തിരുന്നത്.

അക്കിത്തത്തിന്റെ രാഷ്ട്രീയമനസ് അളക്കാൻ പലർക്കും കഴിഞ്ഞിട്ടില്ല. ഏറെപ്പേർ തെറ്റിദ്ധരിച്ചു. മറ്റുചിലർ നിന്ദിച്ചു. നിന്ദിച്ചവർക്കു പിന്നീട് പശ്ചാത്തപിക്കേണ്ടിവന്നു. യഥാർത്ഥ കാവ്യാസ്വാദകർക്ക് ആ മനസ്സും രാഷ്ട്രീയമനസ്സും രണ്ടാണെന്നു മനസ്സിലായി. വൈദികപാരമ്പര്യം പിന്തുടർന്നിരുന്നെങ്കിലും നവോത്ഥാനത്തിന്റെ കാറ്റുവീശുന്ന നാളുകളിൽ അതിനുമുന്നിലുണ്ടായിരുന്നു അക്കിത്തം.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉദയകാലത്ത് അതിനോട് ആഭിമുഖ്യം പുലർത്തിയിരുന്ന അക്കിത്തം, നിരവധി കമ്മ്യൂണിസ്റ്റുനേതാക്കൾക്ക് തന്റെ ഇല്ലം ഒളിത്താവളമാക്കാൻ മടിച്ചില്ല. കമ്മ്യൂണിസ്റ്റ് വേട്ടയുടെ ഭാഗമായി തന്റെ ഇല്ലത്ത് റെയ്ഡുകൾ നടന്നതും അർദ്ധരാത്രിവരെ ലോക്കപ്പിൽ അടയ്ക്കപ്പെട്ടതും നമ്പൂതിരിയെ മനുഷ്യനാക്കാൻ ഇ.എം.എസ്സിന്റെയും വി.ടി. ഭട്ടതിരിപ്പാടിന്റെയും ഒപ്പം യോഗക്ഷേമസഭയിൽ അംഗമായതും പാലിയം സത്യഗ്രഹത്തിൽ പങ്കെടുത്തതും വിധവാവിവാഹത്തിൽ പങ്കെടുത്ത് സമുദായഭ്രഷ്ട് നേരിട്ടതും അയിത്തത്തിനെതിരേ മൂർച്ചയേറിയ തൂലികയുമായി മുന്നോട്ടിറങ്ങിയതും ആദ്യകാല കവിതയായ 'തമ്പുരാൻകുട്ടി' വായിക്കുന്ന മലയാളി മറക്കില്ല. വാക്കുകളാൽ കാവ്യസമുദ്രം സൃഷ്ടിക്കുമ്പോഴും മനസ്സുകൊണ്ട് അടുക്കാൻ കഴിയാത്തവയിൽനിന്ന് അകലംപാലിച്ചുനിന്നു അക്കിത്തം. കടുത്ത ഇടതുപക്ഷചിന്താഗതി ഉണ്ടായിരുന്നെങ്കിലും ആരും അദ്ദേഹത്തെ കമ്മ്യൂണിസ്റ്റെന്നു മുദ്രകുത്തിയില്ല.

ബിംബങ്ങളുടെ വിളനിലമായിരുന്നു അക്കിത്തത്തിന്റെ കവിതകൾ. ജീവിതത്തിന്റെ അനിശ്ചിതത്വവും അയനവും നിസ്സാരതയും തിരഞ്ഞുപോകുന്ന ഒരു തഥാഗതജന്മം ആ കവിതാതട്ടകത്തിലുണ്ടാകും. മനുഷ്യൻ എന്ന അസ്തിത്വത്തിന്റെ യാഥാർത്ഥ്യങ്ങൾ മറന്നുകൊണ്ടുള്ള ഒരു ആദർശത്തോടും അദ്ദേഹത്തിന് ആഭിമുഖ്യമില്ല. ഭാഷ ഒരു ഭാരമേയല്ല. പുതിയ വാക്കുകൾ പലതും മറനീക്കി പുറത്തുവന്നത് 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ'ത്തിലാണ്. 1950 കളിൽ ആധുനികതയുടെ മുഖമുള്ള എം. ഗോവിന്ദൻ, എം.എ. പാലൂർ, മാധവൻ അയ്യപ്പത്ത് തുടങ്ങിയവരുടെ രചനകൾക്കു സമാനമായി അക്കിത്തത്തിന്റെ പുതുകവിതകൾ നിർവ്വചിക്കപ്പെട്ടു. പുതിയ പദസംസാരവും ആശയബോധവും കാവ്യഭാഷയ്ക്കു നല്കപ്പെട്ടു. മനുഷ്യജന്മത്തിന്റെ വേദനകൾക്ക് സൂര്യഗീതം തീർത്ത കവി, കന്നിനിലാവിന്റെ കൂർമ്മ പകരുന്ന പ്രണയനൊമ്പരപ്പാടുകളിലും പ്രണയിനിയുടെ മുഗ്ധലാവണ്യത്തിലും മതിമറന്നു പാടിയിട്ടുണ്ട്. കാല്പനികതയുടെ നിത്യഭാസുരമുഖമായിരുന്നു ആ രചനകളിൽ.

ആകാശവാണിയാണ് അദ്ദേഹത്തെ ആകാശത്തോളമുയർത്തിയത്. 1956 ജൂൺ 18 മുതൽ തൃശൂരിലും പിന്നീട് കോഴിക്കോട്ടും നിലയങ്ങളിൽ ഉദ്യോഗസ്ഥനായിരിക്കുമ്പോഴാണ് കുട്ടിക്കവിതകളിൽ അധികവും പിറക്കുന്നത്. 1973 ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡു കിട്ടിയപ്പോൾ അതുവരെ ഡിഗ്രിയില്ലാത്ത അദ്ദേഹത്തിൽനിന്ന് അകന്നുനിന്ന സ്ഥാനക്കയറ്റം, എഡിറ്റർ പോസ്റ്റോടുകൂടി ലഭിച്ചു. പ്രശസ്തമായ 'ഗാന്ധിമാർഗ്ഗം' തുടർച്ചയായി 18 വർഷം അദ്ദേഹം അവതരിപ്പിച്ചു. ആകാശവാണിയിൽനിന്ന് പൂർണ്ണ ആനുകൂല്യങ്ങളോടെ പിരിഞ്ഞ ആദ്യ ഉദ്യോഗസ്ഥനും അക്കിത്തമാണ്.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചില വരികൾ ശ്രദ്ധിക്കുക-

"നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പിവലിക്കുന്നു നരവർഗ്ഗ
നവാതിഥി."

"തോക്കിനും വാളിനുംവേണ്ടി
ചെലവിട്ടോരിരുമ്പുകൾ
ഉരുക്കിവാർത്തെടുക്കാവൂ
ബലമുള്ള കലപ്പകൾ."

"ഒരു കണ്ണീർക്കണം മറ്റുള്ള
വർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിൽ
ആയിരം സൗരമണ്ഡലം."

അൻപത്തഞ്ചു കൃതികൾ രചിച്ചതിൽ നാല്പത്തഞ്ചും കവിതാസമാഹാരങ്ങളാണ്. അനേകം രാജ്യാന്തരയാത്രകൾ നടത്തിയിട്ടുള്ള കവി, ഒരു യാത്രാവിവരണവും എന്തുകൊണ്ടോ എഴുതിയിട്ടില്ല എന്നത് നിരാശയ്ക്കു വകനല്കുന്നു. 'വെളിച്ചം ദുഃഖമാണുണ്ണി' എന്ന ഒറ്റവരിയിൽ അദ്ദേഹത്തെ ഊടുപാടു വിമർശിച്ചവർപോലുമുണ്ട്. ഇരുട്ടിന്റെ കവിയെന്ന് അവർ ഒരുവേള വിളിച്ചത് കഥയറിയാതെയുള്ള ആട്ടം കാണലായിരുന്നു; കവിതയുടെ അന്തഃസത്ത മനസ്സിലാക്കാതെയായിരുന്നു.

■

### പ്രധാന കൃതികളിൽ ചിലത്

ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം, നിമിഷനേത്രം, വെണ്ണക്കല്ലിന്റെ കഥ, ഇടിഞ്ഞുപൊളിഞ്ഞലോകം, ബലിദർശനം, കളിക്കൊട്ടിലിൽ, സമത്വത്തിന്റെ ആകാശം, സ്പർശമണികൾ, മനഃസാക്ഷിയുടെ പൂക്കൾ, മാനസപൂജ, പണ്ടത്തെ മേശാന്തി, മധുവിധു തുടങ്ങിയ പദ്യകൃതികൾ, അവതാളങ്ങൾ, കാക്കപ്പൊന്നുകൾ ഇവ സമാഹാരങ്ങളാണ്. ഹൃദയത്തിലേക്കു നോക്കിയെഴുതൂ, ഉപനയനം, കവിതയിലെ വൃത്തവും ചതുരവും എന്നിവ ഗദ്യകൃതികളാണ്. 'ഈ ഏട്ടത്തി നുണ പറയുന്നു' എന്നൊരു നാടകവും അദ്ദേഹത്തിന്റെ പേരിലുണ്ട്. ഏഴു വർഷത്തെ നിരന്തരപരിശ്രമത്താൽ 2002 ൽ ഭാഗവത വിവർത്തനം നടത്തി.

### ലഭിച്ച അവാർഡുകൾ, പുരസ്കാരങ്ങൾ

കേരളസാഹിത്യഅക്കാദമി വിശിഷ്ടാംഗത്വം (1972), കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് (1973), ഓടക്കുഴൽ അവാർഡ് (1974), എഴുത്തച്ഛൻ പുരസ്കാരം (2009, 2016), ഒ.എൻ.വി. പുരസ്കാരം, പദ്മശ്രീ (2017), സഞ്ജയൻ പുരസ്കാരം (1952), പദ്മപ്രഭ പുരസ്കാരം (2002), അമൃതകീർത്തി പുരസ്കാരം (2004), വയലാർ അവാർഡ് (2012), പുത്തൂർ പുരസ്കാരം, അവസാനം ജ്ഞാനപീഠം (2019).

ഭാര്യ: പരേതയായ ശ്രീദേവി അന്തർജ്ജനം. മക്കൾ: പാർവ്വതി അന്തർജ്ജനം, ഇന്ദിര അത്രശ്ശേരിമന, അക്കിത്തം വാസുദേവൻ ശ്രീജ (സംഗീതാധ്യാപിക), ലീല ഇക്കാട്ടുമന, അക്കിത്തം നാരായണൻ.

# തിരുവിതാംകൂറിന്റെ ഝാൻസിറാണി

വിളക്കുമരം



ഡോ. സിറിയക് തോമസ്

അക്കാമ്മ ചെറിയാനെ തിരുവിതാംകൂറിന്റെ ഝാൻസിറാണിയെന്നു പ്രകീർത്തിച്ചത് സാക്ഷാൽ മഹാത്മാഗാന്ധിയാണ്. 1938 ൽ 28 വയസു മാത്രമുണ്ടായിരുന്ന അക്കാമ്മ ഒരു ലക്ഷം സ്റ്റേറ്റ് കോൺഗ്രസ് വോളന്റിയർമാരുമായി രാജകൊട്ടാരം വളഞ്ഞ് മഹാരാജാവിനെ ഉപരോധിച്ച് പട്ടം താണുപിള്ളയുൾപ്പെടെ ദിവാൻ അന്യായത്തടങ്കലിൽവച്ചിരുന്ന സ്റ്റേറ്റ് കോൺഗ്രസ് നേതാക്കന്മാരെയെല്ലാം മോചിപ്പിക്കുന്നതിനു രാജാവിനെക്കൊണ്ട് കല്പന ഇറക്കിച്ചു. ഈ വാർത്ത അറിഞ്ഞപ്പോഴാണ് ഗാന്ധിജി അക്കാമ്മയെ 'ഹിയർ അനദർ ഝാൻസി റാണി ഫ്രം ട്രാവൻകൂർ' എന്നു പ്രശംസിച്ചത്.

കാഞ്ഞിരപ്പള്ളിയിലെ വളരെ പ്രശസ്തമായ കരിപ്പാപ്പറമ്പിൽ കുടുംബത്തിൽ അക്കാലത്തെ ഒരു കർഷകപ്രഭുവായിരുന്ന ചെറിയാന്റെ മകളായി 1909 ഫെബ്രുവരി 15 നായിരുന്നു അക്കാമ്മയുടെ ജനനം. ബി.എ. എൽ.ടി. പാസായി. ആദ്യനിയമനം കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് സ്കൂളിൽ ഹെഡ്മിസ്ട്രസ് ആയിട്ടായിരുന്നു. മൂന്നുവർഷം കഴിഞ്ഞപ്പോൾ രാജിവച്ച് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്കിറങ്ങി.

ദേശാഭിമാനിയും ദേശീയവാദിയുമായിരുന്നു പിതാവ് ചെറിയാൻ സ്റ്റേറ്റ് കോൺഗ്രസ് അനുഭാവിയായിരുന്നു. അങ്ങനെയാണ് അദ്ദേഹത്തിന്റെ മക്കളും സ്വാതന്ത്ര്യസമരത്തിലേക്കു വരുന്നത്.

രാജകൊട്ടാരത്തിനുമുമ്പിൽ അവരെ തടയാൻ സർക്കാർ കുതിരപ്പട്ടാളത്തെവരെ ഇറക്കിയിട്ടും അക്കാമ്മ അസാധാരണധൈര്യത്തോടെയാണ് ജനങ്ങളെ നയിച്ചത്. ഒരു തുറന്ന ജീപ്പിൽ ഖാദിവസ്ത്രങ്ങളും ഗാന്ധിത്തൊപ്പിയും ധരിച്ച് ജനലക്ഷങ്ങളെ ആവേശഭരിതരാക്കിക്കൊണ്ട് രാജകൊട്ടാരത്തിലേക്കു നീങ്ങിയ ജാഥയെ അന്നത്തെ ഇംഗ്ലീഷുകാരനായ പോലീസ് കമ്മീഷണർ തടഞ്ഞു. 'അൺലെസ് യു ഡിസ്പേഴ്സ് യുവർ പീപ്പിൾ നൗ, ഐ വിൽ ബി ഫോഴ്സ്ഡ് ടു ഫയർ അറ്റ് ദെം' എന്നു ധാർഷ്ട്യത്തോടെ ആജ്ഞാപിച്ചപ്പോൾ, അക്കാമ്മ കമ്മീഷണറോട് വെടി പൊട്ടുന്നതുപോലെ, 'മിസ്റ്റർ കമ്മീഷണർ, യു വോണ്ട് ബി ഏബിൾ ടു ടച്ച് എനി വൺ ഓഫ് മൈ പീപ്പിൾ ഹിയർ അൺലെസ് യു ഫയർ അറ്റ് മീ ഫസ്റ്റ്' എന്നു ഗർജ്ജിച്ചു. കുതിരപ്പട്ടാളത്തെ നിലത്തു കിടക്കുന്നവർക്കു നേരേ ഓടിച്ചാൽ ഒട്ടേറെ രക്തസാക്ഷികളുണ്ടാകുമെന്നു തീർച്ചയായതോടെ കമ്മീഷണർ രാജാവിനെക്കണ്ട് സ്ഥിതിയുടെ ഗൗരവം ധരിപ്പിച്ചു. തന്റെ പ്രജകൾക്കു ജീവഹാനി വരുന്നതിനെക്കാൾ നല്ലത് അവരുടെ നേതാക്കളെ ജയിൽമോചിതരാക്കുന്നതാണെന്ന് മഹാരാജാവു കല്പിച്ചതോടെ അക്കാമ്മ ചെറിയാൻ തിരുവിതാംകൂറിന്റെ ആധുനിക രാഷ്ട്രീയചരിത്രത്തിലെ ഒരു ഇതിഹാസനായികയായി മാറി.

പിന്നീടും പലതവണ അക്കാമ്മ ചെറിയാൻ സർക്കാരുമായി ഏറ്റുമുട്ടുകയും ചില അവസരങ്ങളിൽ തടവിലാക്കപ്പെടുകയുമുണ്ടായി. അതൊന്നും അവരെ ഒട്ടും ഭയപ്പെടുത്തിയുമില്ല.

1952 ലെ പൊതുതിരഞ്ഞെടുപ്പുവന്നപ്പോൾ തനിക്കു വീണ്ടും നിയമസഭയിലേക്കു മത്സരിക്കാൻ താത്പര്യമില്ലെന്നും പാലാ ഉൾപ്പെട്ട മീനച്ചിൽ ലോക്സഭാമണ്ഡലത്തിൽ മത്സരിച്ചാൽ കൊള്ളാമെന്നുണ്ടെന്നും അക്കാമ്മ പാർട്ടിനേതൃത്വത്തെ ധരിപ്പിച്ചെങ്കിലും എന്തുകൊണ്ടോ പി.ടി. ചാക്കോയ്ക്കാണ് ടിക്കറ്റ് നൽകിയത്. തിരുവനന്തപുരം മണ്ഡലത്തിൽ ടിക്കറ്റിന് അപേക്ഷിച്ച മിസ് ആനി മസ്ക്രീനും പാർട്ടി ടിക്കറ്റ് നിഷേധിക്കുകയായിരുന്നു. പട്ടത്തിന്റെ ആശീർവാദത്തോടെ മിസ് മസ്ക്രീൻ അവിടെ സ്വതന്ത്രയായി മത്സരിച്ചു ജയിച്ചു. അക്കാമ്മ എം.എൽ.എ. ടിക്കറ്റ് സ്വീകരിച്ചതുമില്ല. പക്ഷേ, അവരെ പ്രകോപിപ്പിച്ചത് 1953 ൽ കാരണമൊന്നും പറയാതെ പി.ടി. ചാക്കോ എം.പി. സ്ഥാനം രാജിവച്ച ഒഴിവിലും പാർട്ടി ടിക്കറ്റിനപേക്ഷിച്ചപ്പോൾ തനിക്കു വീണ്ടും അതു നിഷേധിച്ചതാണ്. അത്തവണ ജോർജ് തോമസ് കൊട്ടുകാപ്പള്ളിയെയാണ് പാർട്ടി സ്ഥാനാർത്ഥിയാക്കിയത്. അക്കാമ്മയുടെ ആത്മാഭിമാനത്തിന് വല്ലാതെ മുറിവേല്പിച്ച ഒരു നടപടിയായിരുന്നു അത്.

വൈകിയാണെങ്കിലും ഇതിനിടെ അക്കാമ്മയുടെ വിവാഹവും നടന്നിരുന്നു. സ്വാതന്ത്ര്യസമരനേതാവും എം.എൽ.എ. യുമായിരുന്ന വി.വി. വർക്കിയാണ് അക്കാമ്മയെ വിവാഹം ചെയ്തത്. അതോടെ അവർ അക്കാമ്മ വർക്കിയായി. മീനച്ചിൽ ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ അവർ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിക്കാൻ ആദ്യം തയ്യാറായിരുന്നില്ലെങ്കിലും പിന്നീട് സഹോദരി റോസമ്മ പുന്നൂസും സഹോദരീഭർത്താവ് പി.ടി. പുന്നൂസും ഉൾപ്പെടെയുള്ള ഒട്ടേറെ നേതാക്കളുടെ പ്രേരണയും സമ്മർദ്ദവും വന്നതോടെ അക്കാമ്മ വഴങ്ങുകയായിരുന്നു. എന്നാൽ, നാമനിർദ്ദേശപത്രിക നൽകി ഒരാഴ്ചയ്ക്കകം ആരോഗ്യപരമായ കാരണങ്ങൾകൊണ്ട് അക്കാമ്മയെ ആദ്യപ്രസവത്തിനു വെല്ലൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചതുകൊണ്ട് തിരഞ്ഞെടുപ്പു പ്രചാരണത്തിൽ അവർക്കു പങ്കെടുക്കാൻ കഴിഞ്ഞതുമില്ല. എന്നിട്ടും അവർ തീ പാറുന്ന മത്സരം തന്നെ കാഴ്ചവച്ചു എന്നതാണ് ഓർമ്മിക്കേണ്ടത്.

മീനച്ചിൽപോലെ കോൺഗ്രസിന്റെ ഒരു ശക്തികേന്ദ്രത്തിൽ അവർ കോൺഗ്രസിനെതിരേ വലിയ വെല്ലുവിളി ഉയർത്തിയെന്നതാണ് യാഥാർത്ഥ്യം. സഭയും പ്രബല നായർ-ക്രിസ്ത്യൻ സമുദായങ്ങളും മനോരമയും ദീപികയും ദേശബന്ധുവും ഉൾപ്പെടെയുള്ള പത്രങ്ങളും പാലാ സെൻട്രൽ ബാങ്കും കൊട്ടുകാപ്പള്ളിക്കു പിന്നിൽ നിലകൊണ്ടു. കാഞ്ഞിരപ്പള്ളിയിലെതന്നെ ചില പ്രമുഖ കുടുംബങ്ങളും എന്തുകൊണ്ടോ അന്ന് അക്കാമ്മയ്ക്ക് എതിർനിലപാടിലായിരുന്നു. അതുകൊണ്ട് അവരും കൊട്ടുകാപ്പള്ളിയെ പിന്തുണച്ചു. സമ്പന്നകുടുംബങ്ങൾ തമ്മിൽ വരാവുന്ന ശീതസമരങ്ങളും അന്ന് ഒരുപക്ഷേ, അതിനു കാരണമായിരിക്കണം. സ്റ്റേറ്റ് കോൺഗ്രസിൽ അക്കാമ്മ ചെറിയാന്റെ നേതൃപദവിക്കു തടയിടുന്നതിനുവേണ്ടി ഇവരെല്ലാംചേർന്ന് പി.ടി. ചാക്കോയെ മുമ്പിൽ നിർത്താൻ ശ്രമിക്കുന്നുവെന്ന തോന്നലും അക്കാമ്മയ്ക്ക് അന്നേ ഉണ്ടായിരുന്നിരിക്കണം.

1952 ൽ പി.ടി. ചാക്കോയെക്കൊണ്ട് മീനച്ചിൽ പാർലമെന്റ് മണ്ഡലത്തിൽ ടിക്കറ്റിന് അപേക്ഷിച്ചതിനു പിന്നിലും ചിലർക്ക് തന്നോടുള്ള വ്യക്തിപരമായ വൈരമാണ് കാരണമെന്ന് അവർ സംശയിച്ചിരുന്നു. പക്ഷേ, ഉപതിരഞ്ഞെടുപ്പിലെ ടിക്കറ്റ് നിഷേധത്തിന് എ.ജെ. ജോണും ടി.എം. വർഗ്ഗീസും കൂടി കൂട്ടുനിന്നുവെന്നത് അക്കാമ്മയെ ആഴത്തിൽ മുറിപ്പെടുത്തി. അക്കാമ്മയ്ക്കു ടിക്കറ്റു തന്നാൽ എവിടുന്നു പണമുണ്ടാകുമെന്ന ടി.എം. വർഗീസിന്റെ ചോദ്യം അക്കാമ്മയെ വല്ലാതെ പ്രകോപിപ്പിക്കുകയും ചെയ്തു. ആന ചിഹ്നത്തിലായിരുന്നു അക്കാമ്മ മത്സരിച്ചത്. നുകംവച്ച കാളകൾ കൊട്ടുകാപ്പള്ളിക്കും. ജയം കൊട്ടുകാപ്പള്ളിക്കായി. അക്കാമ്മ സജീവരാഷ്ട്രീയത്തിൽനിന്നു പിന്മാറുകയും ചെയ്തു.

വലിയ സാമ്പത്തികബാധ്യതയാണ് തിരഞ്ഞെടുപ്പുവകയിൽ അക്കാമ്മയ്ക്കുണ്ടായത്. ഉണ്ടായിരുന്ന വസ്തുകൂടി വിറ്റാണ് കടങ്ങൾ വീട്ടിയതും. ചിറക്കടവിൽ ചെറിയ ഒരു രണ്ടു മുറി വീട്ടിലായിരുന്നു പിന്നീടു താമസം. ഭർത്താവിന്റെ മരണവും അവർക്ക് ആഘാതമായി. ഏക മകൻ ജോർജിന്റെ വിദ്യാഭ്യാസത്തിനായി പിന്നീട് അവർ തിരുവനന്തപുരത്തിനു താമസം മാറ്റുകയായിരുന്നു.



അക്കാമ്മ ചെറിയാൻ

അക്കാമ്മ കാഞ്ഞിരപ്പള്ളി ചിറക്കടവിൽ താമസിക്കുന്ന കാലത്ത് ഒരിക്കൽ അവരെ അവിടെ ചെന്നു കണ്ട കാര്യം എന്റെ ഓർമ്മയിലുണ്ട്. 1971 ൽ ജ്യേഷ്ഠൻ ജോർജുകുട്ടിയുടെ വിവാഹത്തിന് അവരെ ക്ഷണിക്കാൻ അമ്മ എന്നെ പറഞ്ഞയച്ചതായിരുന്നു. മിക്കവരെയും കത്തും കാർഡും വഴിയാണ് കല്യാണം വിളിച്ചതെങ്കിലും അക്കാമ്മയെ ചെന്നു ക്ഷണിക്കണമെന്ന് അമ്മ നിർബന്ധം പറഞ്ഞു. ചിറക്കടവിൽ ചെന്നു പലരോടു ചോദിച്ചാണ് വീടു കണ്ടുപിടിച്ചത്. എനിക്കു വീണ്ടും സംശയമായി. മതിലോ ഗെയിറ്റോ ഇല്ല. വെട്ടുകല്ലുകൊണ്ടു പണിതു പുറംഭിത്തി വെള്ളപോലും തേക്കാത്ത രണ്ടു മുറിയും വരാന്തയും അടുക്കളയുമായുള്ള ഝാൻസിറാണിയുടെ കൊട്ടാരം!

നാലുപാളിയുള്ള തടിയുടെ ഒരു സെക്കന്റ് ഹാൻഡ് കതകാണതെന്ന് ഒറ്റ നോട്ടത്തിലറിയാം. ഞാൻ കതകിൽ മുട്ടി. മെലിഞ്ഞ് മുടിയൊക്കെ മിക്കവാറും വെളുത്ത് അല്പം മുഷിഞ്ഞ ഒരു ഖദർ മുണ്ടും ചട്ടയും ധരിച്ച് അക്കാമ്മ ചെറിയാൻ. സ്നേഹഭാവത്തിലവർ ചിരിച്ചു. ഞാൻ കൈകൂപ്പി നമസ്തേ പറഞ്ഞപ്പോൾ കയറിയിരിക്കാൻ പറഞ്ഞു. റാണിയുടെ ദർബാറിൽ ഒരു ബെഞ്ചും രണ്ടു സ്റ്റൂളും. ഞാൻ ബെഞ്ചിലിരുന്നപ്പോൾ അതിന്റെ അങ്ങേത്തലയ്ക്കൽ അവരും ഇരുന്നു. ആന്റീ, ഞാൻ പാലായിൽനിന്നാണ് എന്നു പറഞ്ഞപ്പോൾ അവർ എന്നെ സൂക്ഷിച്ചുനോക്കി. നീ ആർ.വി.യുടെ മകനാണോ എന്നു ചോദിച്ചു. അതേ എന്നു പറഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. അമ്മേച്ചി ആന്റിയെ പ്രത്യേകം ക്ഷണിക്കാൻ എന്നെ വിട്ടതാണെന്നു പറഞ്ഞപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞു. നിന്റെ അമ്മയെങ്കിലും എന്നെ ഓർത്തല്ലോ എന്നു പറഞ്ഞുകൊണ്ട് അമ്മയുടെ ആരോഗ്യസ്ഥിതി ആരാഞ്ഞു. താനിപ്പോൾ ഒരിടത്തും പോകാറില്ലെന്നും മിസ്സിസ് ആർ.വി. യോടതു പ്രത്യേകം പറയണമെന്നും പറഞ്ഞു. ഞാൻ യാത്ര പറഞ്ഞെഴുന്നേറ്റപ്പോൾ നിൽക്കാൻ പറഞ്ഞുകൊണ്ട് അവർ കതകുപോലുമില്ലാത്ത ഭിത്തി അലമാരയിൽ ഉള്ള ഒന്നുരണ്ടു ടിന്നുകൾ തുറന്നു നോക്കി. ഒന്നും വേണ്ട എന്നു പറഞ്ഞപ്പോൾ, 'കുഞ്ഞേ, നിനക്ക് ഒരു കപ്പ് കാപ്പി തരണമെന്ന് ഉണ്ടായിരുന്നു, ഒരു സ്പൂൺ പഞ്ചസാരപോലുമില്ലല്ലോ' എന്നു സങ്കടം പറഞ്ഞപ്പോൾ വീണ്ടും അവരുടെ കണ്ണുകൾ നനഞ്ഞു. പിതൃസ്വത്തായിക്കിട്ടിയ മുഴുവൻ റബർത്തോട്ടങ്ങളും മറ്റു പുരയിടങ്ങളും പറമ്പുകളുമെല്ലാം സ്വാതന്ത്ര്യസമരത്തിന്റെ അഗ്നിയിൽ ഹോമിച്ച, തനിക്കു നേരേ വച്ചു നീട്ടപ്പെട്ട മന്ത്രിപദംപോലും സ്വന്തം സഹപ്രവർത്തകയ്ക്കു വേണ്ടി ഉപേക്ഷിച്ച രാഷ്ട്രീയസംശുദ്ധിയുടെ ആ ആൾരൂപം തന്റെ വീട്ടിൽ വന്ന സ്വാതന്ത്ര്യസമരകാലസഹപ്രവർത്തകന്റെ മകന് ഒരു കപ്പ് കാപ്പി കൊടുക്കുവാൻ ഒരു കയിൽ പഞ്ചസാരയില്ലാതെ കണ്ണുനിറഞ്ഞു നിസ്സഹായയായി നിൽക്കുന്ന ചിത്രം ഇന്നും എന്റെ മനസ്സിൽ മായാതെയുണ്ട്. അഞ്ചുവർഷം മന്ത്രിയായാൽ, മുന്നണിഭേദമില്ലാതെ, അഞ്ചു തലമുറയ്ക്കു സമ്പാദിക്കുന്ന നമ്മുടെ സമകാലികനേതാക്കൾക്ക് അക്കാമ്മ ചെറിയാനെപ്പോലുള്ളവരെ ഒരു അന്യഗ്രഹജീവിയായി തോന്നിയില്ലെങ്കിലേ അതിൽ അദ്ഭുതമുള്ളൂ!

പിന്നത്തെ വർഷം - 1972 ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി വർഷമായി. പാലായിലെ ജൂബിലിയാഘോഷങ്ങൾക്ക് ആരുംതന്നെ കാര്യമായി മുന്നോട്ടുവരാതിരുന്നതുകൊണ്ട് ഗാന്ധി ജന്മശതാബ്ദി കമ്മിറ്റിതന്നെയാണ് അതിനു മുൻകൈ എടുത്തത്. പ്രസിഡന്റ് ആയിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളി അപ്പോഴേക്കും അന്തരിച്ചുകഴിഞ്ഞിരുന്നു. വൈസ് പ്രസിഡന്റ് മറ്റൊരു സ്വാതന്ത്ര്യസമരസേനാനിയായിരുന്ന അഡ്വ. സി.എം. മാത്യു കുരീക്കാട്ട് ആയിരുന്നു. ജനറൽ സെക്രട്ടറിയായി ഞാനും. ഞങ്ങൾ പ്രഫ. കെ.എം. ചാണ്ടി സാറുമായി ആലോചിച്ചപ്പോൾ അദ്ദേഹമാണ് സ്വാതന്ത്ര്യസമരത്തിലെ വനിതകളുടെ ത്യാഗത്തെക്കുറിച്ചുള്ള അനുസ്മരണവും ആദരവും ആകാമെന്ന നിർദ്ദേശം മുന്നോട്ടുവച്ചത്. അക്കാമ്മ ചെറിയാനെ ചീഫ് ഗസ്റ്റ് ആക്കിയാലോ എന്നു ഞാൻ ചോദിച്ചപ്പോൾ ചാണ്ടിസാറും അതു സമ്മതിച്ചു. സാർതന്നെ അധ്യക്ഷനാവണമെന്നു പറഞ്ഞപ്പോൾ

ശേഷം 13-ാം പേജിൽ

ദീപനാളം

ESTD-1968

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**ജ്ഞാനത്തിൽ മനസ്സുറപ്പിച്ചു ബുദ്ധിപൂർവം ചിന്തിക്കുന്നവൻ അനുഗൃഹീതൻ.**

**പ്രഭാഷകൻ 14:20**

**എഡിറ്റോറിയൽ**

# ആദർശരാഷ്ട്രീയം അധികാരത്തിനു വഴിമാറുമ്പോൾ

**കേ**രളം തിരഞ്ഞെടുപ്പുഗോദായിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന സന്ദർഭമാണിത്. ത്രിതലപഞ്ചായത്തുകളിലേക്കും വൈകാതെ നിയമസഭയിലേക്കും ജനഹിതാനുസാരം ഭരണസംവിധാനങ്ങൾക്കു രൂപം കൊടുക്കുന്ന തിരഞ്ഞെടുപ്പുകളാണു വരാനിരിക്കുന്നത്. ജനനന്മയും പൊതുക്ഷേമവും ഉറപ്പുവരുത്തുന്ന മെച്ചപ്പെട്ട ഒരു ഭരണസംവിധാനത്തിനു രൂപംകൊടുക്കാൻ നമ്മുടെ രാഷ്ട്രീയപ്പാർട്ടികൾക്കും മുന്നണിസംവിധാനങ്ങൾക്കും കഴിയുന്നുണ്ടോ എന്ന് ജനാധിപത്യവിശ്വാസികൾ ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ട സമയമാണിത്.

ഗാന്ധിജിയെപ്പോലുള്ള മഹത്തുക്കൾ സ്വപ്നംകണ്ട ആദർശരാഷ്ട്രീയം അധികാരത്തിനു വഴിമാറിയതാണ് ഇന്നത്തെ രാഷ്ട്രീയജീർണതയ്ക്കാധാരമെന്നു തോന്നുന്നു. പണവും പവറുമുണ്ടെങ്കിൽ (money politics and power politics) ഭരണം കൈയാളാനുള്ള യോഗ്യതയായി എന്ന ധാരണയ്ക്കാണു തിരുത്തുവേണ്ടത്. പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അകലം കുറയുന്നിടത്താണ് രാഷ്ട്രീയം സത്യസന്ധവും മൂല്യാധിഷ്ഠിതവുമാകുന്നത്. അന്നന്നുവേണ്ട അന്നത്തിനായി എല്ലുമുറിയെ പണിയെടുക്കുന്ന പാവപ്പെട്ടവരുടെ വിശപ്പിനു സമാധാനം പ്രഖ്യാപിക്കുന്ന രാഷ്ട്രീയ അജൻഡകളും വികസനനയങ്ങളുമുണ്ടായാൽ ജനം രാഷ്ട്രീയമുന്നണികളെ കൈയടിച്ചു സ്വീകരിക്കും. മറിച്ചായാൽ രാഷ്ട്രീയപ്പാർട്ടികളെക്കൊണ്ടും നേതാക്കന്മാരെക്കൊണ്ടും ജനം പൊറുതിമുട്ടുകതന്നെ ചെയ്യും.

ജനാധിപത്യത്തിന്റെ അടിസ്ഥാനം 'ജനം' എന്ന യാഥാർത്ഥ്യമാണ്. ഈ അടിസ്ഥാനയാഥാർത്ഥ്യത്തെ വിലകുറച്ചു കാണാനോ രണ്ടാംകിടയായി എഴുതിത്തള്ളാനോ ഒരു രാഷ്ട്രീയനേതാവിനുമാവില്ല. രാഷ്ട്രീയപ്പാർട്ടികളുടെ അജൻഡയിൽ അങ്ങനെയൊരു നയമുണ്ടാകാനും പാടില്ല. ജനം യജമാനനാണെന്ന രാഷ്ട്രീയസൈദ്ധാന്തികതയെ വെല്ലുവിളിക്കാനോ ചോദ്യം ചെയ്യാനോ ആർക്കുമാവില്ല. അധികാരത്തിന്റെ അപ്പക്കഷണങ്ങൾ ആസ്വദിച്ച് കൊടിവച്ച കാറിൽ ചീറിപ്പായുന്ന രാഷ്ട്രീയ ഏമാന്മാർ, അധികാരവും പദവിയുമെല്ലാം ജനസേവനത്തിനുള്ള അംഗീകാരങ്ങളും അവസരങ്ങളുമാണെന്നു ധരിച്ചാൽ നന്ന്. പണാധികാരത്തിനു ദാസ്യവേല ചെയ്ത് അഴിമതിക്കു കൂട്ടുനില്ക്കുന്ന രാഷ്ട്രീയത്തൊഴിലാളികളായി നേതാക്കന്മാർ അധഃപതിക്കുമ്പോഴാണ് ജനം കല്ലെറിയേണ്ടിവരുന്നത്.

വോട്ടവകാശം ഒരു പൗരന്റെ രാഷ്ട്രീയധർമ്മമാണെന്നു തിരിച്ചറിയുന്നപക്ഷമെങ്കിലും നമ്മുടെ സമ്മതിദാനാവകാശത്തിനു വിലപേശാൻ ആരെയും അനുവദിക്കാതിരിക്കണം. മനസ്സാക്ഷിസ്വാതന്ത്ര്യത്തോടെ, പേടിയോ പ്രീതിയോ കൂടാതെ, ഓരോ പൗരനും അവന്റെ വോട്ടധികാരത്തെ വിനിയോഗിക്കാനുള്ള ആർജ്ജവമുണ്ടായേ പറ്റൂ. വോട്ടിനു വിലപേശുന്ന തിരഞ്ഞെടുപ്പുകാലത്തെ കച്ചവടരാഷ്ട്രീയതന്ത്രങ്ങളെ ഒന്നിച്ചെതിർക്കുന്ന കാലം വരണം.

ജനനേതാക്കന്മാർ പരസ്പരം പോരടിക്കുമ്പോൾ ബലിയാടാവുന്നത് പാവം അണികളാണ്. സുരക്ഷിതതാവളങ്ങൾ തേടി നേതാക്കന്മാർ അവസരരാഷ്ട്രീയം കളിക്കുമ്പോഴും വോട്ടു ചെയ്യാൻ മാത്രം വിധിക്കപ്പെട്ട ജനസാമാന്യത്തിന്റെ അരക്ഷിതാവസ്ഥയെക്കുറിച്ചു ചിന്തിക്കാനാരുണ്ട്? നാളിതുവരെ പാലിച്ചുപോന്ന രാഷ്ട്രീയനയങ്ങളും സമവാക്യങ്ങളും പെട്ടെന്നൊരു സുപ്രഭാതത്തിൽ തിരുത്തിപ്പറയേണ്ടി വരുമ്പോൾ, അന്ധാളിച്ചു വീർപ്പുമുട്ടുന്ന ജനമനസ്സിനു സ്ഥാനമെവിടെ? ജനാധികാരത്തിനു വിലയെവിടെ?

സ്വാർത്ഥതയെ പൂജിക്കുന്ന അധികാരരാഷ്ട്രീയത്തിൽനിന്ന് അപരനെ ആദരിക്കുന്ന മൂല്യാധിഷ്ഠിതരാഷ്ട്രീയത്തിലേക്കു നമുക്കു ചുവടുവയ്ക്കാം. ഹിംസയുടെ രാഷ്ട്രീയത്തെ താലോലിക്കുന്ന ചാനൽചർച്ചകൾക്കും പെരുമാറ്റരീതികൾക്കുമപ്പുറം സകലരെയും സാഹോദര്യത്തിൽ കോർത്തിണക്കുന്ന സാമൂഹികസൗഹൃദസംസ്കാരം നമുക്കു വളർത്താം.

ഫ്രാൻസീസ് മാർപാപ്പായുടെ മൂന്നാമത്തെ ചാക്രികലേഖനമായ 'ഫ്രത്തെല്ലി തൂത്തി' (സർവ്വരും സഹോദരർ) ലോകം ജിജ്ഞാസയോടെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന സന്ദർഭമാണിത്. ചാക്രികലേഖനത്തിന്റെ അഞ്ചാമധ്യായം മെച്ചപ്പെട്ട ഒരു രാഷ്ട്രീയസംവിധാനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പൊതുനന്മ (Common good) കുറെയാളുകളുടെ മാത്രമല്ല, സകലരുടെയും ക്ഷേമം ലക്ഷ്യം വയ്ക്കുന്നതും ഉറപ്പുവരുത്തുന്നതുമാകണമെന്ന് പാപ്പാ അടിവരയിട്ടു പറയുന്നു. സാഹോദര്യത്തിലൂന്നിയുള്ള സംശുദ്ധമായ ഒരു ജനാധിപത്യഭരണക്രമത്തിന് 'ഫ്രത്തെല്ലി തൂത്തി'യും അതിലെ ചിന്താധാരകളും സകല വോട്ടർമാർക്കും സ്ഥാനാർത്ഥികൾക്കും സഹായകമാകട്ടെ എന്നാഗ്രഹിക്കുന്നു.

□

## കവിതപോലെ മനോഹരം



**പ്രതികരണം**

ദീപനാളം വാരികയുടെ കെട്ടും മട്ടും മികച്ച നിലവാരം പുലർത്തുന്നു. മുൻപേജിലെ കളർ ഫോട്ടോകൾ മനോഹരവും വ്യക്തത നിറഞ്ഞതുമാണ്. ഇതു വായനയ്ക്കു പ്രേരണ നല്കുന്നു. വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങുകൾ എല്ലാം ഏറെ ഹൃദ്യം. സമകാലികസംഭവങ്ങളെ ആഴത്തിൽ വേണ്ടവിധം പഠിച്ച് അയത്നലളിതശൈലിയിൽ അവതരിപ്പിക്കുന്ന മുഖലേഖനങ്ങൾ വാരികയുടെ മാറ്റുകൂട്ടുന്നു. അഗസ്ത്യായനം (നോവൽ) തുടക്കംമുതൽ കവിതപോലെ മനോഹരമായി. ദീപനാളം ലോകത്തിന്റെ നാളമായി മാറട്ടെ.

**സ്ളിജു**
**മനയ്ക്കപ്പടി**

## പംക്തികൾ ഹൃദ്യം

ദീപനാളത്തിലെ പംക്തികൾ ഏറെ ജീവദായകവും പ്രയോജനപ്രദവുമാണ്. വിജ്ഞാനശാഖയ്ക്ക് ഏറെ പ്രാമുഖ്യം നൽകുന്ന അണിയറശില്പികൾക്ക് അനുമോദനങ്ങൾ. എഴുത്തുകാരെല്ലാം ഡോക്ടറേറ്റ് നേടിയവരും പ്രമുഖരും. പദവികളുടെ വലുപ്പമുള്ളവരോ വിദ്യാഭ്യാസത്തിന്റെ കൊടുമുടി കയറിയവരോ അല്ലാത്തവരെയും ഉൾപ്പെടുത്താം. കഥകൾക്കും കവിതകൾക്കും നെറ്റിൽനിന്നുമുള്ള ചിത്രങ്ങൾ എടുക്കാതെ ആർട്ടിസ്റ്റുകളെക്കൊണ്ടു വരപ്പിച്ചാൽ നന്നായിരുന്നു. വാരികയിലെ നോവൽ 'അഗസ്ത്യായനം' മികച്ച നിലവാരം പുലർത്തി. സംഭവങ്ങൾ കൺമുമ്പിൽ കാണുന്ന പ്രതീതി. നോവലിന്റെ അവസാന അധ്യായങ്ങൾ ഏറെ കൗതുകത്തോടെയാണു വായിച്ചത്.

**ജോസ് പി. ജോസഫ്**
**കടുത്തുരുത്തി**

## അതിക്രമത്തെ അഭിനന്ദിക്കുന്ന ഭരണാധികാരികൾ

തിരുവനന്തപുരത്തു കഴിഞ്ഞദിവസങ്ങളിൽ നടന്ന സൈബർ അതിക്രമങ്ങളും കായികമായി നടന്ന പ്രത്യാക്രമണത്തിലെ തെറിയഭിഷേകവും ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു. ഇരുകൂട്ടരെയും അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരണങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പ്രതികരണങ്ങൾ ഏറെയും വികാരങ്ങളിലധിഷ്ഠിതമായ പക്ഷംപിടിക്കലുകളായിരുന്നു. ഹീനവും അരോചകവുമായിരുന്നു സൈബർ പോസ്റ്റുകളെങ്കിൽ, നാട്ടിലെ സർവനിയമവ്യവസ്ഥകളെയും കാറ്റിൽ പറത്തുന്ന ഹുങ്കായിരുന്നു തെറിയഭിഷേകത്തിൽ അരങ്ങേറിയ വനിതാ പ്രത്യാക്രമണം. കൈയേറ്റം ലൈവായി ലോകത്തെ കാണിക്കാൻ മുതിർന്ന ഇവരുടെ ധാർഷ്ട്യത്തെ അഭിനന്ദിച്ച ഭരണാധികാരികൾ സ്വയം മുഖത്തു തുപ്പുകയായിരുന്നു. അവരിൽ ചിലർ ഇരിക്കുന്ന സ്ഥാനങ്ങളുടെ പരിമിതികൾ ശരിക്കും മറന്നു, അവരുടെ പ്രതികരണം കുറ്റകരവുമാണ്.

പ്രതികരിക്കാൻ ന്യായമായ വഴികൾ തിരഞ്ഞെടുത്തിരുന്നെങ്കിൽ ലോകം മുഴുവൻ ഈ വനിതകളെ ബഹുമാനിക്കുമായിരുന്നു. പകരം തെറിയഭിഷേകത്തിൽ സർവശോഭയും കെട്ടുപോയ കിരാതമർദ്ദനമാണ് ലോകദൃഷ്ടിയിൽ അവർ കാഴ്ചവച്ചത്. ലോകം മുഴുവൻ കാണിച്ചുകൊടുത്ത അവരുടെ ആ പ്രവൃത്തി നാടിനു തന്നെ ലജ്ജാകരം.

അതിനെ അഭിനന്ദിച്ച വ്യവസ്ഥാപിതഭരണകൂടപ്രതിനിധികൾ നാടിനു നാണക്കേടുണ്ടാക്കുന്നു. സൈബർ അതിക്രമങ്ങൾ നടത്തിയ വ്യക്തിയും തിരിച്ചാക്രമിച്ചവരും സമൂഹത്തിനു നൽകിയ ദുർമാതൃകയ്ക്കു മാപ്പില്ല. ഈ സംഭവത്തെക്കുറിച്ചുണ്ടായ പ്രതികരണങ്ങൾ ഏറെയും ഏകപക്ഷീയമായിപ്പോയതാണു ഏറ്റവും വേദനാജനകവും നിരാശപ്പെടുത്തുന്നതും. ഈ വിഷയത്തിൽ ഇരുകൂട്ടരുടെയും ഇരുവരെയും പിന്തുണച്ചവരുടെയും നിലപാടു നിരാശപ്പെടുത്തുന്നതാണ്. സമൂഹനന്മയാഗ്രഹിക്കുന്നവർ വ്യക്തമായും ശക്തമായും ഇനിയെങ്കിലും കാര്യഗൗരവം മനസ്സിലാക്കി പ്രതികരിക്കണം.

## നരകിക്കുന്ന കുടുംബങ്ങൾ

കൊവിഡ്-സ്വർണ്ണക്കടത്ത്-കൊല-ആത്മഹത്യാ വാർത്തകൾ കണ്ടും കേട്ടും മാസങ്ങളായി ഭവനങ്ങളിൽ ചടഞ്ഞിരിക്കുന്ന വൃദ്ധജനങ്ങളും കുട്ടികളും നരകയാതനകൾ അനുഭവിക്കുകയാണ്.

അനുദിനകൊവിഡ് മരണവാർത്തകൾ കണ്ടു ഭയവിഹ്വലരാകുന്നവർ അക്കൂടെ കാണുന്നതു തെരുവുകളിലെ ഭ്രാന്തൻ ലാത്തിയടികളും വെള്ളം ചീറ്റിക്കലുമാണ്.

വീടുകളിൽ അടയ്ക്കപ്പെട്ട്, പട്ടിണിയിലും മറ്റു കുടുംബസംഘർഷങ്ങളിലും പെട്ടുഴലുന്ന അവശവിഭാഗക്കാർക്ക് രാപകൽ ചാനലുകളിൽ കാണുന്ന ഈ ദൃശ്യങ്ങൾ അസഹ്യമാണ്. ഇപ്പോൾ നടക്കുന്ന രാഷ്ട്രീയ പോർവിളികൾ നാടുനയിക്കുന്നവരുടെ തനിസ്വരൂപം കാണിക്കുന്നു. ലജ്ജയും ഞെട്ടലും ഉണ്ടാക്കുന്നു.

കൊവിഡ് സഹിക്കാം, ഈ പരിതോവസ്ഥകൾ താങ്ങാവുന്നതല്ല. നാട്ടിലെ മത-സാമൂഹിക-സാംസ്കാരികചിന്തകർ ജനരക്ഷയ്ക്കായി ഒന്നും തന്നെ ചെയ്തു കാണുന്നില്ല. ഈ നിസ്സഹായാവസ്ഥ വല്ലാതെ വേദനിപ്പിക്കുന്നില്ലേ. സഹോദരങ്ങളേ?

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# അറബൈക്യത്തിന്റെ പ്രതീകം






പ്രഫ. ചാണ്ടി സഖറിയാസ്

എ.ഡി. 642 ൽ അറബികൾ ഈജിപ്റ്റ് കീഴടക്കി ഭരണമാരംഭിച്ചു. ഇതിനുമുമ്പുള്ള ഒരു കാലഘട്ടത്തിൽ ക്രിസ്തുമതവും ഈജിപ്റ്റിൽ പ്രചരിച്ചിരുന്നു. വിസ്മരിക്കപ്പെട്ട ഈജിപ്ഷ്യൻ ഭാഷയ്ക്കുപകരം പ്രാദേശിക അറബിഭാഷ പ്രചാരത്തിലായി. വലിയ സന്നാഹങ്ങളോടും ദീർഘവീക്ഷണത്തോടും കുടിനെപ്പോളിയൻ നടത്തിയ ആക്രമ


അബ്ദുൾ നാസർ

ണവും (1798-1801) പരാജയപ്പെടുകയാണു ചെയ്തത്. പക്ഷേ, ഈജിപ്റ്റിന്റെ പൗരാണികസംസ്കാരത്തിന്റെ അദ്ഭുതലോകത്തിലേക്കു വാതിൽതുറന്നത് ഫ്രഞ്ച് ആക്രമണമവും അന്നു കണ്ടെടുത്ത റോസറ്റാ സ്റ്റോൺ പോലുള്ള ചരിത്രരേഖകളുമായിരുന്നു. ബ്രിട്ടീഷുകാരുടെ അധിനിവേശം 1882 ൽ ആരംഭിച്ചു. പക്ഷേ, ഈജിപ്റ്റ് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നില്ല. കുറെക്കാലം ഒരു ആശ്രിതരാജ്യമായി നിലകൊണ്ടു 1922 വരെ. പിന്നീടു സ്വാതന്ത്ര്യം പ്രാപിച്ച് രാജഭരണത്തിനു കീഴിലായി. എങ്കിലും 1956 വരെ ബ്രിട്ടീഷ് സാന്നിധ്യവും സൈന്യവും തുടർന്നു. പിന്നീട് നാസർവരെ രാജഭരണമായിരുന്നു.

**നാസർ**

കെയ്റോയിലെ പിരമിഡുപോലെയും അലക്സാണ്ട്രിയായിലെ വിഖ്യാത ലൈറ്റ് ഹൗസുപോലെയും ഈജിപ്റ്റിന്റെ രാഷ്ട്രീയസാംസ്കാരികചക്രവാളത്തിലേക്കു തലയുയർത്തിനിന്ന് പ്രകാശം പരത്തിയ വ്യക്തിയായിരുന്നു പ്രധാനമന്ത്രിയും പിന്നീട് 1956-1970 വരെ പ്രസിഡണ്ടുമായിരുന്ന അബ്ദുൾ നാസർ.

1918 ൽ അലക്സാണ്ട്രിയായിലെ ഒരു പോസ്റ്റ് ഓഫീസ് ജീവനക്കാരന്റെ മകനായി മൺകട്ട കെട്ടിയ ഒരു കുടിലിൽ ജനിച്ച നാസർ കെയ്റോയിലെ വിദ്യാഭ്യാസത്തിനുശേഷം ഈജിപ്ഷ്യൻ മിലിട്ടറി ഓഫീസറാകുകയായിരുന്നു. ചെറുപ്പംമുതലേ അധികാരകേന്ദ്രങ്ങളോട് എതിർപ്പു പ്രകടിപ്പിച്ചിരുന്ന നാസർ 1952 ൽ നടന്ന രക്തരഹിത പട്ടാളവിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്ത് പ്രധാനമന്ത്രിയാവുകയും പിന്നീട് പ്രസിഡന്റുപദവി അലങ്കരിക്കുകയുമായിരുന്നു.

പുരോഗമനവാദിയും സാമൂഹികപരിഷ്കർത്താവും ആകാൻ ആഗ്രഹിച്ച അദ്ദേഹം ഒരു സോഷ്യലിസ്റ്റ് അറബ് സ്റ്റേറ്റിനു രൂപം കൊടുക്കുകയായിരുന്നു. യുഗോസ്ലാവിയായിലെ മാർഷൽ ടിറ്റോയോടും ജവഹർലാൽ നെഹ്റുവിനോടും ചേർന്ന് ചേരിചേരാപ്രസ്ഥാനത്തിനു രൂപംകൊടുക്കുകയും മൂന്നാം ലോകനേതാക്കളിൽ ഒരാളായി വളരെ പെട്ടെന്നു അറിയപ്പെടുകയും ചെയ്തു. സ്ത്രീകൾക്കു വോട്ടവകാശം ഉൾപ്പെടെയുള്ള പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി.

എന്നാൽ, അദ്ദേഹത്തിന്റെ ഹിമാലയൻ പ്രോജക്ട് 1970 ൽ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തും സോവിയറ്റ് നേതാവുമായ ക്രൂഷ്ചേവ് നല്കിയ റഷ്യൻ സാമ്പത്തികസഹായത്തോടെ നൈൽ നദിയിൽ നിർമ്മിച്ച അസ്വാൻ അണക്കെട്ടായിരുന്നു. നൈലിന്റെ മഹാജലപ്രവാഹത്തെ തടഞ്ഞുനിർത്തിക്കൊണ്ട് അണക്കെട്ടു തീർത്ത ലെയ്ക്ക് നാസർ തടാകത്തിന് 480 കി. മീ. നീളവും 16 കി. മീ. വീതിയുമുണ്ട്. നൂറ്റാണ്ടുകളായി ജലത്തിനുവേണ്ടി ദാഹിച്ചുകിടന്നിരുന്ന സഹാറ മരുഭൂമിയുടെ അകത്തളങ്ങൾ ഈർപ്പമണിഞ്ഞു. ഒരു ലക്ഷത്തോളം ഏക്കർ ഭൂമി കൃഷിയുക്തമായി. ഈജിപ്റ്റിന്റെ ഗ്രാമാന്തരങ്ങളിൽ അവിടെനിന്നുള്ള വൈദ്യുതിവെളിച്ചവും ഊർജ്ജവുമെത്തിച്ചു.

അതിനുമുമ്പേതന്നെ 1956 ൽ നാസർ സൂയസ് കനാൽ ദേശസാത്കരിച്ചിരുന്നു. ഇത് ബ്രിട്ടനും ഫ്രാൻസും ഇസ്രായേലുമായി ഒരു യുദ്ധത്തിനു വഴിതെളിച്ചു. അപ്പോഴേക്കും നാസർ ഈജിപ്റ്റിന്റെ കിരീടം വയ്ക്കാത്ത ചക്രവർത്തിയും അറബ് ലോകത്തിലെ ആരാധ്യപുരുഷനുമായിത്തീർന്നു. പക്ഷേ, 1967 ലെ യുദ്ധത്തിൽ ഈജിപ്റ്റും സഖ്യകക്ഷികളായ ജോർദ്ദാനും സിറിയയും ഇസ്രായേലിനോടു ദയനീയമായി തോറ്റു. എങ്കിലും നാസർ ഈജിപ്തുകാരുടെ കണ്ണിൽ മുടിചൂടാമന്നനും അറബ് ഐക്യത്തിന്റെ പ്രതീകവുമായിത്തുടർന്നു. എങ്കിലും 22 രാജ്യങ്ങൾ ചേർന്ന് 1945 ൽ തുടങ്ങിയ അറബ് ലീഗ് യഥാർത്ഥശക്തിയായി വളർത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ഈജിപ്റ്റിന്റെയും അറബ് ലോകത്തിന്റെയും കരുത്തുറ്റ നേതാവാകേണ്ടിയിരുന്ന നാസർ ഹൃദയാഘാതം മൂലം 50-ാം വയസ്സിൽ 1970 ൽ മരിച്ചു. ലോകത്തിന് ഒരു വലിയ നേതാവും ഈജിപ്റ്റിന് അവരുടെ രക്ഷകനും നഷ്ടപ്പെട്ടു. പിന്നീട് പ്രസിഡണ്ടായ അൻവർ സാദത്ത് കുറെ വർഷങ്ങൾക്കുശേഷം കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമി ഹോസ്നി മുബാറക് ദീർഘകാലം പ്രസിഡണ്ടായി ഭരിച്ചുവെങ്കിലും അറബ് വസന്തത്തിനുശേഷം സ്ഥാനഭ്രഷ്ടനായി കുറ്റാരോപിതനായി ജയിലിൽ അടയ്ക്കപ്പെട്ടു. പുതിയ ഭരണഘടനയും രണ്ടു സഭകളുള്ള പാർലമെന്റുമുള്ള ഈജിപ്റ്റിലെ ഇപ്പോഴത്തെ പ്രസിഡന്റ് അബ്ദുൾ ഫത്ത അൽസിസിയാണ്.

(തുടരും)

# സഫലമീ സാരഥ്യം

**ദൈ**വത്തിന്റെ വരങ്ങളും കൃപകളും വളരെയധികം ലഭിച്ച് അത് മറ്റുള്ളവരിലേക്കു പകർന്നുനല്കിയ ഒരു ശ്രേഷ്ഠജന്മമാണ് സിറ്റർ പെലാജിയ എസ്.എച്ച്. അമ്പതു വർഷത്തോളം തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പെലാജിയാമ്മ കോൺഗ്രിഗേഷന്റെ വളർച്ചയ്ക്ക് നിർണായകമായ നേതൃത്വമാണ് കാഴ്ച വച്ചത്.

കോതമംഗലം രൂപതയിൽ ആരക്കുഴ ഇടവകയിൽ തെക്കേപ്പറമ്പിൽ വർക്കി - അന്നമ്മ ദമ്പ


സി. പെലാജിയ എസ്.എച്ച്.

തികളുടെ നാലാമത്തെ പുത്രിയായി 1936 ൽ ഏലിക്കുട്ടി എന്ന സിസ്റ്റർ പെലാജിയ ജനിച്ചു.

1961 ൽ ഫിസിക്സിൽ ബിരുദാനന്തരബിരുദം നേടിയ പെലാജിയമ്മ 1962 ൽ ചങ്ങനാശേരി അസംപ്ഷൻ കോളജിൽ ലക്ചററായി ഔദ്യോഗികജീവിതം ആരംഭിച്ചു. പിന്നീട് സെന്റ് തോമസ് കോളജിലെ ഒരു വർഷത്തെ അധ്യാപനത്തിനുശേഷം നീണ്ട മുപ്പത്തിരണ്ടു വർഷം പാലാ അൽഫോൻസാ കോളജിൽ ലക്ചറർ, പ്രഫസർ, ഡിപ്പാർട്ട്മെന്റ് മോധാവി, വൈസ് പ്രിൻസിപ്പാൾ, പ്രിൻസിപ്പാൾ തുടങ്ങിയ വിവിധ തസ്തികകളിൽ നിസ്തുലമായ സേവനമനുഷ്ഠിച്ചു. മൂന്നു വർഷം എം.ജി. യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗമായിരുന്നു.

ആരും അന്യരോ അപരിചിതരോ അല്ല, പരസ്പരം സഹോദരീസഹോദരന്മാരാണ് എന്നു പഠിപ്പിക്കുന്ന പെലാജിയമ്മ കനിവിന്റെ മേമ്പൊടി ചേർത്ത് മൃദുവായ സ്വരത്തിൽ തിരുത്തലുകൾ കൊടുത്ത് സകലരെയും ചേർത്തുപിടിക്കും. എല്ലാവരെയും ദൈവപിതാവിന്റെ സ്നേഹസാഗരത്തിൽ മുക്കിയെടുക്കാനുള്ള അമ്മയുടെ അലിവിന്റെ ആഴം അപാരമാണ്. ഉചിതമായ പെരുമാറ്റരീതികളും അന്യരോടുള്ള പരിഗണനയുമാണ് സംസ്കാരവും കുലീനത്വവുമെന്ന് പെലാജിയമ്മ പഠിപ്പിച്ചു. ദീർഘവീക്ഷണമുള്ള വിദ്യാഭ്യാസവിചക്ഷണ, പ്രഗല്ഭയായ സംഘാടിക, കാരുണ്യവും ദാനശീലവും കൈമുതലാക്കിയ സന്ന്യാസിനി തുടങ്ങിയവയെല്ലാം പെലാജിയമ്മയുടെ തന്മയുള്ള വ്യക്തിത്വത്തിന്റെ വിശേഷണങ്ങളാണ്.

1973 ൽ തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ ജനറൽ കൗൺസിലറായി പെലാജിയമ്മ തിരഞ്ഞെടുക്കപ്പെട്ടു. സന്ന്യാസിനീസമൂഹം പൊന്തിഫിക്കൽ പദവിയിൽ എത്തിയശേഷം പാലാ എസ്എച്ച് പ്രൊവിൻസിന്റെ ആദ്യത്തെ പ്രോവിൻഷ്യൽ സുപ്പീരിയറായി. വീണ്ടും രണ്ടു തവണ പ്രൊവിൻഷ്യൽ സുപ്പീരിയറായും വികാർ പ്രോവിൻഷ്യലായും കർമ്മനിരതയായി. അതോടൊപ്പംതന്നെ കൗൺസിലർ, ജൂനിയർ മിസ്ട്രസ്, ലോക്കൽ സുപ്പീരിയർ, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു.

തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ എന്ന നിലയിൽ 1988 മുതൽ 2006 വരെയുള്ള പെലാജിയമ്മയുടെ സേവനങ്ങൾ നാമകരണനടപടികളുടെ വിജയത്തിൽ സവിശേഷമായ പങ്കുവഹിച്ചു. ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനെ സംബന്ധിച്ച, 'ഇടയസ്വപ്നം പൂവണിഞ്ഞപ്പോൾ' (മലയാളം), 'Shepherd's Dream' (English), 'ധന്യമീ ജീവിതം' തുടങ്ങിയ പുസ്തകങ്ങളുടെ രചന നിർവ്വഹിച്ച പെലാജിയമ്മ, എസ്എച്ച് സമൂഹത്തിന്റെ ബൃഹത്തായ ചരിത്രഗ്രന്ഥങ്ങൾ - 'എസ് എച്ച് ജനറലേറ്റ് ചരിത്രവഴികളിലൂടെ', 'സമർപ്പിത പാതയിൽ' - എന്നിവയും രചിച്ചു. എസ്എച്ച് സമൂഹത്തിന്റെ ഭൗതികനേട്ടങ്ങളിലും പെലാജിയമ്മ ശ്രദ്ധാലുവായിരുന്നു. മഠങ്ങളും അനുബന്ധസ്ഥാപനങ്ങളും പണികഴിപ്പിക്കുന്നതിനും അമ്മ നേതൃത്വം കൊടുത്തു.

വിദ്യാഭ്യാസപ്രേഷിതത്വത്തിന് ജീവിതം സമർപ്പിച്ച പെലാജിയമ്മ ഇപ്പോൾ കൊട്ടാരമറ്റം ശാന്തി റിട്ടയർമെന്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്നു. മറ്റുള്ളവരെ ചിന്തിപ്പിക്കാനും രസിപ്പിക്കാനുമുള്ള അമ്മയുടെ പാടവം അനിതരസാധാരണമാണ്. എല്ലാറ്റിലും നന്മ കാണുവാനും മറ്റുള്ളവരെ വളർത്തുവാനും സദാ ശ്രദ്ധിക്കുന്നു. ദൈവവിളിയുടെ സാക്ഷാത്കാരത്തിനു മുൻതൂക്കം നല്കി പ്രാർത്ഥനയിലും നിസ്വാർത്ഥ സേവനത്തിലും വ്യാപൃതയായ ഈ ബ്രഹ്മചാരിണിയുടെ ജീവിതം ഒരു വിസ്മയംതന്നെയാണ്.

□


*ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെക്കുറിച്ചുള്ള പ്രഥമ നോവൽ 'അഗസ്ത്യായനം' പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി വികാരി ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിനു നൽകി പ്രകാശനം ചെയ്യുന്നു. നോവലിസ്റ്റ് ഗിരീഷ് കെ. ശാന്തിപുരം, ദീപനാളം മാനേജിംഗ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ദീപനാളം അസോസിയേറ്റ് എഡിറ്റർ ഫാ. ജോസഫ് തെരുവിൽ, വൈസ് പോസ്റ്റുലേറ്റർ ഫാ. ഡോ. സെബാസ്റ്റ്യൻ നടുത്തടം എന്നിവർ വേദിയിൽ.*

# കേരളരാഷ്ട്രീയത്തിൽ മാറ്റങ്ങളുടെ കാലം






ഡോ. കുര്യാസ് കുമ്പളക്കുഴി

**കേ**രളരാഷ്ട്രീയത്തിൽ മുന്നണിസമവാക്യങ്ങൾ മാറ്റിയെഴുതപ്പെടുകയാണ്. ഐക്യജനാധിപത്യമുന്നണിയിലെ പ്രമുഖ കക്ഷി കേരളാകോൺഗ്രസ് (എം) ജോസ് കെ. മാണി വിഭാഗത്തെ മുന്നണിയിൽനിന്നു പുറത്താക്കുകയും അവർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനമെടുക്കുകയും ചെയ്തുകഴിഞ്ഞു.

2011 ലെ നിയമസഭാതിരഞ്ഞെടുപ്പിൽ യുഡിഎഫ് 71 സീറ്റിലും എൽഡിഎഫ് 69 സീറ്റിലുമാണ് വിജയിച്ചത്. അന്ന് കേരളാകോൺഗ്രസ് (എം)ന് ഒമ്പത് എം.എൽ.എ. മാരുണ്ടായിരുന്നു. ആ പാർട്ടി മുന്നണിയിലുണ്ടായിരുന്നില്ലെങ്കിൽ എൽഡിഎഫ് തുടർഭരണം ഉറപ്പാക്കുമായിരുന്നു.

2016 ൽ യുഡിഎഫിനു ഭരണം നഷ്ടമായപ്പോഴും കേരളാകോൺഗ്രസ് (എം)ന് ആറ് എംഎൽഎമാരുണ്ടായിരുന്നു. 2011 ലെ വിജയം ആവർത്തിച്ചില്ലെങ്കിലും, ശക്തമായ ഭരണവിരുദ്ധവികാരം മറികടന്ന് സ്വന്തം ജനകീയാടിത്തറ സംരക്ഷിക്കാൻ അവർക്കു കഴിഞ്ഞു എന്നതാണു ശ്രദ്ധിക്കേണ്ടത്.

2016 ൽ യുഡിഎഫിന്റെ പരാജയം ഉറപ്പാക്കിയതു രണ്ടു വിവാദങ്ങളാണ്. സരിതവിവാദവും കോഴവിവാദവും. ആദ്യത്തേത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരെയും രണ്ടാമത്തേത് ധനമന്ത്രി കെ.എം. മാണിക്കെതിരെയും ആയിരുന്നു.

2014 ഒക്ടോബർ 31 ന് കേരളത്തിലെ ഒരു പ്രമുഖ ന്യൂസ് ചാനലാണ് ബാർ കോഴ വിവാദത്തിനു തീകൊളുത്തിയത്. അതിനു പിന്നിൽ ഭരണകക്ഷിയായ കോൺഗ്രസിലെതന്നെ ചില നേതാക്കളായിരുന്നു എന്ന് അടക്കിപ്പിടിച്ച സംസാരമുണ്ടായിരുന്നു. കെ.എം. മാണിയെയും അദ്ദേഹത്തിന്റെ പാർട്ടിയായ കേരളാകോൺഗ്രസ് (എം)നെയും തകർക്കുകയായിരുന്നത്രേ അവരുടെ ലക്ഷ്യം. അതെന്തായാലും, വിവാദത്തിൽ അടിപതറിയ കെ.എം. മാണി പിടിച്ചുനില്ക്കാനാവാതെ 2015 നവംബർ 10 നു രാജിവച്ചിറങ്ങി.


ഉണങ്ങാത്ത മുറിവു മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് കെ.എം. മാണി അന്നു സെക്രട്ടറിയേറ്റിന്റെ പടിയിറങ്ങിയത്. പതിറ്റാണ്ടുകളായി ഒപ്പം നിന്നവർ തനിക്കുവേണ്ടി ഇങ്ങനെയൊരു കെണിയൊരുക്കുമെന്ന് അദ്ദേഹം സ്വപ്നത്തിൽപോലും കരുതിയിട്ടുണ്ടാവില്ല. ബാർ കോഴവിവാദത്തിന്റെ പിന്നിൽ അരങ്ങേറിയ ഉപജാപങ്ങളെക്കുറിച്ചു പഠിക്കാൻ പാർട്ടി ഒരു അന്വേഷണക്കമ്മീഷനെ നിയോഗിച്ചിരുന്നു. ആ ദൗത്യം അവർ ഒരു സ്വകാര്യ കുറ്റാന്വേഷണസംവിധാനത്തെ ഏല്പിക്കുകയാണു ചെയ്തത്. 2016 മാർച്ചിൽ അവരുടെ റിപ്പോർട്ടു തയ്യാറാവുകയും ചെയ്തു.

ഈ റിപ്പോർട്ട് പാർട്ടിനേതൃത്വത്തെ ഞെട്ടിക്കുകതന്നെ ചെയ്തു. അതിന്റെ പ്രതികരണവും താമസിയാതെ ഉണ്ടായി. 2016 ഓഗസ്റ്റ് 10 ന് കേരളാ കോൺഗ്രസ് ഐക്യജനാധിപത്യമുന്നണിയോടു വിടപറഞ്ഞു. പക്ഷേ, ഇടയ്ക്കുവച്ച് ഈ നിലപാടിൽ വീണ്ടും മാറ്റമുണ്ടായി. അതിനു കാരണമായത് ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പായിരുന്നു.

2018 മെയ് 21 ന് ഉമ്മൻ ചാണ്ടി, പി.കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, എം.എം. ഹസ്സൻ എന്നീ യുഡിഎഫ് നേതാക്കൾ പാലായിൽ കെ.എം. മാണിയുടെ വീട്ടിലെത്തി. യുഡിഎഫിലേക്കു മടങ്ങിവരണമെന്നും ചെങ്ങന്നൂരിൽ യുഡിഎഫ് സ്ഥാനാർത്ഥിക്കു പിന്തുണ നല്കണമെന്നും അവർ അഭ്യർത്ഥിച്ചു.

കെ.എം. മാണി വഴങ്ങി. നീറുന്ന ഓർമ്മകൾ ഉള്ളിലൊതുക്കിക്കൊണ്ടുള്ള തീരുമാനം അദ്ദേഹത്തിന് എത്ര ദുസ്സഹമായിരുന്നിരിക്കണം? പക്ഷേ, അദ്ദേഹത്തിന്റെ അനുയായികൾക്ക് ഒന്നും മറക്കാൻ കഴിയുമായിരുന്നില്ല. ചെങ്ങന്നൂരിലെ എൽഡിഎഫ് സ്ഥാനാർത്ഥിയുടെ വൻഭൂരിപക്ഷ(20956 വോട്ട്)ത്തോടെയുള്ള വിജയം അതാണ് വ്യക്തമാക്കുന്നത്.





ഇവിടെ കേരളാകോൺഗ്രസിന്റെ ചരിത്രത്തിലേക്കുള്ള ഒരു പിൻനോട്ടം അനിവാര്യമായി വരുന്നു. 1964ൽ ആ പാർട്ടി രൂപംകൊണ്ടത് കോൺഗ്രസിലുണ്ടായ പിളർപ്പിലൂടെയാണ്. മധ്യതിരുവിതാംകൂറിലെ ഏറ്റവും ശക്തനായ കോൺഗ്രസ് നേതാവ് പി.ടി. ചാക്കോയെ മരണാനന്തരവും അപമാനിച്ചു എന്നു തിരിച്ചറിഞ്ഞ അദ്ദേഹത്തിന്റെ അനുയായികളായ 15 എം.എൽ.എ. മാർ ചേർന്നു രൂപംകൊടുത്ത രാഷ്ട്രീയകക്ഷിയാണ് കേരളാ കോൺഗ്രസ്.

ഇത്തരമൊരു പുതിയ പാർട്ടിയുടെ രൂപീകരണത്തിന് അനുകൂലമായ രാഷ്ട്രീയസാമൂഹികസാഹചര്യവും അന്ന് കേരളത്തിലുണ്ടായിരുന്നു. കേരളത്തോടുള്ള നിരന്തരമായ കേന്ദ്രാവഗണന, ഭൂരിപക്ഷം വരുന്ന ഇടത്തരം കർഷകരെ അവഗണിക്കുന്ന രാഷ്ട്രീയനിലപാടുകൾ, അഭിജാതവിഭാഗങ്ങൾക്കു കോൺഗ്രസും അവർണസമൂഹങ്ങൾക്കു കമ്യൂണിസ്റ്റുപാർട്ടിയും സംരക്ഷണം ഉറപ്പാക്കിയപ്പോൾ ക്രൈസ്തവ-നായർ-സമുദായങ്ങളിലെ അധ്വാനവർഗ്ഗത്തിനു രാഷ്ട്രീയസംരക്ഷണം ഇല്ലാതെവന്ന അവസ്ഥ. ഇതിനൊരു പരിഹാരമാകും പുതിയ പാർട്ടി എന്ന പ്രതീക്ഷ കേരളത്തിലെ മധ്യവർഗ്ഗത്തെ കേരളാകോൺഗ്രസിൽ അഭയം കണ്ടെത്താൻ നിർബന്ധിതരാക്കി. അങ്ങനെയാണ് കേരളാകോൺഗ്രസ് പെട്ടെന്നു വളർച്ച നേടിയത്.

ഈ പ്രതീക്ഷ സഫലമാക്കിക്കൊണ്ട് കേരളാകോൺഗ്രസ് ഒട്ടൊക്കെ മുന്നേറിയെങ്കിലും പാർട്ടിക്കുള്ളിൽ തുടരെയുണ്ടായ അധികാരവടംവലികളും തന്മൂലമുള്ള പിളർപ്പുകളും ലക്ഷക്കണക്കിനുവരുന്ന പാർട്ടി അണികളെ നിരാശരാക്കി. പിളർന്നുണ്ടാകുന്നതു പിന്നെയും പിളർന്നുകൊണ്ടേയിരിക്കും എന്ന ജൈവസ്വഭാവം അഥവാ അമീബിക് പ്രക്രിയ അന്വർത്ഥമാക്കുന്നതായിരുന്നു ഈ അനുഭവം. പാർട്ടിയുടെ കാര്യത്തിൽ അതൊരു ജൈവപ്രക്രിയയായിരുന്നില്ല മാനുഷികവിക്രിയ മാത്രമായിരുന്നു.

ഇതിനുപിന്നിൽ കൗതുകകരമായ മറ്റൊരു രാഷ്ട്രീയവസ്തുതകൂടിയുണ്ട്. പാർട്ടിയിലെ ഓരോ പിളർപ്പിന്റെയും പിന്നിൽ, പ്രമുഖ കക്ഷിയായ കോൺഗ്രസിന്റെ കറുത്ത കരങ്ങളുണ്ട് എന്ന് കേരളാകോൺഗ്രസുകാർ വിശ്വസിച്ചുപോന്നു. 1965 ലെ തിരഞ്ഞെടുപ്പിനുശേഷം, വിളിച്ചുചേർക്കാതെതന്നെ നിയമസഭ പിരിച്ചുവിട്ടതുമുതൽ അതാരംഭിച്ചിരുന്നു എന്നും അവർക്കു പരാതിയുണ്ട്.

തങ്ങൾക്കു വളരാൻ കോൺഗ്രസ് സഹായിക്കണം എന്ന് കേരളാകോൺഗ്രസ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതിനെക്കാൾ വലിയ രാഷ്ട്രീയ മടയത്തരം വേറെന്താണുള്ളത്? ഒരു രാഷ്ട്രീയകക്ഷി തകർന്നാലേ തങ്ങൾക്കു വളരാൻ കഴിയൂ എന്നു മറ്റൊരു രാഷ്ട്രീയകക്ഷിക്കു തോന്നിയാൽ, അവർ അതിനുള്ള തന്ത്രങ്ങൾ മെനയും. അതു രാഷ്ട്രീയഅധാർമ്മികതയല്ല, രാഷ്ട്രീയതന്ത്രം മാത്രമാണ്. അതിനെ അതിജീവിക്കാൻ മറുതന്ത്രങ്ങൾ മെനയുകയാണ് മറുകക്ഷി ചെയ്യേണ്ടത്. അല്ലാതെ നിലവിളിക്കുകയല്ല.

ഇക്കാര്യത്തിൽ കേരളാകോൺഗ്രസ് പരാജയപ്പെട്ടു എന്നതാണു ചരിത്രവസ്തുത. 1979 ൽ നെടുകെ പിളർന്നശേഷം, ഒരേ മുന്നണിയിൽത്തന്നെ കുറെക്കാലം തമ്മിൽത്തല്ലി കഴിഞ്ഞുവെങ്കിലും 1987 മുതൽ ഇരുവിഭാഗവും വ്യത്യസ്തമുന്നണികളുടെ ഭാഗമായി മാറി. മാണി വിഭാഗം യുഡിഎഫിലും ജോസഫ് വിഭാഗം എൽഡിഎഫിലും.

ഇതോടെ പാർട്ടിക്കു നഷ്ടപ്പെട്ടതു ചലനാത്മകതയാണ്. മുന്നണികൾ നല്കുന്ന സുരക്ഷിതത്വത്തിന്റെ തണലിൽ കേരളാകോൺഗ്രസ് വിഭാഗങ്ങൾ അസ്തിത്വപ്രതിസന്ധി നേരിട്ടത് അവർ തിരിച്ചറിയാതെ പോയി. ഭരണപക്ഷത്തും പ്രതിപക്ഷത്തും അവർ മാറിമാറി ഇരിപ്പുറപ്പിച്ചു. ഈ ആലസ്യത്തിനിടയിൽ തങ്ങളിൽ പ്രതീക്ഷയർപ്പിച്ച കർഷകരുടെയും അധ്വാനവർഗ്ഗത്തിന്റെയും സമുദായങ്ങളുടെയും താത്പര്യങ്ങൾ അവർ മറന്നുപോയി.

ഇതിനു ലഭിച്ച ശിക്ഷയാണ് കേരളാകോൺഗ്രസുകൾ നേരിട്ട രാഷ്ട്രീയാപചയം. ചലനം ജീവന്റെ ലക്ഷണമാണ്. ചലനാത്മകത്വം നഷ്ടപ്പെട്ട ഒരു ജൈവഘടകത്തിനും വളരാൻ കഴിയില്ല.

വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പ്രസ്ഥാനമെന്ന് കെ.എം. മാണി കേരളാകോൺഗ്രസിനു നർമ്മമധുരമായ ഒരു നിർവചനം നല്കിയിട്ടുണ്ടെങ്കിലും 1979 നു ശേഷം പാർട്ടി പിളർന്നിട്ടേയുള്ളൂ, വളർന്നിട്ടില്ല എന്നതാണു യാഥാർത്ഥ്യം.

രാഷ്ട്രീയത്തിൽ സ്ഥിരമിത്രങ്ങളും സ്ഥിരശത്രുക്കളുമില്ല എന്ന താത്ത്വികനിരീക്ഷണത്തിലും കഴമ്പുണ്ട്. എന്നും ഒരേ കൂട്ടുകെട്ടിൽ കഴിയുന്ന ഒരു കക്ഷിക്കും വളർച്ചയുണ്ടാവില്ല. കാലഘട്ടത്തിന്റെ ആവശ്യങ്ങളനുസരിച്ചു കാലോചിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു മുന്നേറാൻ അവർക്കു കഴിയണം.

ഇക്കാര്യത്തിലും കേരളാകോൺഗ്രസിനു ചുവടുപിഴച്ചു. കർഷകത്തൊഴിലാളി പെൻഷൻമുതൽ കാരുണ്യപദ്ധതിവരെയുള്ള ഒട്ടേറെ ക്ഷേമപരിപാടികളിലൂടെ കേരളജനതയുടെ ഹൃദയത്തിൽ ഇടംനേടാൻ കെ.എം. മാണിക്കു കഴിഞ്ഞെങ്കിലും അവയുടെ റോയൽറ്റികൊണ്ടു പാർട്ടിയെ വളർത്തിയെടുക്കാൻ അദ്ദേഹത്തിനു കഴിയാതെപോയി.

ഇതിനു കാരണം കേരളാകോൺഗ്രസിനെ ബാധിച്ച നേതൃനിശ്ചലതയാണ്. ഒരേ വ്യക്തികൾതന്നെ പതിറ്റാണ്ടുകളോളം സ്ഥാനങ്ങൾ കൈവശം വച്ചാൽ പിന്നാലെ വരുന്നവർക്കെങ്ങനെയാണു പ്രവർത്തിക്കാനും നേതൃശക്തികൾ പ്രയോജനപ്പെടുത്താനും അവസരം ലഭിക്കുക? യഥാവസരം തിരഞ്ഞെടുപ്പുകൾ നടത്തുകയും ഭാരവാഹികൾ മാറിമാറി വരികയും ചെയ്തെങ്കിലേ ഏതു രാഷ്ട്രീയപ്രസ്ഥാനത്തിനും വളരാൻ കഴിയൂ.

ഇപ്പോൾ ബാർകോഴ ആരോപണം സംബന്ധിച്ച അന്വേഷണറിപ്പോർട്ട് അനൗദ്യോഗികമായിട്ടാണെങ്കിലും വെളിയിൽ വന്നിരിക്കുന്നു. ഇത്രയ്ക്കു രൂക്ഷവും അധാർമ്മികവുമായ ദുരനുഭവങ്ങൾ നേരിട്ടിട്ടും അതെല്ലാം ഒതുക്കിവച്ച് സന്ധിചെയ്യാൻ തയ്യാറാകുന്ന ഒരു രാഷ്ട്രീയപാർട്ടി തകർന്നില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ?

ഈ വസ്തുതകൾ തിരിച്ചറിഞ്ഞതിന്റെ ഫലംകൂടിയാവാം കേരളാകോൺഗ്രസ് (എം) ജോസ് വിഭാഗത്തിന്റെ മുന്നണിമാറ്റം. അതവരുടെ നിലനില്പിന്റെ പ്രശ്നംകൂടിയാണ്. അതുകൊണ്ടുതന്നെ നീതീകരണം അർഹിക്കുന്നു. ഈ മാറ്റത്തെക്കുറിച്ചുള്ള അവകാശവാദങ്ങൾക്കു പ്രസക്തിയില്ല. അതു ജനങ്ങളാണു നിശ്ചയിക്കുന്നത്; ഒപ്പം കാലവും.

□

# അർഹമായ തിരഞ്ഞെടുപ്പുകൾ



സിനിമ

ജോയിഷ് ജോസ്



മലയാളസിനിമയുടെ അമ്പതാമത് അവാർഡ് പ്രഖ്യാപനം ഇത്തവണ വലിയ വിവാദങ്ങളില്ലാതെ കടന്നുപോയി. ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ, വികൃതി എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് സുരാജ് വെഞ്ഞാറമ്മൂട് മികച്ച നടനുള്ള പുരസ്കാരം കരസ്ഥമാക്കി. ബിരിയാണി എന്ന ചിത്രത്തിലൂടെ മികച്ച അഭിനയം കാഴ്ചവച്ച കനി കുസൃതിയാണ് മികച്ച നടി. റഹ്മാൻ സഹോദരങ്ങൾ സംവിധാനം ചെയ്ത വാസന്തിയാണ് മികച്ച ചിത്രം. ജെല്ലിക്കെട്ടിലൂടെ ലിജോ ജോസ് പെല്ലിശേരി മികച്ച സംവിധായകനായി. കുമ്പളങ്ങി നൈറ്റ്സിലെ വില്ലൻ കഥാപാത്രത്തിലൂടെ ഫഹദ് ഫാസിൽ മികച്ച സ്വഭാവനടനായും, ബിരിയാണി എന്ന ചിത്രത്തിലൂടെ സ്വാസിക വിജയ് മികച്ച സ്വഭാവ നടിയായും തിരഞ്ഞെടുക്കപ്പെട്ടു. നിവിൻ പോളി (മൂത്തോൻ), അന്ന ബെൻ (ഹെലൻ), പ്രിയംവദ കൃഷ്ണൻ എന്നിവർ അഭിനയത്തിന് പ്രത്യേക ജൂറി പരാമർശത്തിനും അർഹരായി.

മധു സി. നാരായണന്റെ കുമ്പളങ്ങി നൈറ്റ്സാണ് കലാമൂല്യമുള്ള മികച്ച ജനപ്രിയചിത്രം. ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ ഒരുക്കിയ രതീഷ് പൊതുവാൾ മികച്ച നവാഗതസംവിധായകനുള്ള പുരസ്കാരം നേടി. സുഷിൻ ശ്യാമാണ് മികച്ച സംഗീതസംവിധായകൻ. ചിത്രം കുമ്പളങ്ങി നൈറ്റ്സ്. നടൻ വിനീത് കൃഷ്ണൻ ലൂസിഫർ, മരക്കാർ, അറബിക്കടലിന്റെ സിംഹം എന്നീ ചിത്രങ്ങളിലൂടെ മികച്ച ഡബ്ബിങ് ആർട്ടിസ്റ്റിനുള്ള പുരസ്കാരം നേടി. ഇഷ്ക് എന്ന ചിത്രത്തിലൂടെ കിരൺ ദാസ് മികച്ച എഡിറ്റർക്കുള്ള പുരസ്കാരം നേടി. നജിം അർഷാദാണ് മികച്ച ഗായകൻ. മധുശ്രീ മികച്ച ഗായികയായി. പ്രതാപ് വി. നായരാണ് മികച്ച ഛായാഗ്രാഹകൻ. ഫഹദ്, നസ്രിയ, ദിലീഷ് പോത്തൻ, ശ്യാം പുഷ്കരൻ എന്നിവർ നിർമാതാക്കൾക്കുള്ള പുരസ്കാരം നേടി. ഡോ. സെബാസ്റ്റ്യൻ ജോസഫ്, സുധി സി.ജെ. എന്നിവർ ചേർന്നെഴുതിയ ജെല്ലിക്കെട്ടിന്റെ ചരിത്രപാഠങ്ങൾ എന്ന ലേഖനത്തിന് പ്രത്യേക ജൂറി പരാമർശം. ബിപിൻ ചന്ദ്രന്റെ കോമാളി മേൽക്കൈ നേടുന്ന കാലം മികച്ച ചലച്ചിത്രലേഖനമായി തിരഞ്ഞെടുക്കപ്പെട്ടു.

**അവാർഡ് സിനിമകളിലൂടെ...**

മികച്ച നടൻ - സുരാജ് വെഞ്ഞാറമ്മൂട്

ചിത്രം - ആൻഡ്രോയിഡ് കുഞ്ഞപ്പൻ

സുരാജിന്റെ അഭിനയജീവിതത്തിലെ അവിസ്മരണീയമായ ചിത്രമാണ് 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ. ഒരു ഹ്യൂമനോയിഡിന്റെ കാഴ്ചപ്പാടിലൂടെ ബന്ധങ്ങളെക്കുറിച്ചുള്ള രസകരമായ കഥയാണിത്. ഭാര്യ മരിച്ചതിനുശേഷം വീട്ടിൽ ഒറ്റയ്ക്കായ, പിടിവാശികളും നിർബന്ധങ്ങളുമുള്ള ഭാസ്കരപ്പൊതുവാൾ എന്ന വൃദ്ധനാണ് സുരാജ് വെഞ്ഞാറമ്മൂട് അവതരിപ്പിച്ച കഥാപാത്രം. കമ്പ്യൂട്ടർ എൻജിനീയറായ മകൻ സുബ്രഹ്മണ്യം എവിടെ ജോലി ചെയ്താലും രാത്രിയാകുമ്പോൾ വീട്ടിലെത്തണമെന്നതാണ് അച്ഛന്റെ നിർബന്ധങ്ങളിൽ പ്രധാനം. അച്ഛന്റെ ദുർവാശികൾ നിമിത്തം ആഗ്രഹിച്ചതുപോലെ ജോലി ചെയ്യാനും ജീവിക്കാനും കഴിയാതെ സുബ്രഹ്മണ്യൻ ആൻഡ്രോയ്ഡ് കുഞ്ഞപ്പനെ നാട്ടിലെത്തിക്കുകയാണ്. സുരാജ് വെഞ്ഞാറമ്മൂട് എന്ന നടൻ തന്റെ സ്വതഃസിദ്ധ ശൈലിയെയും മാനറിസങ്ങളെയും അപ്രത്യക്ഷമാക്കി ഭാസ്കരപ്പൊതുവാൾ എന്ന വയോധികനായി അടിമുടി പെർഫോം ചെയ്യുന്നൊരു സിനിമയാണിത്. നരപ്പിച്ച മുടിയുടെയും മുഖത്തെ ചുളിവുകളുടെയും ഇടർച്ചയും പതർച്ചയുമുള്ള ശബ്ദത്തിന്റെയും ആനുകൂല്യത്തിൽ മാത്രമല്ല സുരാജ് വെഞ്ഞാറമ്മൂട് ഭാസ്കരപ്പൊതുവാളിനെ പൂർണതയിലെത്തിക്കുന്നത്. നടപ്പിലും നില്പിലും ചെറുചലനങ്ങളിലും നോട്ടങ്ങളിലും ശരീരഭാഷയിലുമെല്ലാം അടിമുടി പറിച്ചുനടൽ. ഓരോ സിനിമ പിന്നിടുമ്പോഴും പെർഫോർമൻസ്കൊണ്ട് തന്നിലെ അഭിനേതാവിനെ പുതിയ ഉയരത്തിലെത്തിക്കുകയാണ് സുരാജ്. എന്തുകൊണ്ടും ഈ അവാർഡിന് സുരാജ് അർഹനാണെന്നു നമുക്ക് നിസംശയം പറയാം.

മികച്ച നടി - കനി കുസൃതി

ചിത്രം -ബിരിയാണി

കടൽത്തീരത്തു താമസിക്കുന്ന കദീജയ്ക്കും ഉമ്മയ്ക്കും ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവങ്ങൾ കാരണം നാടുവിടേണ്ടിവരുന്നു. അതിനുശേഷമുള്ള അവരുടെ യാത്രയാണ് ഈ ചിത്രത്തിന്റെ പ്രമേയം. കദീജയായി കനി കുസൃതിയും ഉമ്മയായി ശൈലജയും അഭിനയിക്കുന്നു. തീവ്രവാദബന്ധം ആരോപിക്കപ്പെട്ടാൽ ഒരു വ്യക്തിയുടെ കുടുംബം നേരിടേണ്ടിവരുന്ന കനൽവഴികളെപ്പറ്റി വ്യത്യസ്തരീതിയിലെ പ്രമേയം കാഴ്ചവച്ച മലയാളചിത്രമാണ് ബിരിയാണി. കദീജയുടെ വേഷം പകർന്നാടിയ കനി ഈ അവാർഡ് അർഹിച്ചതു തന്നെയാണ്.

മികച്ച ചിത്രം - വാസന്തി

റഹ്മാൻ സഹോദരങ്ങൾ എന്നറിയപ്പെടുന്ന ഷിനോസ് റഹ്മാനും സജാസ് റഹ്മാനും സംവിധാനം ചെയ്ത സിനിമയാണ് വാസന്തി. പരീക്ഷണസിനിമകളോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരേണ്ട സമയം അതിക്രമിച്ചുവെന്ന് ഓർമ്മപ്പെടുത്തുന്ന ചിത്രമാണിത്. വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന ഒരു പെൺകുട്ടിയുടെ അതിജീവനത്തിന്റെ കഥയാണിത്. ഇന്ദിര പാർഥസാരഥിയുടെ ഒരു തമിഴ് നാടകത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടിട്ടുള്ളതാണ് വാസന്തി.

മികച്ച സംവിധായകൻ - ലിജോ ജോസ് പെല്ലിശേരി.

ചിത്രം - ജെല്ലിക്കെട്ട്.

ഫിലിം മേക്കിംഗിന്റെ വേറിട്ട വഴികളിലൂടെ സഞ്ചരിക്കുന്ന, മികച്ച ക്രാഫ്റ്റ്സ്മാൻ എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത സിനിമയാണ് ജെല്ലിക്കെട്ട്. കേരളത്തിലെ മലയോര കുടിയേറ്റഗ്രാമത്തിൽ ഇറച്ചിവെട്ടുകാരൻ വർക്കി (ചെമ്പൻ വിനോദ്) കശാപ്പുചെയ്യാനായി കൊണ്ടു വന്ന പോത്ത് കയറു പൊട്ടിച്ച് ഓടുന്നതും അതിനെ പിടിക്കാനായി ഗ്രാമീണർ നടത്തുന്ന ശ്രമങ്ങളുമാണ് ചിത്രത്തിൻെറ ഇതിവൃത്തം.



അപൂർവ്വമായൊരു സിനിമാനുഭവം സമ്മാനിക്കുന്നഒരു സിനിമയാണിത്. ഭ്രമകല്പനകളുടെ ചുഴിയിൽ ഉലഞ്ഞു മാത്രമേ പ്രേക്ഷകർക്ക് ഈ സിനിമ കഴിയുമ്പോൾ തിയേറ്റർ വിട്ട് ഇറങ്ങാനാവൂ. അത്ര മനോഹരമായാണ് ലിജോ ജോസ് പെല്ലിശേരി സംവിധാനം ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ മികച്ച സംവിധായകനെന്ന പൊൻതൂവൽ ലിജോക്ക് അർഹതപ്പെട്ടതുതന്നെ.

ഛായാഗ്രാഹകനും സംവിധായകനുമായ മധു അമ്പാട്ടായിരുന്നു ഇക്കുറി ജൂറി ചെയർമാൻ. സംവിധായകരായ സലിം അഹമ്മദ്, എബ്രിഡ് ഷൈൻ, ഛായാഗ്രാഹകൻ വിപിൻ മോഹൻ, എഡിറ്റർ എൽ. ഭൂമിനാഥൻ, സൗണ്ട് എൻജിനീയർ എസ്. രാധാകൃഷ്ണൻ, പിന്നണി ഗായിക ലതിക, നടി ജോമോൾ, എഴുത്തുകാരൻ ബെന്യാമിൻ, ചലച്ചിത്ര അക്കാദമി മെമ്പർ സെക്രട്ടറി സി. അജോയ് എന്നിവർ ജൂറി അംഗങ്ങളും. ഇവരുടെ തിരഞ്ഞെടുപ്പുകൾ തെറ്റായിപ്പോയിട്ടില്ല എന്നാണ് ഈ തവണത്തെ അവാർഡുകൾ തെളിയിക്കുന്നത്. □

# അന്യസംസ്ഥാനത്തൊഴിലാളികളില്ല നിർമ്മാണമേഖല സ്തംഭനാവസ്ഥയിൽ



കെ.ജി. രഞ്ജിത്ത്

**തൊ**ഴിലാളികളെ കിട്ടാതെ വന്നതോടെ കേരളത്തിലെ നിർമ്മാണമേഖല കടുത്ത പ്രതിസന്ധിയിൽ. നിർമ്മാണമേഖലയിലെ സ്ഥിരം സാന്നിദ്ധ്യമായിരുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ കൊവിഡ് വ്യാപനത്തെ ഭയന്ന് കൂട്ടത്തോടെ നാടുവിട്ടതാണ് നിർമ്മാണമേഖലയിലെ സ്തംഭനാവസ്ഥയ്ക്കു കാരണം.

ഇതോടെ മലയാളിയുടെ സ്വപ്നസൗധങ്ങൾക്കു മാത്രമല്ല, സർക്കാർതലത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കുവരെ ചലനമറ്റു. കേരളത്തിലെ വികസന പദ്ധതികൾ പലതും പാതിവഴി നിലച്ച അവസ്ഥയിലാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ട പദ്ധതികൾ ഇഴഞ്ഞതോടെ കരാറുകാരും കനത്ത പ്രതിസന്ധിയിലായി. പുതിയ കരാർ പ്രകാരമുള്ള ജോലികൾ ആരംഭിക്കാൻ പോലും കഴിഞ്ഞിട്ടില്ല. നാട്ടിൽ ആവശ്യത്തിനു ജോലിക്കാരില്ലാതെവന്നതും അന്യസംസ്ഥാനത്തൊഴിലാളികളുടെ കൂട്ടത്തോടെയുള്ള പലായനവുമാണ് നിർമ്മാണമേഖലയെ തകർത്തത്.

അപ്രതീക്ഷിത ലോക്ഡൗണും കൊവിഡ് വ്യാപന



ഭീതിയുമാണ് അന്യസംസ്ഥാനത്തൊഴിലാളികൾ കേരളം വിടാൻ കാരണം. അനാവശ്യ അഭ്യൂഹങ്ങളും വ്യാജ പ്രചരണങ്ങളും പടച്ചുവിട്ട് നമ്മൾ അവരെ ഭയപ്പെടുത്തിയെന്നു പറയുന്നതാവും ശരി. കൊവിഡ് വ്യാപനത്തിനിടെ വന്ന വ്യാജസന്ദേശങ്ങളെ ഭയന്ന് അവർ കൂട്ടത്തോടെ സ്വന്തം നാടുകളിലേക്കു പലായനം ചെയ്യുകയായിരുന്നു.

ലോക്ഡൗണിന് ഇളവുകൾ പ്രഖ്യാപിക്കുകയും നിർമ്മാണമേഖലയിലെ നിയന്ത്രണങ്ങൾ പിൻവലിക്കുകയും ചെയ്തിട്ടും മേഖല ഉണരാത്തത് അന്യസംസ്ഥാനത്തൊഴിലാളികളുടെ കുറവൊന്നുകൊണ്ടുമാത്രമാണ്. ഒപ്പം നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവും, വിലവർദ്ധനയും പ്രതിസന്ധിയുടെ ആക്കംകൂട്ടി. ഇളവുകൾ പ്രഖ്യാപിച്ചിട്ടും നിർമ്മാണ മേഖലയിൽ ചലനങ്ങളുണ്ടാകാതെവന്നതോടെ ഈ മേഖലയെ ആശ്രയിച്ചു ജീവിച്ചിരുന്ന സ്വദേശികളും ദുരിതത്തിലായിരിക്കുകയാണ്.



**നിർമ്മാണസാമഗ്രികളുടെ വില കുത്തനെ വർദ്ധിച്ചു**

ലോക്ഡൗണിനുശേഷം നിർമ്മാണസാമഗ്രികളുടെ വില കുത്തനെ കൂടിയ കാഴ്ചയാണ് കാണാനായത്. സിമന്റിന് ഒരു പായ്ക്കറ്റിൽ അറുപതുമുതൽ എഴുപതു രൂപ വരെയാണ് വർദ്ധിച്ചത്. കരിങ്കല്ലിന് ഒരു ലോഡിന് 250 മുതൽ മുന്നൂറ് രൂപ വരെ ഉയർന്നു. ദൂരമനുസരിച്ച് വില പിന്നെയും വ്യത്യാസപ്പെടും. കമ്പി, പാറമണൽ, ഇഷ്ടിക തുടങ്ങിയവയ്ക്കെല്ലാം വില കൂടിയിട്ടുണ്ട്. ഇവിടെയും തൊഴിലാളികളുടെ ക്ഷാമമാണ് വിലവർദ്ധനയ്ക്കു പ്രധാന കാരണമായി പറയുന്നത്. നിർമ്മാണമേഖലയിലും അനുബന്ധ മേഖലകളിലും പണിയെടുക്കുന്നവരിൽ കൂടുതലും അന്യസംസ്ഥാനത്തൊഴിലാളികൾതന്നെയാണ്. ഇവരില്ലാതെവന്നതോടെയാണ് മേഖല തകർച്ചയിലേക്കു കൂപ്പുകുത്തിയത്. വില കൂടിയതല്ല, സാധനങ്ങളുടെ ലഭ്യതക്കുറവാണ് പ്രതിസന്ധിക്കു കാരണമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ക്വാറികൾക്കു നിയന്ത്രണം വന്നതും ലോക്ഡൗണിനെത്തുടർന്ന് ചരക്കുനീക്കം സാധ്യമാകാതെവന്നതും സംസ്ഥാനത്ത് നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവിനു കാരണമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ.

**പരമ്പരാഗത തൊഴിൽമേഖലയും പ്രതിസന്ധിയിൽ**

നിർമ്മാണമേഖലയിലെ സ്തംഭനാവസ്ഥമൂലം, പരമ്പരാഗത തൊഴിൽമേഖലയും പ്രതിസന്ധിയിലായിരിക്കുകയാണ്. നിർമ്മാണമേഖലയുമായി ബന്ധപ്പെട്ടു നിൽക്കുന്ന തടിപ്പണി, ഇരുമ്പുപണി, കൽപ്പണി തുടങ്ങിയ പരമ്പരാഗത തൊഴിൽമേഖലകളിൽ ജോലി ചെയ്യുന്നവരാണ് ദുരിതം അനുഭവിക്കുന്നത്. ഈ മേഖലയിൽ 25 ലക്ഷത്തോളം തൊഴിലാളികൾ ജോലി ഉണ്ടെന്നാണ് കണക്ക്. മേഖലയിൽ അപ്രതീക്ഷിതമായി ഉണ്ടായ സ്തംഭനാവസ്ഥ ഇവർക്ക് കനത്ത തിരിച്ചടിയാണു നൽകിയത്. പലരും കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാണെന്ന് തൊഴിലാളികൾ പറയുന്നു. പരമ്പരാഗതനിർമ്മാണ ത്തൊഴിലാളികളെ രക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഇവരുടെ ആവശ്യം.

**അന്യസംസ്ഥാനത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തണം**

കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങളിൽ മുഖ്യ പങ്കുവഹിക്കുന്നത് അന്യസംസ്ഥാനത്തൊഴിലാളികളാണെന്നും അവരുടെ സംരക്ഷണം ഉറപ്പാക്കണമെന്നും കേരള പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ ആവശ്യപ്പെടുന്നു. ഇവർക്ക് വൃത്തിയുള്ള താമസസൗകര്യം, മിനിമം വേതനം, ആരോഗ്യസുരക്ഷ എന്നിവ ഉറപ്പാക്കാൻ സർക്കാർ തലത്തിൽത്തന്നെ നടപടി വേണം. ജോലിക്കായെത്തുന്ന മുഴുവൻ അന്യസംസ്ഥാനത്തൊഴിലാളികളുടെയും വിവരങ്ങൾ ശേഖരിക്കുകയും, ഇവർക്ക് ഹെൽത്ത് കാർഡ്, ഇൻഷുറസ്, തൊഴിൽ കാർഡ് തുടങ്ങിയവ നൽകുകയും വേണം. തൊഴിൽവകുപ്പിന്റെ മാനദണ്ഡങ്ങളനുസരിച്ച് അന്യസംസ്ഥാനത്തൊഴിലാളികൾക്ക് മാനുഷികപരിഗണന നൽകാൻ ഓരോ കോൺട്രാക്റ്ററും തയ്യാറാകണമെന്നും കേരള പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മുരളി തകിടിയേൽ പറഞ്ഞു.

**അന്യസംസ്ഥാനത്തൊഴിലാളികളുടെ തിരിച്ചുവരവും കാത്ത്...**

കൊവിഡ്വ്യാപനഭീതിയെത്തുടർന്ന് നാടുവിട്ട അന്യസംസ്ഥാനത്തൊഴിലാളികളുടെ തിരിച്ചുവരവും കാത്തിരിക്കുകയാണ് കേരളത്തിലെ നിർമ്മാണമേഖല. മറുനാടൻതൊഴിലാളികൾക്ക് കൂടുതൽ ഇളവുകളും സഹായങ്ങളും സർക്കാർതലത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പോയവരിൽ ഭൂരിഭാഗവും മടങ്ങിവരാൻ തയ്യാറാകുന്നില്ല. കേരളത്തിന്റെ സ്വപ്നസൗധങ്ങളിൽ പലതിലും അന്യസംസ്ഥാനത്തൊഴിലാളികളുടെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. പെരിവെയിലത്തും പെരുമഴയത്തും അവർ കഷ്ടപ്പെടുന്നതുപോലെ മലയാളികൾക്കു കഴിയില്ലെന്ന സത്യം മുന്നിൽ നിൽക്കേ തുച്ഛമായ പ്രതിഫലമാണ് നമ്മൾ അവർക്കു നൽകുന്നത്. മാനുഷികപരിഗണനപോലും നൽകാതെ ചോർന്നൊലിക്കുന്ന ഷെഡ്ഡുകളിൽ അവരെ നമ്മൾ ഉറക്കി. മലമൂത്ര വിസർജ്ജനത്തിനു സംവിധാനങ്ങളൊരുക്കാനോ ശുദ്ധജലം നൽകാനോ ഇവരെക്കൊണ്ട് ജോലി ചെയ്യിപ്പിച്ച് പണം വാരുന്നവർ ശ്രമിച്ചില്ല. അന്യസംസ്ഥാനത്തൊഴിലാളികൾ ഇല്ലാതെവന്നതോടെയാണ് അവരുടെ കുറവ് നാം മനസിലാക്കിയത്. ഇനിയും കേരളത്തിന്റെ വികസന പദ്ധതികൾ ചലിച്ചുതുടങ്ങണമെങ്കിൽ അവരെത്തണം. അവർക്കായി കാത്തിരിക്കുകയാണ് നിർമ്മാണമേഖല. നമ്മുടെ സ്വപ്നസൗധങ്ങൾക്കു ജീവൻ നൽകുന്ന അന്യസംസ്ഥാനത്തൊഴിലാളികളെ ഇനിയും തകരപ്പാട്ടയ്ക്കുള്ളിൽ കിടത്താതെ അവരെയും മനുഷ്യരായിക്കാണാൻ നമുക്ക് ശ്രമിക്കാം.

■


പ്രണയപാഠാവലി

(58)



ഡോ. ആന്റണി ജോസ്

# നിരാസത്തിന്റെ തന്ത്രവിദ്യകൾ



**ഗു**രുതരമായ രീതിയിൽ വിലയിടിച്ചിൽ ഉണ്ടാക്കുന്ന ഒരു ആരോപണം അല്ലെങ്കിൽ വിവരം ലഭിക്കുന്നുവെന്നിരിക്കട്ടെ, അതിനെ ബോധമനസ്സിലേക്കു കടന്നുവരാൻപോലും അനുവദിക്കാതെ, തടയുന്ന പ്രതിരോധ തന്ത്രമാണ് നിരാസം.

തറയിൽക്കിടന്ന പഴത്തൊലിയിൽ ചവിട്ടി കുട്ടികളിലൊരാൾ വീണെന്നു കരുതുക. ഭർത്താവാണ് അശ്രദ്ധമായി അതു വലിച്ചെറിഞ്ഞത്. ഭാര്യയ്ക്കതറിയാം. 'നിങ്ങൾക്കൊരു കാര്യത്തിലും ശ്രദ്ധയില്ല' എന്നു പറഞ്ഞ് അവൾ ഗുണദോഷിക്കുന്നു. പക്ഷേ, അയാളത് ഗൗനിക്കാൻപോലും കൂട്ടാക്കാതെ പറയുന്നു: "ഞാനൊന്നുമല്ല."

അയാൾ പറയുന്നതു വാക്ക് വാസ്തവവിരുദ്ധമാണെങ്കിലും, കളവായി കാണാൻ കഴിയില്ല. സ്വന്തം വീഴ്ച അഹത്തിന്റെ പതനത്തിനു കാരണമാകും. അതുകൊണ്ട് അത്തരമൊരു ആരോപണത്തെ സമ്മതിച്ചുകൊടുക്കുവാൻ മനസ്സ് കൂട്ടാക്കുന്നില്ല. അവിടെ, 'ഇല്ലില്ല, ഒരിക്കലുമില്ല' എന്ന ബാരിക്കേഡ് ഉയരുന്നു.

മറ്റൊരു വശം ആരോപണത്തെ ശ്രവിക്കാൻ പോലും കൂട്ടാക്കാതിരിക്കലാണ്. 'ഒന്നു പൊയ്ക്കോണം' എന്നുംമറ്റും പറഞ്ഞ് പങ്കാളിയെ നിരുത്സാഹപ്പെടുത്തിയോ, ഭീഷണിപ്പെടുത്തിയോ തിരിച്ചയച്ചെന്നു വരും.

ഭാര്യയുടെ പഴകിയ വയറുവേദന കാൻസറാണോ എന്ന് ഫിസിഷ്യൻ സംശയിക്കുന്നു. കൂടുതൽ പരിശോധനയ്ക്കായി റഫർ ചെയ്യുന്നു. ഭർത്താവ് വിദഗ്ധനായ ഡോക്ടർക്കായി തെരയുമ്പോൾ 'ഒന്നും വേണ്ട, ഇതു ഗ്യാസാ' എന്നു നിരാകരിക്കുന്ന ഭാര്യ ചികിത്സ വൈകിക്കുകയും, കൂടുതൽ ഗുരുതരാവസ്ഥയിലേക്കു നീങ്ങുകയുമല്ലേ ചെയ്യുക? ഇവിടെ അസ്വസ്ഥപ്പെടുത്തുന്ന യാഥാർത്ഥ്യം നിരാകരിക്കപ്പെടുന്നു.

മദ്യപിച്ചു കരൾരോഗിയായ ഭർത്താവ് വീണ്ടും കുടിക്കുമ്പോൾ ഭാര്യ കെഞ്ചുന്നു: "കുടിക്കല്ലേ!..." പക്ഷേ, അയാൾ നിരാസത്തിന്റെ വേലിക്കെട്ടുയർത്തുന്നു: "എനിക്കൊരു കുഴപ്പവുമില്ല. ഡോക്ടർമാർ ഓരോന്നു പറയും."


അയാൾക്കു മദ്യപാനം നിർത്തുക മൃത്യുതുല്യമാണ്. മാറാരോഗിയായിത്തീരുന്നതും ഉൾക്കൊള്ളാനാകില്ല. അതുകൊണ്ട് 'ഇല്ല, ഇല്ല' എന്ന പ്രതിരോധം ഏർപ്പെടുത്തുകയാണ്.

കുടുംബജീവിതത്തിൽ ചെറുകാര്യങ്ങൾ മുതൽ ഗൗരവമുള്ള വിഷയങ്ങൾവരെ 'നിരാസ'ത്തിനു വഴിപ്പെടാം.

നിരാസം പങ്കാളിയെ വേദനിപ്പിക്കും; ചിന്താക്കുഴപ്പത്തിലാക്കും. എല്ലാക്കാര്യത്തിലും എതിരാണല്ലോ എന്ന് വ്യാകുലപ്പെട്ടുകൊണ്ടേയിരിക്കും. ക്രമേണ ഹൃദയങ്ങളുടെ തുറവ് നഷ്ടപ്പെടുന്നു. അടഞ്ഞ മനസ്സുകളിൽനിന്ന് വിശ്വസ്തത പടിയിറങ്ങും.

ഓർക്കണം; പ്രണയത്തിന്റെ കാവലാളാണ് വിശ്വസ്തത.

■




നവംബർ 1
പള്ളിക്കൂദാശക്കാലം ഒന്നാം ഞായർ



പുറപ്പാട് 40,17–29; 34–38
ഏശയ്യ 6,1–8;
1കോറി 13,1–13;
മത്തായി 16:13–19

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# സ്വർഗ്ഗരാജ്യത്തിന്റെ ഇടം

ആരാധനക്രമവത്സരത്തിലെ അവസാനത്തെ നാലു ഞായറാഴ്ചകൾ ഉൾക്കൊള്ളുന്ന പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. മിശിഹായുടെ പീഡാനുഭവ-കുരിശുമരണ-ഉത്ഥാനരഹസ്യങ്ങളിലൂടെ രക്ഷിക്കപ്പെട്ട സഭ മിശിഹായോടൊപ്പം സ്വർഗീയജറുസലേമിൽ പ്രവേശിക്കുന്നതും അവിടത്തോടൊപ്പം നിത്യം പിതാവിന്റെ ഭവനത്തിൽ വസിക്കുന്നതുമാണ് ഈ അവസരത്തിൽ തിരുസഭാമാതാവ്



ധ്യാനവിഷയമാക്കുന്നത്. സഭയുടെ യുഗാന്തോന്മുഖ സ്വഭാവവും ദൈവസന്നിധിയിലുള്ള സമർപ്പണവുമാണ് പ്രധാന ചിന്താവിഷയം. പഴയനിയമത്തിൽ കാണുന്ന നാല് പ്രതിഷ്ഠാസംഭവങ്ങളോട് അടിസ്ഥാനപ്പെടുത്തി നാല് ആഴ്ചകളായി ഈ ആരാധനാവത്സരത്തെ ക്രമീകരിച്ചിരിക്കുന്നു: മൂശയുടെ സമാഗമകൂടാരപ്രതിഷ്ഠ (പുറ 40,1–29); ഇസ്രായേൽ ജനം ഷീലോയിൽ പ്രതിഷ്ഠിച്ച സമാഗമകൂടാരം (ജോഷ്വ 18,1); സോളമന്റെ ദൈവാലയപ്രതിഷ്ഠ (1 രാജ 8; 2 ദിന 6,17); ജോഷ്വായുടെയും സെറൂബാബേലിന്റെയും നേതൃത്വത്തിലുള്ള രണ്ടാം ദൈവാലയ പ്രതിഷ്ഠ (എസ്രാ 3,2) എന്നിവയാണ് ആ നാല് പ്രതിഷ്ഠകൾ. മിശിഹാ സ്ഥാപിച്ച സഭ യുഗാന്തത്തിൽ ദൈവപിതാവിന്റെ സന്നിധിയിൽ പ്രതിഷ്ഠിക്കുന്നതിന്റെ പഴയനിയമപ്രതിരൂപങ്ങളായി ഈ സംഭവങ്ങളെയെല്ലാം കാണാൻ സാധിക്കും. ഈ കാലത്തെ ദൈവവചനവായനകളെല്ലാം ഈ ചൈതന്യം നിലനിറുത്തുന്നതാണ്.

ആദ്യഞായറാഴ്ച പ്രഘോഷിക്കുന്ന ദൈവവചനഭാഗങ്ങളിൽ ഒന്നാമത്തേത് പുറപ്പാട് പുസ്തകം 40-ാം അധ്യായത്തിൽനിന്നുള്ളതാണ്. മൂശയോട് തനിക്ക് ജനത്തിന്റെകൂടെ വസിക്കുന്നതിന് ഒരു കൂടാരവും അതിനുള്ളിൽ ഒരു പേടകവും നിർമിക്കാൻ ദൈവം ആവശ്യപ്പെടുന്നതും അഭിഷേകതൈലംകൊണ്ട് കൂടാരവും അതിലുള്ള സകലവും അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കാൻ നിർദ്ദേശിക്കുന്നതുമാണ് ഈ അധ്യായം ആദ്യഭാഗത്തു വിവരിക്കുന്നത്. തുടർന്നുള്ള വചനഭാഗമാണ് ഇന്നത്തെ ഒന്നാമത്തെ വായന. കർത്താവിന്റെ വാക്കനുസരിച്ച് കൂടാരം ക്രമീകരിക്കുന്നതും ബലിപീഠം സ്ഥാപിച്ച് അവിടത്തേക്ക് ബലിയർപ്പിക്കുന്നതുമാണ് പ്രതിപാദ്യം. ദൈവാലയങ്ങളും അൾത്താരകളും കർത്താവിന്റെ വാക്കനുസരിച്ചു ക്രമീകരിക്കണമെന്ന് തിരുവചനം ഓർമിപ്പിക്കുന്നു.

ഏശയ്യാപ്രവാചകനുണ്ടായ സ്വർഗദർശനമാണ് പ്രവാചകഗ്രന്ഥത്തിൽനിന്നു വായിക്കുന്നത്. മഹത്വീകരിക്കപ്പെട്ട സഭയുടെ ചിത്രമാണ് ഏശയ്യായുടെ ദർശനത്തിൽ പ്രതീകാത്മകമായി കാണുന്നത്. സ്വർഗീയദൈവാലയമാകുന്ന സഭയുടെ മഹത്ത്വം സ്വർഗത്തിലും ഭൂമിയിലും നിറഞ്ഞിരിക്കുന്നത് ഏശയ്യാ കാണുന്നു. ഈ ഭൂമിയിലെ ദൈവാലയങ്ങൾ സ്വർഗീയദൈവാലയങ്ങളുടെ പ്രതിരൂപങ്ങൾ മാത്രമാകുന്നു. സ്വർഗത്തിൽ വസിക്കുന്നവൻതന്നെയാണ് ഭൂമിയിലെ ദൈവാലയത്തിലും വസിക്കുന്നതെന്ന് ഈ ദർശനം പഠിപ്പിക്കുന്നു.

മിശിഹാ സ്ഥാപിച്ച സഭയെന്താണെന്നും അതിന്റെ ധർമം എന്താണെന്നും സുവിശേഷം വ്യക്തമാക്കുന്നുന്നുണ്ട്. സഭ മിശിഹാ സ്ഥാപിച്ചതാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ് മിശിഹാ എന്ന് ഏറ്റുപറഞ്ഞ പത്രോസ് വിശ്വാസമാകുന്ന പാറമേലാണ് മിശിഹായുടെ സഭയെ സ്ഥാപിച്ചത്. സഭയുടെ ദൗത്യം സ്വർഗ്ഗത്തെ ഭൂമിയുമായും ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുക എന്നതാണ്. സ്വർഗത്തിന്റെ കവാടവും താക്കോലുമാണ് സഭ. സഭയിലൂടെയാണ് എല്ലാവരും സ്വർഗത്തിലേക്കു പ്രവേശിക്കുന്നത്. ഭൂമിയിൽ സ്വർഗമെത്തിക്കുക എന്നതാണ് സഭയുടെ ദൗത്യം. അതാണ് മിശിഹാ ലക്ഷ്യംവച്ച സ്വർഗരാജ്യസ്ഥാപനം. അതുകൊണ്ടാണ് ദൈവരാജ്യം നിങ്ങളുടെയിടയിൽത്തന്നെയുണ്ട് എന്ന് അവിടന്ന് പഠിപ്പിച്ചിരുന്നത്.

മിശിഹായാൽ സ്ഥാപിതമായ സഭ ഭൂമിയിൽ എപ്രകാരമാണ് സ്വർഗരാജ്യമായി വർത്തിക്കേണ്ടത് എന്നാണ് പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽനിന്നു ശ്രവിക്കുന്നത്. സ്നേഹത്തിന്റെ കീർത്തനമാണ് ലേഖനത്തിൽ ഉള്ളത്. സ്നേഹത്തിന്റെ ഭാഷയായിരിക്കണം സഭയുടെ ഭാഷ. സ്നേഹത്തിലധിഷ്ഠിതമായ ജീവിതമാണ് സഭയുടെ ജീവിതം. സ്വർഗത്തെ ഭൂമിയിൽ എത്തിക്കുന്ന സ്നേഹമാണ് സർവോത്കൃഷ്ടം. ▯

# മുലയൂട്ടലും പ്രസവാനന്തരശുശ്രൂഷകളും ആയുർവേദമാർഗ്ഗങ്ങളിലൂടെ



ആരോഗ്യവീഥി



ഡോ. പൂജാ ടി. അമൽ

മുലപ്പാൽ ഒരു കുട്ടിക്ക് മറ്റേന്ത് ആഹാരത്തെക്കാളും പ്രധാനമാണ്. ഇന്ത്യയിൽ ഓരോ വർഷവും ജനിക്കുന്ന 26 മില്യൺ കുട്ടികളിൽ 5 മില്യൺ കുട്ടികൾക്കു മാത്രമാണ് ജനിച്ച് ഒരു മണിക്കൂറിനകം മുലപ്പാൽ ലഭിക്കുന്നത്. ഇത് ലോകമുലയൂട്ടൽ നിലവാരത്തിന് 31/51 ൽ മാത്രമാണ്.

മുലയൂട്ടൽ സംബന്ധിച്ച അന്താരാഷ്ട്രനിലവാരത്തിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെങ്കിലും നവജാതശിശുക്കളുടെ വൈകല്യം, മരണനിരക്ക് എന്നിവ ഇപ്പോഴും ഇന്ത്യയിൽ കൂടുതലാണ്. ചെറുപ്രായത്തിൽതന്നെ മറ്റാഹാരങ്ങൾ നൽകുവാനുള്ള പ്രവണത പലപ്പോഴും മുലപ്പാലിന്റെ ഉത്പാ



ദനവും കുറയുവാൻ കാരണമാവുന്നു. കുട്ടിക്ക് നൽകുന്ന ആഹാരം മുലപ്പാലിനെ അപേക്ഷിച്ച് പോഷകക്കുറവുള്ളതോ അപര്യാപ്തമോ ആയിരിക്കാം. മുലപ്പാലിൽ കുട്ടികളുടെ രോഗപ്രതിരോധശേഷി വർദ്ധിക്കുവാനുള്ള ആന്റിബോഡികൾ അടങ്ങിയിട്ടുണ്ട്.

120 ലോകരാഷ്ട്രങ്ങൾ 1992 മുതൽ WHO യുടെയും UNICEF ന്റെയും ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഓഗസ്റ്റ് 1 മുതൽ 7 വരെ ലോകമുലയൂട്ടൽവാരം ആഘോഷിച്ചുവരുന്നു. മുലയൂട്ടുന്ന എല്ലാ ജീവജാലങ്ങൾക്കും ഒരു കുട്ടിയുടെ ആദ്യാഹാരം എന്ന നിലയിൽ മുലപ്പാലിന്റെ പ്രാധാന്യം വളരെ വലുതാണ്. ഇത് സമീകൃതവും കുട്ടിയുടെ വളർച്ചയ്ക്കുവേണ്ടി നല്കേണ്ടതുമാണ്.

കുട്ടിയുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക്, അവന്റെ പ്രതിരോധശേഷിക്ക്, ബുദ്ധിവികാസത്തിന് എല്ലാംതന്നെ അത്യന്താപേക്ഷിതമാണ് മുലപ്പാൽ. അതുകൊണ്ട് നിർബന്ധമായും പ്രസവംമുതൽ 6 മാസംവരെ മുലപ്പാൽ കൊടുക്കണം. മറ്റു പോഷകാഹാരങ്ങൾ കഴിക്കുവാൻ ശീലിച്ചാൽപ്പോലും രണ്ടു വയസുവരെ മുലപ്പാൽ നൽകണം. മുലപ്പാൽ ആരോഗ്യം നിലനിർത്തുക മാത്രമല്ല രോഗാണുക്കളിൽനിന്നു സംരക്ഷിച്ച് ആരോഗ്യമുള്ള ശരീരത്തെ പ്രദാനം ചെയ്യുന്നു. ആയുർവേദത്തിൽ മുലപ്പാലിനെ മനുഷ്യശരീരത്തിലെ ഓജസായയാണ് പരിഗണിക്കുന്നത്.

മുലപ്പാൽ ഉത്പാദിപ്പിക്കപ്പെടുന്നത്, ശരീരഘടനയനുസരിച്ചും, ആവശ്യകത അനുസരിച്ചും പലരിലും വ്യത്യസ്തമായയാണ്. മുലപ്പാലിന്റെ കുറവോ മുലപ്പാൽ നല്കാൻ സാധിക്കാതെ വരികയോ ചെയ്യുന്നത് പുറത്തുപറയുവാൻ പലരും മടികാണിക്കുന്നു.

മുലപ്പാലിന്റെ ഉത്പാദനത്തിനും ശരിയായരീതിയിൽ മുലയൂട്ടുന്നതിനും പ്രതികൂലമായ അനേകം ഘടകങ്ങളുണ്ട്. മുലയൂട്ടലിനെപ്പറ്റി ശരിയായ അവബോധം ഇല്ലാതിരിക്കുക, ആദ്യത്തെ കുട്ടിയായതിനാൽ മുൻപരിചയമില്ലായ്മ, മുലഞെട്ടുകൾ ഉൾവലിഞ്ഞതോ വികാസം പ്രാപിക്കാതിരിക്കുന്നതോ, കുട്ടി പാൽ കുടിക്കുമ്പോഴുള്ള അകാരണമായ വേദന, പാൽ കെട്ടിനിൽക്കുക, വീക്കവും വേദനയും, മുൻപ് നടത്തിയിട്ടുള്ള ശസ്ത്രക്രിയകൾ തുടങ്ങിയവ കാരണങ്ങളാണ്.

37 ആഴ്ചയിൽ താഴെ പ്രായമുള്ള കുട്ടികൾ, പ്രസവസമയത്തുള്ള മരുന്നുകളുടെ ഉപയോഗം, ജന്മനായുള്ള വൈകല്യങ്ങൾ, കുട്ടികളുടെ ഞരമ്പുസംബന്ധമായ പ്രശ്നങ്ങൾ ഇവയെല്ലാം മുലയൂട്ടലിനെ പ്രതികൂലമായി ബാധിക്കുന്നവയാണ്. പോഷകാഹാരക്കുറവ് മുലപ്പാൽ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിൽ മറ്റു ഘടകങ്ങൾ, എല്ലാ മേഖലകളിലും സ്ത്രീകൾ വ്യാപൃതരാവുന്നതും പാലിന്റെയും പാലുത്പന്നങ്ങളുടെയും വ്യാവസായികമായ ഉത്പാദനവും വിതരണവുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്. വ്യാവസായികമായി ഉത്പാദിപ്പിക്കുന്ന പാലുത്പന്നങ്ങൾ ഉപയോഗി ക്കുന്ന കുട്ടികളെ അപേക്ഷിച്ച് മുലപ്പാൽ കുടിക്കുന്ന കുട്ടികളിൽ അമിതവണ്ണം ഉണ്ടാകുവാൻ ഉള്ള സാധ്യത കുറവാണ്. ഭാഗികമായി മാത്രം മുലപ്പാൽ കുടിക്കുന്ന കുട്ടികൾക്കു വയറിളക്കത്തിനുള്ള സാധ്യത 4.2 ഇരട്ടിയാണ്. മുലപ്പാൽ കുടിക്കാത്ത കുട്ടികളിൽ വയറിളക്കംമൂലമുള്ള മരണനിരക്ക് 14.2 ഇരട്ടി അധികമാണ്.

മുലയൂട്ടൽ എന്നു പറയുന്നത് 'അമ്മ, നവജാതശിശു, മുലപ്പാൽ' എന്നീ ഘടകങ്ങൾ ചേർന്നുള്ള ഒരു പ്രവർത്തനമാണ്. ആയുർവേദത്തിൽ മുലപ്പാലിന്റെ അളവിന്റെയും മേന്മയുടെയും ആവശ്യം പ്രത്യേകം പറയുന്നുണ്ട്. മുലപ്പാലിന്റെ മേന്മയോ അളവോ കുറയുന്നതിനനുസരിച്ച് പല രോഗങ്ങളും ശാരീരികവ്യതിയാനങ്ങളും കുട്ടികളിൽ കണ്ടുവരുന്നു. ഇതിന്റെ സ്വാഭാവിക രീതിക്ക് എന്തെങ്കിലും മാറ്റങ്ങളുണ്ടായാൽ കുട്ടി സാധാരണമായി പാൽ കുടിക്കാതെയിരിക്കുകയാണ് ചെയ്യുന്നത്. മുലപ്പാൽ ലഭ്യമാകാത്ത അവസ്ഥയിൽ ആവശ്യമായ പോഷകമൂല്യങ്ങൾ ലഭിക്കാതാവുകയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ആരോഗ്യപ്രവർത്തകർ നിർണ്ണായക പ്രാധാന്യം നൽകി പ്രോത്സാഹിപ്പിക്കേണ്ട പ്രധാന വിഷയമാണ് ഗർഭകാലസംരക്ഷണവും പ്രസവസുരക്ഷയും ശരിയായ രീതിയിലുള്ള മുലയൂട്ടലും.

മുലപ്പാൽ ഉത്പാദനത്തോടൊപ്പം പ്രസവശേഷമുള്ള ശരീരസംരക്ഷണം മുലപ്പാലിന്റെ മേന്മ നിലനിർത്തി ഉത്പാദനത്തെയും കുട്ടിയുടെ സമൂലമായ വളർച്ചയെയും സഹായിക്കുന്നു. അമ്മമാർ കൃത്യമായ കാലയളവിൽ ആരോഗ്യ പരിശോധന നടത്തുന്നത് പാലിന്റെ ഉത്പാദനം കുറയുന്നത് മനസ്സിലാക്കുന്നതിനും പോരായ്മകളെ പരിഹരിക്കുവാനും സഹായിക്കുന്നു. കാലാകാലങ്ങളായി ആയുർവേദവിധി പ്രകാരമുള്ള ഔഷധങ്ങൾ മുലപ്പാൽവർദ്ധനയ്ക്കായും കുട്ടിയുടെ സമ്പൂർണ്ണവളർച്ചയ്ക്കായും ഉപയോഗിച്ചുവരുന്നു.

അമ്മയ്ക്ക് നൽകുന്ന ആയുർവ്വേദ ചികിത്സ ലക്ഷ്യമിടുന്നത് അമ്മമാരുടെ ശരീരത്തെ ആരോഗ്യപൂർണ്ണമാക്കി ഗർഭകാലത്തിനു മുമ്പുള്ള അവസ്ഥയിലേക്കു തിരിച്ചുകൊണ്ടുവരിക എന്നതാണ്. മുലപ്പാൽ നൽകാത്ത അമ്മമാരിൽ ഓവറിയിലും മാറിടങ്ങളിലും ക്യാൻസർ ബാധിക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. മുലപ്പാൽ നൽകുക എന്നത് അമ്മയുടെ പ്രാഥമികധർമ്മവും മുലപ്പാൽ ലഭ്യമാവുക എന്നത് കുട്ടിയുടെ പ്രാഥമികാവകാശവുമാണ്.

---

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ആയുർവേദ കൺസൽട്ടന്റാണ്*




## അദ്ധ്യായം 9

**ക**ളക്ടർ സലോമി മാത്യു രാവിലെ പത്തരയായപ്പോൾ ഓഫീസിലെത്തി. മഴക്കാലപൂർവ ശുചീകരണപ്രവർത്തനങ്ങൾ ജില്ലയിൽ നടപ്പാക്കുന്നതു സംബന്ധിച്ച് ഡി.എം.ഒ. ജയശ്രീയുമായി ചർച്ച നടത്തി. ഡോ. ജയശ്രീ റൂമിൽ നിന്നിറങ്ങിയ പിറകേ എസ്.പി. മഹേഷ് ചന്ദ്രൻ കളക്ടറുടെ ഓഫീസിലേക്കു കയറിച്ചെന്നു. അദ്ദേഹം സല്യൂട്ട് ചെയ്തു ഗുഡ്മോർണിംഗ് പറഞ്ഞു.

"എസ്.പി. പ്ലീസ് ടേക്ക് ദ സീറ്റ്." സലോമി എതിർവശത്തെ കസേര ചൂണ്ടിപ്പറഞ്ഞു. അദ്ദേഹം കസേരയിൽ കടന്നിരുന്നു. മഹേഷ് ചന്ദ്രന്റെ ദേഹം വിയർപ്പിൽ കുതിർന്നിരുന്നു.

"സാർ, രാവിലെ ആകെ വിയർത്തല്ലോ?" സലോമി പറഞ്ഞു.

"മേഡം, കളക്ടറേറ്റ് പടിക്കൽ പരിസ്ഥിതിക്കാരുടെ സമരം നടക്കുകാ. ഞാനവിടായിരുന്നു. പതിവിലധികം ആളുകളുണ്ടിന്ന്. ആ ജിനേഷാണ് നേതാവ്. ഉദ്ഘാടനം ചെയ്തത് ഒരു വക്കീലാ. അഡ്വ. സുമിത്രാ മോഹൻ."



"എന്താ അവരുടെ ഡിമാന്റ്?"

"പുഴക്കര വക്കച്ചൻ കയ്യേറി പ്പണിത വീട് പൊളിക്കാനാണ്. കളക്ടർ മുതലാളിയുടെ പക്ഷം ചേർന്ന് മനഃപൂർവ്വം കാലതാമസമുണ്ടാക്കുന്നെന്നാണ് ആരോപണം."

"സമരം നല്ലതാണ്. നമ്മൾ താമസിക്കുന്നു എന്നു പറയുന്നതും ശരിയാണ്. മുതലാളിയുടെ പക്ഷമാണെന്ന് ആക്ഷേപിക്കുന്നതിൽ അർത്ഥമില്ല."

"സമരം ഇപ്പോൾ തികച്ചും സമാധാനപരമാണ്. അവർക്ക് കളക്ടറെക്കണ്ട് സംസാരിക്കണമെന്നു പറയുന്നു. അനുവദിക്കണമോ?"

"വരട്ടെ. സംസാരിക്കാം."

"ഇവരുടെയൊക്കെ കൂട്ടത്തിൽ തീവ്രവാദികളും കണ്ടേക്കാം. പേടിക്കണം നമ്മൾ."

"എസ്.പി., സമരനേതാവ് ജിനേഷിനെയും അഡ്വക്കേറ്റ് സുമിത്രാ മോഹനെയും ഇങ്ങോട്ടു പറഞ്ഞുവിട്."

"ശരി സാർ." എസ്.പി. മഹേഷ് ചന്ദ്രൻ അപ്പോൾത്തന്നെ പുറത്തിറങ്ങി.

സമയം ഒരു മണിക്കൂർകൂടി നീണ്ടു. ആളുകളെ പറഞ്ഞുവിട്ടതിനുശേഷം അഡ്വക്കേറ്റ് സുമിത്രാ മോഹനും ജിനേഷുംകൂടി കളക്ടറെ കാണാനെത്തി. സലോമി അവരെ ഹൃദ്യമായിത്തന്നെ സ്വീകരിച്ചു.

"സാർ, ഞാൻ അഡ്വ. സുമിത്രാ മോഹൻ. ജിനേഷിനെ അറിയാല്ലോ." അഡ്വക്കേറ്റ് സുമിത്ര സ്വയം പരിചയപ്പെടുത്തി.

"ഞാൻ കളക്ടറായി വന്ന ദിവസംതന്നെ ജിനേഷ് വന്നു കണ്ടിരുന്നു. വിഷയം പറഞ്ഞു. പെട്ടെന്നുതന്നെ അത് ടേക്ക് അപ് ചെയ്തു."

"പിന്നെ തണുത്തു. തണുത്തു മരച്ചു. എന്തുപറ്റി?" സുമിത്ര ചോദിച്ചു.

"ആ വലിയ ബംഗ്ലാവ് പൊളിച്ചുനീക്കണമെങ്കിൽ അതിനുള്ള ചില അറേഞ്ച്മെന്റുകൾ ചെയ്യാനുണ്ട്. നമ്മുടെ നാഗമ്പടം പാലം പൊളിച്ചതും എറണാകുളത്തെ ഫ്ളാറ്റുകൾ തകർത്തതുമൊക്കെ അറിയാമല്ലോ. പരമാവധി പൊല്യൂഷൻ കൂടാതെ അതു പൊളിച്ചുനീക്കാനുള്ള കരാർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിങ്ങൾ പ്രസംഗിച്ചതുപോലെ മുതലാളിയുടെ വാലാട്ടിയായിട്ടൊന്നുമില്ല, ഞാൻ."

"കളക്ടർ സാർ, സുപ്രീംകോടതിയിൽ അയാൾ ഒരു റിവിഷൻ ഹർജി കൊടുത്തിട്ടുണ്ടെന്നു കരുതി നിങ്ങൾക്ക് നടപടിയെടുക്കാൻ ഒരു തടസ്സവുമില്ല. സ്റ്റേ വന്നാൽ പക്ഷേ, ഞങ്ങൾക്കു പണികിട്ടും. അതുണ്ടാകാതിരിക്കാൻ ഞാനാവതു ശ്രമിക്കുകയാണ്. സമരത്തിൽ പ്രസംഗിക്കുമ്പോൾ ഹൈക്കോടതിവിധി നടപ്പാക്കാത്ത കളക്ടറെ മുതലാളിയുടെ വാലാട്ടിയെന്നുതന്നെ പറയും."

"ഈയിരിക്കുന്ന ജിനേഷിന് വധഭീഷണി ഉണ്ടായപ്പോൾ പോലീസ് പ്രൊട്ടക്ഷൻ കൊടുത്തതു ഞാനാണ്."

"സാർ, എനിക്കതൊക്കെയറിയാം. രണ്ടിടങ്ങളിൽ സബ്കളക്ടറായിരുന്നപ്പോൾ എങ്ങനെ മാഡം ബിഹേവ് ചെയ്തെന്നും മനസ്സിലാക്കിയിട്ടുണ്ട്. പരിസ്ഥിതിക്കുവേണ്ടിയുള്ള പോരാട്ടവഴിയിൽ ഞാൻ പല അപചയങ്ങളും കണ്ടിട്ടുണ്ട്. വലിയ ആവേശത്തിൽ സമരം തുടങ്ങി ആളുകളെ വഴിയിലിറക്കിയിട്ട് എതിർപക്ഷത്തുനിന്ന് ലക്ഷങ്ങൾ വാങ്ങി ഒത്തുതീർപ്പുണ്ടാക്കുന്ന പരിസ്ഥിതിവാദികളും നമുക്കിടയിലുണ്ട്."

"എന്നെ വിശ്വസിക്കണമെന്നോ ഞാൻ വിശുദ്ധയാണെന്നോ പറയുന്നില്ല. ജില്ലാ കളക്ടർ എന്ന നിലയിൽ പരിസ്ഥിതിക്കുവേണ്ടി പോരാടുന്ന നിങ്ങൾ രണ്ടുപേരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ഇന്നു നടത്തിയ സമരവും നല്ലതാണ്. നിയമം നടപ്പാക്കുന്നവർ പലപ്പോഴും ഒറ്റപ്പെട്ടുപോകാറുണ്ട്. അപകടത്തിൽപ്പെടുകപോലും ചെയ്യാറുണ്ട്."

"മേഡത്തിന്റെ വിലപ്പെട്ട സമയം ഞങ്ങൾ നഷ്ടപ്പെടുത്തുന്നില്ല. ഇവിടുന്നുള്ള തീരുമാനങ്ങൾക്കും നടപടികൾക്കും ഒപ്പം എന്നുമുണ്ടാകും. വരട്ടെ."

അഡ്വക്കേറ്റ് സുമിത്ര എഴുന്നേറ്റു. ജിനേഷും അവർക്കൊപ്പം മുറിവിട്ടിറങ്ങി.

ജിനേഷ് അക്ഷരംപോലും മിണ്ടിയില്ലല്ലോ എന്ന് സലോമിയോർത്തു. അവന്റെമേൽ അഡ്വ. സുമിത്രാ മോഹന് അധീശത്വമുള്ളതുപോലെ തോന്നി. കോടീശ്വരന്റെ മകളാണ് സുമിത്രയെന്നു കേട്ടിരുന്നു. വക്കീൽപണിയും പ്രകൃതിസ്നേഹവുമൊക്കെ അവർക്കൊരു ഹോബിയാണ്. ഇവരെപ്പോലുള്ളവരില്ലെങ്കിൽ പുഴക്കര വക്കച്ചന്റെ കേസ് സുപ്രീം കോടതിയിൽ വച്ച് ഏകപക്ഷീയമായി തീർപ്പാകുമായിരുന്നല്ലോ.

പിറ്റേന്ന് വിഷു ആയിരുന്നു. ഓഫീസ് ഒഴിവാണ്. ഔദ്യോഗികവസതിയിലെ ജോലിക്കാരിയായ സുമലതയ്ക്കു വീട്ടിൽ പോകണമെന്ന് നേരത്തേ പറഞ്ഞിട്ടുണ്ട്. ഒരു ദിവസം സ്വന്തം വീട്ടിൽ അമ്മയോടൊപ്പം താമസിക്കാൻ തനിക്കും ഇതൊരവസരമാണ്. സലോമി വ്യാഴാഴ്ച വൈകുന്നേരം ടാക്സിക്കാറിലാണ് വീട്ടിലേക്കു പോയത്. മെയിൽ റോഡിൽനിന്ന് വലിയ ഒരു കയറ്റം കയറിച്ചെല്ലണം വീടെത്താൻ. കാർ സ്ഥലത്തെത്തി.

"റെജീ, നാളെ രാവിലെ പത്തു മണിയാകുമ്പം ഇവിടെയെത്തിയിട്ട് എന്റെ നമ്പരിൽ വിളിക്കണം." സലോമി പരിചയക്കാരനായ ഡ്രൈവറോട് നിർദ്ദേശിച്ചു.

"ശരി സാർ." അവൻ തലകുലുക്കി.

സലോമി വീട്ടിലേക്കു നടന്നു.

വളരെ ചെറിയ ഊടുവഴിയായിരുന്നു അത്. കോൺവെന്റിൽ നിന്നു പണി കഴിഞ്ഞ് അമ്മയെത്തിയിട്ടില്ലെങ്കിൽ താൻ തനിയെ അവിടെ ഇരിക്കണം. മുറ്റത്തെത്തിയപ്പോൾ മുൻവാതിലിന്റെ ഒരുപാളി തുറന്നാണു കിടക്കുന്നത് കണ്ടു.

"അമ്മേ..." സലോമി ഉച്ചത്തിൽ വിളിച്ചു.

"ആരാ.... ആരാ വന്നെ."

അങ്ങനെ പറഞ്ഞ് സെലീന മുൻവശത്തേക്കു വന്നു. വാതിൽക്കൽ മകളെ കണ്ടപ്പോൾ ആശ്ചര്യവും ആനന്ദവുമുണ്ടായി.

"നീയെന്താടീയിപ്പം." അഴിഞ്ഞുപോയ മുടി വാരിക്കെട്ടിക്കൊണ്ട് സെലീന തിരക്കി.

"നാളെ വിഷുവല്ലേ. ഒഴിവാ. അമ്മേടെകൂടെ ഒരു രാത്രി വർത്താനമൊക്കെപ്പറഞ്ഞ് കൂടാമല്ലോന്നോർത്തു."

"ഹെന്റെ മാതാവേ, ഇവിടെ വിശേഷമായിട്ടൊന്നുമില്ലല്ലോ എന്റെ പെണ്ണിനു കൊടുക്കാൻ." സെലീന വിഷമിച്ചു.

"പോ, അമ്മേ, ഞാൻ സൽക്കാരം കിട്ടാൻ വന്നതല്ലല്ലോ. അമ്മേ ഒന്നു കാണാനും മിണ്ടാനും വന്നതല്ലേ?" അങ്ങനെ പറഞ്ഞ് സലോമി അകത്തേക്കു കയറി.

"ഞാൻ... ഞാനത്താഴത്തിനിത്തിരിയരിയടുപ്പത്തിടുകയായിരുന്നു." സെലീന പറഞ്ഞു.

"നല്ല വറ്റൽ മുളകരച്ചതും കൂട്ടി പഴയതുപോലെ അത്താഴത്തിനു കഞ്ഞി കുടിക്കണം." സലോമി കൊതിയോടെ പറഞ്ഞു.

ഒറ്റമുറിയും അടുക്കളയും ചെറിയ തിണ്ണയുമുള്ള കൊച്ചു വീടായിരുന്നു അവരുടേത്. ഭിത്തിയിൽ തിരുഹൃദയരൂപവും അൽഫോൻസാമ്മയുടെയും ഗീവർഗ്ഗീസ് പുണ്യാളന്റെയും ചിത്രങ്ങളുമുണ്ടായിരുന്നു.

"സലോമീ, നമുക്ക് ഇറയത്തിരുന്നു വല്ല വർത്താനോം പറയാം. അകത്തപ്പടി ആവിയാ." സെലീന പറഞ്ഞു. സലോമി അമ്മയോടൊപ്പം തിണ്ണയിലേക്കിറങ്ങി തൂണിൽ ചാരിയിരുന്നു.

"നീയെങ്ങനെയാ വന്നതിപ്പം?"

"ടാക്സി വിളിച്ച്."

"അപ്പഴ് നീല ലൈറ്റൊക്കെയുള്ള കാറോ?"

"അതെടുത്തില്ല."

"എന്റെ മാതാവേ, ഗീവർഗീസ് പുണ്യാളച്ചാ, അൽഫോൻസാമ്മേ, എന്റെ കൊച്ചിനെ ഇത്രേം വലിയ നെലേലെത്തിച്ചല്ലോ..." രണ്ടു കൈകളും രൂപങ്ങളുടെ നേർക്കുയർത്തി അതു പറയുമ്പോൾ സെലീനയുടെ കണ്ണുകൾ നിറഞ്ഞു വന്നു.


"എന്റപ്പനൂടെ ഇന്നുണ്ടായിരുന്നെങ്കിൽ എന്തു സന്തോഷമുണ്ടായേനെ?" സലോമി പറഞ്ഞു.

"കാണുന്നുണ്ട്. അറിയുന്നുണ്ട്. നീ ഭിത്തിയേലിരുന്ന പടം കൊണ്ടുപോയി ബംഗ്ലാവിൽ വച്ചിട്ടില്ലേ? എല്ലാ വഷളത്തരോം ചട്ടമ്പിത്തരോമുണ്ടായിരുന്നെങ്കിലും നിന്നെ ജീവനായിരുന്നു." സെലീനയുടെ മനസ്സിൽ മാത്തനുണ്ടായിരുന്ന കാലം തെളിഞ്ഞു. രണ്ടാളും മിണ്ടാതിരുന്നു അല്പനേരം.

"എടീ, നീ രണ്ടാംക്ലാസിൽ പഠിക്കുമ്പോഴാ മഴക്കാലത്ത് ഒരു ദിവസം രാവിലെ വയ്യാതെ കിടക്കുന്ന അമ്മയെ ചൂടുവെള്ളത്തിൽ കുളിപ്പിക്കുകയായിരുന്നു ഞാൻ. അമ്മേ കട്ടിന്മേൽ കൊണ്ടെ കിടത്തീട്ടു നോക്കുമ്പം കൊച്ചില്ല വീട്ടില്. ഞാനെല്ലാടത്തും നോക്കീട്ട് കാണുന്നില്ല. ഞാൻ വല്യവായിൽക്കരഞ്ഞു. അയലോക്കംകാരെല്ലാം കൂടി. കിണറ്റിലും നോക്കി. ഒരു ലക്ഷണോമില്ല. വഴിലെങ്ങാണ്ടുണ്ടായിരുന്ന നിന്റപ്പൻ അലറിപ്പാഞ്ഞുവന്നു. കിണറ്റുകരയിൽ കൊച്ചിന്റെ നീലക്കപ്പുകണ്ടു. എല്ലാരും നോക്കി നിൽക്കുമ്പം എടുത്തൊറ്റ ചാട്ടമായിരുന്നു കിണറ്റിലോട്ട്. കൂട്ടക്കരച്ചില്. വെള്ളം കുടിച്ച് വയറു വീർത്ത നിന്നേം തോളത്തിട്ട് പൊങ്ങി. ആളുകള് ഏണി ഇറക്കിക്കൊടുത്തു കരയ്ക്കുവന്നപ്പം ഒരിച്ചിരി ജീവൻ ശേഷിച്ചിട്ടുണ്ടായിരുന്നു, നെനക്ക്..." എല്ലാം ഒരിക്കൽക്കൂടി മുൻപിൽ കാണുംപോലെ സെലീന കിതച്ചു.

*(തുടരും)*

# അലിവിന്റെ ആൾരൂപം





ഫാ. ജോസഫ് നെച്ചിക്കാട്ട്

**കാ**സർകോടുജില്ലയിൽ പെർല ഭാഗത്തുള്ള കന്നടിക്കാനായിൽ ദേവകിയെ (65) മകൻ കൃഷ്ണൻ (36) അടുത്തുള്ള പുഴയിലെ പെരുവെള്ളത്തിലേക്കു തള്ളിയിട്ട വാർത്ത മാധ്യമങ്ങളിൽ വായിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി! ഒരു മകൻ അങ്ങനെ ചെയ്യുമോ?

രാത്രിയിൽ അമ്മയെ നിർബന്ധിച്ച് തന്റെ ഭാര്യഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയപ്പോൾ ആ മാതൃഹൃദയത്തിൽ പുത്രസ്നേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വഴിക്കുവച്ച്, തന്നെ അകാരണമായി പുഴയിലിറക്കിയപ്പോഴും അരുതാത്തതൊന്നും ആ അമ്മ ചിന്തിച്ചില്ല. എങ്കിലും, അതു സംഭവിച്ചു: പുഴയുടെ ആഴങ്ങളിലേക്ക് അവൻ അമ്മയെ ഉന്തിയിട്ടു. നിലവിളി കേട്ട് ഉടനടി നാട്ടുകാർ ഓടിക്കൂടിയതുകൊണ്ടു മാത്രമാണ് മരണം കാണാതെ ദേവകി രക്ഷപ്പെട്ടത്.

എന്തൊരു കടുംകൈ ആയിരുന്നു അത്! തെറ്റൊന്നും ചെയ്യാത്ത പെറ്റമ്മയെ അകാരണമായി, കൂലംകുത്തി ഒഴുകിവരുന്ന മലവെള്ളത്തിലേക്കു തള്ളിയിടുക! കൊടുംക്രൂരതയ്ക്കു 'മൃഗീയത' എന്നു നാം ചിലപ്പോഴൊക്കെ പറയാറുണ്ട്. അതു മൃഗങ്ങളെ പരിഹസിക്കുകയല്ലേ?

എത്രയോ സ്നേഹത്തോടും പ്രതീക്ഷയോടുംകൂടിയാണ് ഒരമ്മ തന്റെ കുഞ്ഞിനെ ജനിപ്പിച്ചു വളർത്തിയെടുക്കുന്നത്? അതുകൊണ്ടുതന്നെ ഏതു ഭാഷയിലെയും ഏറ്റവും ഇമ്പമേറിയ പദം 'അമ്മ' എന്നതാണ്. അമ്മ എന്ന വാക്കിന്റെ അർത്ഥംതന്നെ പൂജിക്കപ്പെടേണ്ടവൾ എന്നത്രേ!

മധുരിമയും മനോഹാരിതയും മുറ്റിനില്ക്കുന്ന അതിലെ 'മകാരം' ഏതാണ്ട് എല്ലാ ഭാഷയിലും പൊതുവാണെന്നതാണ് ഏറ്റവും വലിയ പ്രത്യേകത.

ഇനി മാതൃത്വത്തിന്റെ ആഴങ്ങളിലേക്ക് നമുക്ക് ഒന്നിറങ്ങിനോക്കാം. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണത്. ജീവിതത്തിലെ 'അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരു'മായ വിഭാഗമാണ് മാതാക്കൾ. 'ഗർഭിണികളുടെയും മുലകുടിപ്പിക്കുന്നവരുടെയും ദുരിത'ത്തെപ്പറ്റി യേശുതന്നെ പറയുന്നില്ലേ? അവർ നേരിടേണ്ടിവരുന്ന ശാരീരികവും മാനസികവുമായ ക്ലേശങ്ങളെയാണ് യേശു അർത്ഥമാക്കിയത്. നീറോ ചക്രവർത്തി റോമൻ സാമ്രാജ്യം ഭരിച്ചിരുന്ന കാലത്തായിരുന്നു യൂദയായിലെ വിപ്ലവം - എ.ഡി. 70 ൽ. അന്ന് റോമൻപട്ടാളക്കാർ യൂദയായിലെ തെരുവീഥികളിലൂടെ ഓടിനടന്ന് കണ്ണിൽക്കണ്ടവരെയെല്ലാം അതിദാരുണമായി അരിഞ്ഞുവീഴ്ത്തി. ഓടി രക്ഷപ്പെടാൻ കഴിയാത്തതുകൊണ്ട് ഗർഭിണികളും മുലകുടിപ്പിക്കുന്നവരുമാണ് ഏറ്റവും കൂടുതൽ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായത്. യേശുതന്നെ വിശേഷിപ്പിച്ചതുപോലെ, മാതൃത്വം എന്നും ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും മൂർത്തീഭാവമാണ്.

പഴയ തലമുറകളിലെ മാതൃത്വം ഏറ്റുവാങ്ങേണ്ടിവന്ന പരിമിതികളും പ്രാരബ്ധങ്ങളും വിവരണാതീതമാണ്. അതിലൊരുവളാണ് ദരിദ്രയായ ദേവകിയും. പട്ടിണി കിടന്നാണ് ആ പാവപ്പെട്ട അമ്മ മകനെ വളർത്തിയത്.

ജീവിതകാലത്ത് ഇത്രയേറെ വ്യഥയും വേദനയും പേറേണ്ടിവരുന്ന മാതൃത്വത്തിന് ആനുപാതികമായ പ്രതിനന്ദിയും പ്രതിസ്നേഹവും ലഭിക്കാറുണ്ടോ? മിക്കപ്പോഴും ദേവകിയുടെ അനുഭവമാണുണ്ടാവുക! വൈധവ്യമാകുമ്പോൾ, വാർദ്ധക്യമേറുമ്പോൾ അമ്മ ആർക്കും വേണ്ടാത്തതായി ത്തീരുന്നു!

ദേവകിയമ്മയുടെ കാര്യം ഓർത്തുനോക്കുക! വിറ്റുകാശാക്കുന്നതിലും കടുപ്പമല്ലേ ഒരാളെ കൊന്നു കാശാക്കുന്നത്? കൃഷ്ണൻ സൂത്രത്തിൽ ദേവകിയമ്മയെ മലവെള്ളത്തിൽ മുക്കിക്കൊല്ലുവാൻ മുതിർന്നതിന്റെ കാരണമാണ് ഏറെ രസാവഹം. കാലവർഷക്കെടുതികളിൽപ്പെട്ടു മരിക്കുന്നവരുടെ കുടുംബത്തിനു കിട്ടാവുന്ന ദുരിതാശ്വാസം കൈപ്പറ്റുവാനായിരുന്നത്രേ ആ ക്രൂരകൃത്യം! ഗതകാലസ്മരണകൾ ആ അമ്മയെ അലട്ടിയിട്ടുണ്ടാവണം. അവനെ നൊന്തു പ്രസവിച്ചത്, പാലൂട്ടിയത്, പട്ടിണി കിടന്നും പോറ്റിവളർത്തിയത്, അവൻ വളരുന്നതുകണ്ടു നിർവൃതിപൂണ്ടത്!

ഓടിക്കൂടിയ നാട്ടുകാർ കൃഷ്ണനെ 'കൈകാര്യം' ചെയ്യാൻ തുടങ്ങിയപ്പോൾ ഉടനടി ആ അമ്മ ഇടപെട്ടു: "അരുതേ, അവനെ ഒന്നും ചെയ്യരുതേ. കുടുംബത്തിന്റെ ദാരിദ്ര്യവും പ്രയാസവുംകൊണ്ട് അവൻ അങ്ങനെ ചെയ്തുപോയതാണ്-അമ്മയോട് ഒരു വിരോധവുമുണ്ടായിട്ടല്ല."

അലിവിന്റെ ആൾരൂപമായ അമ്മ! ക്ഷമിക്കുക മാത്രമല്ല, മകനെ നീതീകരിക്കുകകൂടി ചെയ്യുന്നു!

അലിവും ആർദ്രതയുമൊക്കെ ദൈവികഗുണങ്ങളാണ്- ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട (ഉത്പത്തി 1:26) മനുഷ്യനുമാത്രം നല്കപ്പെട്ടിരിക്കുന്ന ദൈവികഗുണം! അതാണ് ആ അമ്മയിൽ നാം കണ്ടത്. മാതൃസ്നേഹം പ്രകൃതിയിൽ വിതച്ചത് സ്രഷ്ടാവുതന്നെയാണ്. ഏറ്റവും നിർമ്മലമായ സ്നേഹം അതായിരിക്കണമെന്നും അവിടുന്ന് അഭിലഷിച്ചു. നമ്മോടുള്ള തന്റെ സ്നേഹം അവതരിപ്പിക്കുവാൻ അവിടുന്നു തിരഞ്ഞെടുത്ത പ്രതീകവും മറ്റൊന്നല്ല. "ഒരമ്മയ്ക്ക് തന്റെ കുഞ്ഞിനെ മറക്കാനാവുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശയ്യാ 49:15).

മാതൃസ്നേഹത്തെയും അതിലൂടെ അനാവരണം ചെയ്യപ്പെടുന്ന ദൈവസ്നേഹത്തെയും സ്പർശിച്ചറിയുവാൻ നമുക്കു കഴിയുമാറാകട്ടെ.

■




പുഴയൊഴുകുംവഴി — മാത്യൂസ് ആർപ്പൂക്കര

സയർ എന്നായിരുന്നു പണ്ട് കോംഗോനദിയുടെ പേര്. ലോകത്തിലെ രണ്ടാമത്തെ വലിയ മഴക്കാടായ കോംഗോ മഴക്കാടുകളിലൂടെയും പുൽമേടുകളിലൂടെയുമാണ് കോംഗോ നദിയുടെ ഒഴുക്ക്. നൈൽനദി കഴിഞ്ഞാൽ ആഫ്രിക്കൻ സംസ്കാരത്തെ വളർത്തിയ ഏറ്റവും പ്രധാനപ്പെട്ട നദി കോംഗോ തന്നെ. ഉൾക്കൊള്ളുന്ന വെള്ളത്തിന്റെ അളവിൽ ആമസോണിനു പിന്നിൽ ലോകത്തു രണ്ടാംസ്ഥാനത്തുണ്ട് ഈ നദി.

ലോകത്തിലെ ഏറ്റവും ആഴമേറിയ നദി കൂടിയാണു കോംഗോ. ചിലയിടങ്ങളിൽ കോംഗോയ്ക്കു 220 മീറ്ററിലധികം ആഴമുണ്ട്. നീളത്തിൽ ആഫ്രിക്കയിൽ രണ്ടാംസ്ഥാനവും ലോകത്തിൽ ഒൻപതാം സ്ഥാനവുമാണ്. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ (പഴയ സയർ), സാംബിയ, എന്നീ രാജ്യങ്ങളുടെ അതിർത്തിക്കടുത്തുനിന്നാണ് ഈ നദി ഉദ്ഭവിക്കുന്നത്. തുടർന്നു റിപ്പബ്ലിക് ഓഫ് അംഗോള, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്, സാംബിയ, കോംഗോ, കാമറൂൺ, ടാൻസാനിയ എന്നീ രാജ്യങ്ങളിലൂടെ ഒഴുകി ഒടുവിൽ അറ്റലാന്റിക് സമുദ്രത്തിൽ പതിക്കുന്നു. നീളം 4700 കി. മീറ്റർ വരും.

ആഫ്രിക്കയിൽ ഏറ്റവും ഒഴുക്കുള്ള നദികളിൽ ഒന്നാണ് കോംഗോ. നാൽപതോളം ജലവൈദ്യുത പദ്ധതികൾ ഈ നദിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാനപ്പെട്ടത് ഇൻഗാഡാം പദ്ധതി തന്നെ. 1970 ൽ ഈ പദ്ധതി പൂർത്തീകരിച്ചു.

കോംഗോ നദിക്ക് ഒട്ടേറെ പോഷകനദികളുണ്ട്. പ്രധാനപ്പെട്ടതു മൂന്നെണ്ണമാണ്. ഉബാംഗി, സംഘ, കസൽ എന്നിവയാണവ. ആ രാജ്യത്തെ ചരക്കുഗതാഗതത്തിനുള്ള പ്രധാന ഹൈവേ ആയ ഈ നദിക്കു അന്നാട്ടുകാർ വിളിച്ച പേരാണ് 'ലുബാബ'.

# അണ്ണാൻകുഞ്ഞും തന്നാലായത്




കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

**കൊ**വിഡ് 19 ലോകം മുഴുവൻ ചുറ്റിക്കറങ്ങി ദൈവത്തിന്റെ സ്വന്തം നാട്ടിലും എത്തി. കേരളം കുറെനാളത്തേക്ക് അടഞ്ഞുകിടന്നു. പ്രകൃതി പ്രസാദവതിയായി. ഭാഗികമായി അടഞ്ഞുകിടന്ന റോഡുകളിൽ വിഷവാതകങ്ങൾ നിറഞ്ഞില്ല. ജലാശയങ്ങൾ തെളിഞ്ഞു.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജനങ്ങൾ ഒറ്റക്കെട്ടായി കൊറോണയ്ക്കെതിരേ അണിനിരന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സന്മനസ്സുള്ളവർ കൈയയച്ചു സംഭാവന ചെയ്തു.

ജോൺ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. നന്നായി പഠിക്കും. സഹൃദയനാണ്. നാടിന് നേരിട്ടിരിക്കുന്ന പ്രതിസന്ധിഘട്ടത്തിൽ നാടിനുവേണ്ടി തനിക്കു കഴിയുന്നവിധത്തിൽ സഹായിക്കണമെന്ന് ആ കൊച്ചുമിടുക്കനു തോന്നി. തന്റെ കാശുകുടുക്കയിലെ കൊച്ചുസമ്പാദ്യം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു സംഭാവന കൊടുക്കട്ടേ എന്ന് അമ്മയോടു ചോദിച്ചു.

മകന്റെ നല്ല മനസ്സ് അറിഞ്ഞ് അമ്മ സന്തോഷിച്ചു. മകനെ അഭിനന്ദിച്ചു. ജോൺ രൂപ ക്ലാസ് ടീച്ചറെ ഏല്പിച്ചു. ക്ലാസ് ടീച്ചർ പ്രധാനാധ്യാപകനെ വിവരമറിയിച്ചു. അദ്ദേഹം പി.ടി.എ. യോഗം വിളിച്ചു. യോഗത്തിൽ മുഖ്യാതിഥിയായി ജനപ്രതിനിധിയെ ക്ഷണിച്ചു. അദ്ദേഹം പണം ഏറ്റുവാങ്ങി ജോണിനെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു: "അണ്ണാൻകുഞ്ഞും തന്നാലയത്. ശ്രീരാമലക്ഷ്മണന്മാർ സീതാന്വേഷണത്തിനു പുറപ്പെട്ടപ്പോൾ ഹനുമാന്റെ നേതൃത്വത്തിൽ സേതുബന്ധനം നടത്തി ലങ്കയിലെത്താൻ തീരുമാനിച്ചു. എല്ലാവരും കഠിനാധ്വാനം നടത്തി ചിറകെട്ടിക്കൊണ്ടിരുന്നപ്പോൾ ഒരു അണ്ണാൻകുഞ്ഞ് ചിറകെട്ടാൻ മണ്ണുകൊണ്ടുവന്നിടുന്നതുകണ്ട് എല്ലാവർക്കും സന്തോഷമായി. അണ്ണാൻകുഞ്ഞും തന്നാലാവുന്ന സഹായം ചെയ്തു. അതുപോലെ നമ്മുടെ ജോൺകുട്ടിയും കൊറോണരോഗികളെ ചികിത്സിക്കുന്നതിനുവേണ്ടി തന്നാലാവുന്ന സഹായം നൽകി. ആ കൊച്ചുമിടുക്കന്റെ വലിയ മനസ്സ് അഭിനന്ദനമർഹിക്കുന്നു."

ജനപ്രതിനിധിയുടെ വാക്കുകൾ കേട്ട് എല്ലാവരും ജോണിനെ കൈയടിച്ച് അഭിനന്ദിച്ചു.

കൊല്ലാവസാനപ്പരീക്ഷയ്ക്ക് ജോണിന് എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടി. തുടർന്നു പഠിക്കാൻ സാമ്പത്തികബുദ്ധിമുട്ടുണ്ടായിരുന്നു. വിവരമറിഞ്ഞ ഒരു ധനികൻ ജോണിന്റെ പഠനച്ചെലവ് ഏറ്റെടുത്തു.

തന്നാലാവുംവിധം മറ്റുള്ളവരെ സഹായിച്ചാൽ വേണ്ടസമയത്ത് മറ്റുള്ളവരിൽനിന്നും സഹായം ലഭിക്കും. 'കൊച്ചിയിൽ കൊടുത്താൽ കൊല്ലത്തു കിട്ടും.'

# വിശ്വാസം നഷ്ടപ്പെടുന്ന സന്ന്യാസം!




ഫാ. റ്റോമി കാരംവേലി സി.എം.ഐ.

'അന്തശ്ഛിദ്രമുള്ള രാജ്യം നിലനിൽക്കുകയില്ല. അന്തശ്ഛിദ്രമുള്ള ഭവനവും നിലനിൽക്കുകയില്ല.' (മർക്കോ. 3:24,25). മലയോരങ്ങളിൽ പ്രസംഗിച്ച്, രോഗികളെ സുഖപ്പെടുത്തിയ സുവിശേഷത്തിലെ ക്രിസ്തുവിനെ അനുധാവനം ചെയ്യുന്ന കടമ, സ്വയം ഏറ്റെടുത്തു ജീവിക്കുന്ന സമൂഹമാണ് സന്ന്യാസസഭകൾ. ഭക്തി, ജ്ഞാന, കർമ്മമാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിന്റെ പുനരവതരണമാണ് ഓരോ സന്ന്യാസിയുടെയും ജീവിതത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത് എന്നിരിക്കേ സന്ന്യാസസഭകൾക്കും വ്യക്തികൾക്കും മൂല്യച്യുതി സംഭവിക്കുന്നുവോ എന്നത് ആനുകാലികസംഭവങ്ങളെ മുൻനിർത്തി പരിചിന്തനത്തിനു വിധേയമാക്കേണ്ടതുണ്ട്.

ഒരു ആശ്രമത്തിന്റെ കെട്ടുറപ്പ് അതിന്റെ തടിയുടെയും മണ്ണിന്റെയും ഉറപ്പിലല്ല; മറിച്ച്, അവിടെ വസിക്കുന്ന അംഗങ്ങളുടെ പരസ്പരസ്നേഹത്തിലാണ് എന്ന് വി. ചാവറയച്ചൻ പറയുമ്പോൾ, സന്ന്യാസജീവിതത്തിന്റെ അടിസ്ഥാനശില ക്രിസ്തുവും അവന്റെ അകമഴിഞ്ഞ സ്നേഹവുമാണെന്നു വ്യക്തം. 'പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ തന്റെ അടുക്കലേക്കു വിളിച്ചു' (മർക്കോ 3:13). ഈ വിളിയും തിരഞ്ഞെടുപ്പുമാണ് സന്ന്യാസസമൂഹത്തിന്റെ കൂട്ടായ്മയ്ക്കു നിദാനം. തുടർന്ന്, 'തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടു പേരെ നിയോഗിച്ചു' (14,15).

ഇങ്ങനെ നിയുക്തരാക്കപ്പെടുന്ന സന്ന്യാസസമൂഹങ്ങളിൽ, പരസ്പരമുള്ള വിശ്വാസമില്ലായ്മയിൽ എന്താണ് പ്രഘോഷിക്കപ്പെടുന്നത്? സമൂഹാംഗങ്ങളിലെ പരസ്പരസ്നേഹമില്ലായ്മ ക്രിസ്തുസ്നേഹത്തെ പരാജയപ്പെടുത്താനല്ലേ ഉപകരിക്കൂ? വിശ്വാസ, സ്നേഹക്കൂട്ടായ്മയാണ് ക്രൈസ്തവസാക്ഷ്യം. അതിന്റെ തീവ്രഭാവം ഉൾക്കൊള്ളുന്ന സമൂഹങ്ങളാണ് സന്ന്യാസസമൂഹങ്ങൾ. ആരോപണപ്രത്യാരോപണങ്ങൾവഴി മലീമസമാക്കപ്പെടുന്ന സഞ്ചാരപഥങ്ങളിലായാലും 'ക്രിസ്തുമാർഗ്ഗം' രൂപപ്പെടുന്നു. ഇത് സന്ന്യാസസമൂഹങ്ങളിലെ വിഘടവാദത്തിനു തുടക്കമിടും എന്നതു തീർച്ച.

ക്രിസ്തുസാഹോദര്യത്തിൽ ജീവിക്കാൻ സന്ന്യാസസമൂഹങ്ങൾ ശ്രദ്ധിക്കുന്നിടത്താണ് സുവിശേഷം അർത്ഥവത്തായി ജീവിക്കുന്നത്. ധാരണകൾക്കും ധാരണപ്പിശകുകൾക്കുമപ്പുറം അധികാരികളിലൂടെ ദൈവോന്മുഖതയുടെ വെളിപ്പെടുത്തലുകളാണ് ഓരോ തീരുമാനവുമെന്നു സമൂഹാംഗങ്ങൾ മനസ്സിലാക്കണം. പ്രതിഫലം ഇച്ഛിക്കാത്ത നിസ്വാർത്ഥസ്നേഹത്തിന്റെ ഉറവിടമാണ് പിതാവായ ദൈവം. അങ്ങനെതന്നെ തങ്ങളുടെമേൽനോട്ടത്തിന് ഏല്പിക്കപ്പെട്ടിട്ടുള്ളവരെ ഈ സ്നേഹവലയത്തിൽ ഒന്നിപ്പിക്കാൻ അധികാരികൾ ശ്രദ്ധിക്കുന്നിടത്താണ് പിതാവായ ദൈവത്തിന്റെ കരുതലും സ്നേഹവും സമൂഹത്തിനു സംരക്ഷണമായിത്തീരുന്നത്.



സഭയുടെ കരുത്ത് സന്ന്യാസി ഭവനങ്ങളാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുമ്പോൾ ക്രിസ്തുധർമ്മം, സ്വധർമമായി കണ്ടു ജീവിക്കുന്ന സന്ന്യാസസമൂഹങ്ങളാണ് പിതാക്കന്മാരുടെ മനസ്സിൽ നിലനിന്നിരുന്നത്. ആദ്യനൂറ്റാണ്ടുകളിൽ മാത്രമല്ല, മധ്യകാലഘട്ടത്തിലും സഭയ്ക്കു വിശുദ്ധരെ നൽകിയിരുന്നത് സന്ന്യാസസഭകളായിരുന്നു. അവരുടെ വിശുദ്ധിയുടെ നിക്ഷേപത്തിൽനിന്നാണ് സഭ വിശുദ്ധിയുടെ മകുടം ചൂടിയിരുന്നതും. എന്നാൽ, കളങ്കിതമാക്കപ്പെടുന്നവിധം സന്ന്യാസസഭകളുടെയും അതിന്റെ ഫലമായി കത്തോലിക്കാസഭയുടെയും വിശുദ്ധിയിലുള്ള നിലനില്പിന് കേടുപാടുകൾ വന്നുതുടങ്ങിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു സന്ന്യാസ/സന്ന്യാസിനീസമൂഹത്തെ ആത്മീയമായി ഉജ്ജീവിപ്പിച്ചുനിർത്തുന്ന പ്രധാന ഘടകം അതു നിരന്തരമായി നിഷ്ഠയോടെ ക്രമപ്പെടുത്തുന്ന മാനുഷികനന്മതന്നെയാണ്. സുവിശേഷത്തിലെ ക്രിസ്തുവിനെ സന്ന്യാസം കണ്ടെത്തുന്നത് അവനവന്റെ ഉള്ളിലും കർമ്മപഥങ്ങളിലും കാത്തുസൂക്ഷിക്കുന്ന മാനുഷികമൂല്യങ്ങളിലുമാണ്. വ്യക്തിതാത്പര്യങ്ങളും സുഖങ്ങളും അതിക്രമിച്ചു കയറിയാൽ സന്ന്യാസസമൂഹമെന്നത് ആൾക്കൂട്ടമായി മാറും. വെറും സ്വത്തിന്റെയും അഹന്തയുടെയും കാവൽക്കാരായി സന്ന്യാസികൾക്കു രൂപമാറ്റം വന്നുചേരുമ്പോൾ അത് ആഗോളസഭയുടെ മുറിവിന്റെ ആഴം വർധിപ്പിച്ചുകൊണ്ടിരിക്കും. □

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# കൊവിഡിതരം കൊറോണേതരം

കൊറോണ, കൊവിഡ് എന്നീ വാക്കുകൾ തദ്സമങ്ങളായി മലയാളി സ്വീകരിച്ചുകഴിഞ്ഞു. നിരന്തരമായ മാധ്യമവിനിമയത്താൽ അവ പരിചിതപദങ്ങളായി. ലോകാരോഗ്യസംഘടനയാണ് ഈ രണ്ടു വാക്കുകൾ ലോകത്തിനു പരിചയപ്പെടുത്തിയത്. കൊറോണ, കൊവിഡ് എന്നിവയോട് സംസ്കൃതത്തിൽ നിന്നോ മലയാളത്തിൽനിന്നോ പദങ്ങൾ കൂട്ടിച്ചേർത്ത് സമസ്തപദങ്ങൾ സൃഷ്ടിക്കാം.

കോൺഗ്രസ് + ഇതരം = കോൺഗ്രസ്സിതരം, കമ്മ്യൂണിസ്റ്റ് + ഇതരം = കമ്മ്യൂണിസ്റ്റിതരം. ഇവ പോലെ, കൊവിഡ് + ഇതരം = കൊവിഡിതരം. കൊവിഡേതരം തെറ്റായ പ്രയോഗമാണ്. ഇതരം എന്ന വാക്കിന് മറ്റൊന്ന് എന്നർത്ഥം. കോൺഗ്രസ്സല്ലാത്ത, കമ്മ്യൂണിസ്റ്റല്ലാത്ത, കൊവിഡല്ലാത്ത എന്നായാൽ നല്ല മലയാളമായി. കൊവിഡിനുശേഷം എന്നർത്ഥം കിട്ടാൻ കൊവിഡനന്തരം എന്നു മതി. 'കൊവിഡാനന്തരം' തെറ്റായ പ്രയോഗമാണ്. കൊവിഡ് + അനന്തരം = കോവിഡനന്തരം.

കൊറോണ + ഇതരം ചേർത്തെഴുതുമ്പോൾ കൊറോണേതരം എന്നുവരും. (അ+ഇ=എ). അവർണ്ണത്തിനുശേഷം ഇ, ഉ, ഋ വർണ്ണങ്ങൾക്കു ഗുണാദേശം എന്നു നിയമം. കൊറോണ + ഇതരം = കൊറോണേതരം. കൊറോണ + ഇതരം = കൊറോണയിതരം എന്നായാൽ മലയാളസന്ധിയായി. കൊറോണ, ഇതരം ഇവ രണ്ടും അന്യഭാഷാപദങ്ങളായതിനാൽ മലയാളസന്ധിനിയമം പ്രായോഗികമാണോ എന്ന കാര്യത്തിൽ സംശയമുണ്ട്.

കൊറോണ + അനന്തരം ചേർത്തെഴുതുമ്പോൾ കൊറോണാനന്തരം എന്നു വരും. സന്ധിക്കുന്ന സ്വരങ്ങൾ സവർണ്ണങ്ങൾ ആണെങ്കിൽ രണ്ടിനുംകൂടി ആ വർണ്ണത്തിന്റെ ദീർഘം ആദേശം എന്ന നയമനുസരിച്ചാണ് കൊറോണ + അനന്തരം, കൊറോണാനന്തരം ആകുന്നത്. കൊറോണയ്ക്കുശേഷം എന്നർത്ഥം. കൊറോണയനന്തരം എന്ന പ്രയോഗം നിലവിലുള്ള നിയമമനുസരിച്ച് സാധുവല്ല.

**ജോൺ കുന്നപ്പള്ളി, ഫാ. പ്രക്രിയാഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം – 32, 34.*

# തിരുവിതാംകൂറിന്റെ ഝാൻസിറാണി

*4-ാം പേജ് തുടർച്ച*

അതു വേണ്ട പാപ്പച്ചൻ (അഡ്വ. സി.എം. മാത്യു കുരീക്കാട്ട്) തന്നെ അധ്യക്ഷനായാൽ മതി എന്നായി ചാണ്ടിസാർ. അക്കാമ്മ ഉദ്ഘാടനം ചെയ്യട്ടെ എന്നും ചേടത്തി (മിസ്സിസ് ആർ.വി.)യും വേണമെന്നും പറഞ്ഞു. മാമിക്കുട്ടിച്ചേട്ടത്തിയെ(മിസ്സിസ് പി.ടി. ചാക്കോ)ക്കൂടി വിളിച്ചാലോ എന്നു ഞാൻ ചോദിച്ചുതീരുംമുമ്പ് വളരെ നല്ലത് എന്ന് ചാണ്ടി സാറിന്റെ മറുപടി. എം.എൽ.എ.യെക്കൂടി വിളിക്കണമെന്നും ചാണ്ടിസാർ നിർദ്ദേശിച്ചു. ജൂബിലിസന്ദേശം പറയാമെന്നു ചാണ്ടിസാറും സമ്മതിച്ചു.

പാലായിലെ സമ്മേളനത്തിന് ചാണ്ടിസാറിനു പുറമെ അക്കാമ്മയും മിസ്സിസ് പി.ടി. ചാക്കോയും പങ്കെടുത്തു. അമ്മയും കെ.എം. മാണിയും അന്ന് മുനിസിപ്പൽ ചെയർമാൻ ആയിരുന്ന തോമസ് ജോസഫ് കൊട്ടുകാപ്പള്ളിയും(ജോർജ് തോമസ് കൊട്ടുകാപ്പള്ളിയുടെ മകൻ) പ്രസംഗിക്കുകയും ചെയ്തു.

എന്നാൽ, ഞാൻ അദ്ഭുതപ്പെട്ടത്, യോഗം കഴിഞ്ഞപ്പോൾ അക്കാമ്മ എന്നോട് നമുക്ക് കൊട്ടുകാപ്പള്ളിവരെ ഒന്നു പോകാമോ എന്നു ചോദിച്ചപ്പോഴാണ്. ചേച്ചമ്മയെ (മിസ്സിസ് ജോർജ് തോമസ് കൊട്ടുകാപ്പള്ളി) ഒന്നു കാണാതെ എങ്ങനെയാണ് പോകുന്നതെന്നും ചോദിച്ചപ്പോൾ പഴയകാല നേതാക്കളുടെ വ്യക്തിബന്ധങ്ങളുടെ ആഴമാണ് എന്നെ സ്തബ്ധനാക്കിയത്. എത്ര സ്വാഭാവികമായ സൗഹൃദത്തോടെയാണ് ചേച്ചമ്മച്ചേടത്തി തന്റെ ഭർത്താവിന്റെ എതിർസ്ഥാനാർത്ഥിയായിരുന്ന അക്കാമ്മയെ കൊട്ടുകാപ്പള്ളിയിലേക്കു സ്വീകരിച്ചതും സ്നേഹത്തോടെ കെട്ടിപ്പിടിച്ചു സ്വാഗതം ചെയ്തതും പിന്നെ കാപ്പി പലഹാരങ്ങൾ കൊണ്ടു സത്കരിച്ചതുമൊക്കെ എന്നതു മധുരമുള്ള ഓർമ്മകൾ മാത്രമല്ല ഹൃദ്യമായ രാഷ്ട്രീയപാഠങ്ങളുമായിരുന്നു.

പിന്നീടും രണ്ടുമൂന്നുതവണ അക്കാമ്മയെ കണ്ടത് കോട്ടയത്തു സ്വാതന്ത്ര്യസമരക്കാർക്ക് പെൻഷന് ശിപാർശ ചെയ്യാനുള്ള ഉപദേശകസമിതിയിലേക്ക് അമ്മയും അക്കാമ്മയും അംഗങ്ങളായി വന്നപ്പോഴാണ്. രണ്ടു പേരും ബസിലാണ് മീറ്റിംഗിനു കളക്ട്രേറ്റിലേക്ക് എത്തുക. തിരിച്ചുപോരുമ്പോൾ തിരുനക്കര ബസ് സ്റ്റാൻഡിലേക്കു വർത്തമാനമൊക്കെ പറഞ്ഞുകൊണ്ടു നടക്കും. എന്നിട്ട് തിരുനക്കര എത്തുമ്പോൾ അന്നത്തെ റൊസാരിയോ ഹോട്ടലിൽ കയറി കോഫിയും രണ്ടു പേരുടെയും ഇഷ്ടപലഹാരവും – കട്ട്ലറ്റോ ബനാന ഫ്രൈയോ – കഴിച്ച് ഒരാൾ കാഞ്ഞിരപ്പള്ളിക്കും മറ്റേ ആൾ പാലായ്ക്കും മടങ്ങും. റൊസാരിയോയിലെ സായിപ്പ് എത്ര വലിയ ആദരവോടെയാണ് അവരെ അവിടെ സ്വീകരിച്ചിരുന്നതെന്നും ഓർമ്മിക്കുന്നു.

തിരുവനന്തപുരത്തേക്കു താമസം മാറ്റിയതിനുശേഷം അക്കാമ്മയെ കാണാൻ സാധിച്ചിരുന്നില്ല. 1982 മേയ് 5 ന് അവർ അന്തരിച്ചു. എവിടെയാണോ താൻ ഒരുലക്ഷം സന്നദ്ധഭടന്മാരുമായി രാജകൊട്ടാരം വളഞ്ഞു തടവിലാക്കപ്പെട്ട സ്റ്റേറ്റ് കോൺഗ്രസ് നേതാക്കളെ ജയിൽമോചിതരാക്കിയത്, അതേ നഗരത്തിലാണ് അവർ ആരാലും തിരിച്ചറിയപ്പെടാതെ എഞ്ചിനീയറിങ് വിദ്യാർത്ഥി ആയിരുന്ന ഏക മകൻ ജോർജുമൊത്ത് എട്ടു വർഷത്തോളം അവരുടെ അന്ത്യകാലം കഴിച്ചുകൂട്ടിയത്. പിൽക്കാലത്ത് ശ്രീ ഡി.സി. കിഴക്കേമുറിയുടെ നിരന്തരപരിശ്രമഫലമായി രാജ്ഭവനു എതിർവശത്തായി അക്കാമ്മ ചെറിയാന്റെ പ്രതിമയും സ്മൃതിമണ്ഡപവും സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ ആ പ്രതിമ കാണാതെ ആർക്കും ഒരിക്കലും രാജ്ഭവനിൽ താമസിക്കുന്ന ഒരു ഗവർണറെയും കാണാൻ സാധിക്കുകയില്ല. ഡി.സി.ക്ക് നന്ദി.

തിരുവിതാംകൂറിന്റെ ഝാൻസിറാണിക്കു പ്രണാമം. □

# 'ഫ്രത്തെല്ലി തൂത്തി 'യും കോതയുടെ പാട്ടും



ഡോ. ജോഷി മയ്യാറ്റിൽ

ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനവും കോതയും തമ്മിൽ എന്തു ബന്ധം എന്നു നിങ്ങൾ അദ്ഭുതപ്പെടുന്നുണ്ടാകും. 'ഫ്രത്തെല്ലി തൂത്തി'യുടെ വ്യാഖ്യാതാക്കൾ പലരും പഴയ കോതയുടെ പിൻതലമുറക്കാരാണോ എന്നു സ്വാഭാവികമായും സംശയമുളവാകുംവിധമാണ് കാര്യങ്ങളുടെ പോക്ക്.

**ഫ്രത്തെല്ലിസഖാക്കൾ**

കാപ്പിറ്റലിസ്റ്റു വ്യവസ്ഥിതിയെക്കുറിച്ച് 2015-ൽ 'സുവിശേഷത്തിന്റെ ആനന്ദം' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ നടത്തിയ ചില നിരീക്ഷണങ്ങൾ 'വത്തിക്കാനിലെ കമ്മ്യൂണിസ്റ്റുകാരൻ' എന്ന കളിപ്പേര് അദ്ദേഹത്തിനു നല്കാൻ റഷ് ലിംബോയെപ്പോലുള്ള ചില അമേരിക്കൻ വിമർശകരെ പ്രേരിപ്പിച്ചിട്ടുള്ളതാണ്. ഈ ചാക്രികലേഖനത്തോടെ അത് കേരളത്തിൽ ഉറപ്പിച്ചെടുക്കാൻ ചിലർ കഷ്ടപ്പെടുന്നതായി തോന്നുന്നു. 'ഫ്രത്തെല്ലി തൂത്തി'യെക്കുറിച്ച് ഇതിനകം കേരളത്തിൽ പുറത്തിറങ്ങിയ പല ലേഖനങ്ങളിലും എഡിറ്റോറിയലുകളിലും ഫേസ്ബുക്ക് ലൈവുകളിലും നിക്ഷിപ്തതാത്പര്യങ്ങൾ വല്ലാതെ മുഴച്ചുനില്ക്കുന്നുണ്ട്. കാപ്പിറ്റലിസത്തെക്കുറിച്ചുള്ള പാപ്പായുടെ നിരീക്ഷണങ്ങൾ കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിനുള്ള അംഗീകാരമായി വ്യാഖ്യാനിക്കാൻ പലരും തത്രപ്പെടുന്നുണ്ട്. ആഴമായ ദൈവവിശ്വാസവും വർഗീകരണമില്ലാത്ത സാർവത്രികസ്നേഹവും ഓരോ വ്യക്തിയുടെയും അതുല്യമായ ശ്രേഷ്ഠതയുമാണ് ഈ രേഖയുടെ ഊടും പാവും എന്നു തിരിച്ചറിയാനാവാത്തതിന്റെ ദോഷമാണ് അത്തരം വ്യാഖ്യാനങ്ങൾക്കുള്ളത്. ഗബ്രിയേൽ മാർസലിനെയും പോൾ റിക്കറെയുംപോലുള്ളവരുടെ ദർശനങ്ങളിൽ പാപ്പാ കാണിക്കുന്ന താത്പര്യവും തത്പരകക്ഷികളുടെ കണ്ണിൽപെട്ടിട്ടില്ല. മാത്രമല്ല, ലിയോ പതിമ്മൂന്നാമൻ പാപ്പായുടെ 'റേരും നൊവാരും' (1891) മുതലിങ്ങോട്ടുള്ള സാമൂഹികപ്രബോധനങ്ങളിൽ വെളിവാകുന്ന, ഇടതു-വലതുപ്രത്യയശാസ്ത്രങ്ങളിൽനിന്നു വ്യത്യസ്തമായി സഭയ്ക്കുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ഇവർക്ക് ഒരു ധാരണയും ഇല്ലെന്നും വ്യക്തമാണ്. വിപണിയെ കേന്ദ്രീകരിക്കുന്ന കാപ്പിറ്റലിസവും അധികാരത്തെ കേന്ദ്രീകരിക്കുന്ന കമ്മ്യൂണിസവും സഭയ്ക്ക് ഒരുപോലെ അനഭിമതങ്ങളാണെന്ന് 'റേരും നൊവാരും' മുതൽ 'ഫ്രത്തെല്ലി തൂത്തി' വരെ നീളുന്ന സഭാപ്രബോധനങ്ങളും പ്രൊഫ. മൗറിസ് ഗ്ലാസ്മാനെപ്പോലുള്ളവരുടെ കൃതികളും വായിച്ചാൽ മനസ്സിലാകും.

**സൊറെല്ലെ തൂത്തെ**

ഇറ്റാലിയൻ ഭാഷയിൽ 'ഫ്രത്തെല്ലി' പുല്ലിംഗമായതിനാൽ ശീർഷകത്തിൽത്തന്നെ പുരുഷമേധാവിത്വമുണ്ടെന്ന വാദവുമായി ഫെമിനിസ്റ്റുകൾ രംഗത്തിറങ്ങി. അസീസിയിലെ വി. ഫ്രാൻസിസ് തന്റെ സന്ന്യാസസഭാംഗങ്ങൾക്കു നല്കിയ ഉപദേശത്തിൽ (admonitions, 6) അഭിസംബോധനയ്ക്കായി അദ്ദേഹം ഉപയോഗിച്ച പ്രയോഗം തന്റെ ചാക്രികലേഖനത്തിന്റെ ശീർഷകമായി ഫ്രാൻസിസ് പാപ്പാ ഉപയോഗിക്കുമ്പോൾ, മനുഷ്യരെല്ലാവരെയും അത് ഉൾക്കൊള്ളുന്നു എന്നു ചിന്തിക്കാൻ സാമാന്യബുദ്ധി ധാരാളം മതി.

**വിരുദ്ധസഹോദരങ്ങൾ**

എല്ലാവരും സഹോദരങ്ങളല്ല എന്നു സ്ഥാപിക്കാൻ ഈയിടെ ചിലർ കച്ചകെട്ടിയിറങ്ങിയിരിക്കുന്നതും കാണാനിടയായി. ബൈബിളിലെ ചില ഉദ്ധരണികളുടെ സഹായത്തോടെ, യേശുക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ചവർ മാത്രമാണ് സഹോദരർ എന്നു സ്ഥാപിക്കാനാണ് അവരുടെ ശ്രമം. 'ഫ്രത്തെല്ലി തൂത്തി'യിലെ രണ്ടാം അധ്യായം വായിച്ചാൽ തീരാവുന്ന പ്രശ്നമേ അവർക്കുള്ളൂവെങ്കിലും, ഫ്രാൻസിസ് പാപ്പാ സ്ഥാനമേറ്റെടുത്ത സമയംമുതൽ അദ്ദേഹത്തെ അംഗീകരിക്കാതെ സ്വയം ശീശ്മയിൽ പെട്ടിരിക്കുന്നവർക്ക് അതു മതിയാവില്ലെന്നതിൽ സംശയമില്ല.

**ഗതികെട്ടവർ വേലിക്കു പുറത്ത്**

കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും സ്വീകരിക്കാൻ നിരന്തരം ആഹ്വാനം ചെയ്യുന്ന പാപ്പാ ഈ ചാക്രികലേഖനത്തിന്റെ നാലാം അധ്യായം മുഴുവൻ ആ വിഷയത്തിനായി നീക്കിവച്ചിരിക്കുന്നതു പലരെയും ചൊടിപ്പിച്ചിട്ടുണ്ട്. 'മണ്ണിന്റെ മക്കൾ വാദം' പലയിടങ്ങളിൽ പലരീതികളിൽ ഉയരുമ്പോൾ മണ്ണ് ആത്യന്തികമായി ദൈവത്തിന്റേതാണെന്നും അത് എല്ലാ മനുഷ്യർക്കും - പ്രത്യേകിച്ച്, പാവപ്പെട്ടവർക്കും അഗതികൾക്കും - അവകാശപ്പെട്ടതാണെന്നും പാപ്പാ വാദിക്കുന്നു! മക്കളില്ലാത്തവർക്ക് മണ്ണുണ്ടായിട്ട് എന്തു കാര്യം എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്.

ഇസ്ലാമികകുടിയേറ്റത്തിനുള്ള പ്രോത്സാഹനമായി പാപ്പായുടെ നിലപാടു മാറും എന്നതാണ് ഈ വിഷയത്തിൽ ചിലരുടെ മുഖ്യമായ ആരോപണം. സ്വന്തം വേരുകൾ ബലപ്പെടുത്തിയിട്ടുള്ളവന് അപരർ ഒരിക്കലും ഭീഷണിയല്ല എന്ന 143-ാം ഖണ്ഡികയിലെ പാപ്പായുടെ പ്രസ്താവന പാശ്ചാത്യലോകം തങ്ങളുടെ ക്രൈസ്തവ വേരുകൾ അംഗീകരിക്കണമെന്ന ധ്വനിതന്നെയാണ് മുഴക്കുന്നത്. ക്രിസ്തുവിൽ വേരുറപ്പിച്ചിട്ടുള്ളവന് അപരർ സുവിശേഷപ്രഘോഷണത്തിനുള്ള വേദിയാണ് സമ്മാനിക്കുന്നത്. 'എവഞ്ചേലി ഗൗദിയും', 'ക്രിസ്തൂസ് വീവിത്' എന്നീ അപ്പസ്തോലികാഹ്വാനങ്ങളിലൂടെയും



അസാധാരണ മിഷൻമാസപ്രഖ്യാപനത്തിലൂടെയും തുടർച്ചയായ പ്രബോധനങ്ങളിലൂടെയും ക്രൈസ്തവരുടെ പ്രേഷിതചൈതന്യം ഉജ്ജ്വലിപ്പിക്കാൻ ശ്രമിക്കുന്ന ഫ്രാൻസിസ് പാപ്പാ സുവിശേഷവത്കരണബോധ്യങ്ങളോടെ ഇത്തരം വിഷയങ്ങളെ സമീപിക്കാനാണ് നമ്മെ പ്രചോദിപ്പിക്കുന്നത്.

**ക്രൈസ്തവികതയിൽ വേരൂന്നിയ രേഖ**

ഈ രേഖയുടെ ഊടും പാവും വിശുദ്ധ ഗ്രന്ഥമായ ബൈബിളും ക്രൈസ്തവദൈവശാസ്ത്രവുമാണ്. ആമുഖവും എട്ട് അധ്യായങ്ങളുമുള്ള ചാക്രികലേഖനത്തിലെ 287 ഖണ്ഡികകളിലും നിറഞ്ഞുനില്ക്കുന്നത് ദൈവത്തിന്റെ പിതൃത്വത്തെയും മനുഷ്യരുടെ ശ്രേഷ്ഠതയെയും കുറിച്ചുള്ള ബോധ്യങ്ങളാണ്. ഈ ബോധ്യങ്ങൾ പങ്കുവയ്ക്കാൻ സഭാപിതാക്കന്മാരായ വി. ഇരണേവൂസ്, വി. അഗസ്തീനോസ്, വി. അംബ്രോസ്, വി. ബേസിൽ, വി. ജോൺ ക്രിസോസ്റ്റം എന്നിവരെയും സഭാപണ്ഡിതനായ വി. പീറ്റർ ക്രിസലോഗസിനെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളെയും തന്റെ മുൻഗാമികളായ മഹാനായ വി. ഗ്രിഗറി, പിയൂസ് പതിനൊന്നാമൻ, വി. ജോൺ ഇരുപത്തിമൂന്നാമൻ, വി. പോൾ ആറാമൻ, വി. ജോൺ പോൾ രണ്ടാമൻ, ബെനഡിക്ട് പതിനാറാമൻ എന്നീ പാപ്പാമാരുടെ പ്രബോധനങ്ങളെയും പ്രമുഖ ദൈവശാസ്ത്രജ്ഞരായ വി. ബൊനവെഞ്ചർ, വി. തോമസ് അക്വിനാസ്, കാൾ റാനർ എന്നിവരെയും ഫ്രാൻസിസ് പാപ്പാ ഉദ്ധരിച്ചിരിക്കുന്നു.

**ത്രിത്വാധിഷ്ഠിതം ഫ്രത്തെല്ലി തൂത്തി**

ഈ രേഖയുടെ കേന്ദ്രപ്രമേയങ്ങളായ മനുഷ്യവ്യക്തിയുടെ ശ്രേഷ്ഠതയും കൂട്ടായ്മയുടെ അനിവാര്യതയും പരസ്പരപൂരകങ്ങളാണ്. സത്യത്തിൽ, ത്രിതൈകദൈവവിശ്വാസത്തിന്റെ സ്വാഭാവികമായ പരിണതിയാണിത്. ഏകത്വത്തിലെ നാനാത്വം ക്രൈസ്തവ ദൈവസങ്കല്പത്തിന്റെ അനിവാര്യതയാണല്ലോ. കേവല ഏകാകിത്വമല്ല (absolute singularity) ക്രിസ്തു വെളിപ്പെടുത്തിയ ദൈവസങ്കല്പം; മറിച്ച്, പരിശുദ്ധ ത്രിത്വമാണ്. 'മൂന്നു ദൈവികവ്യക്തികളുടെ കൂട്ടായ്മയിലാണ് സമൂഹത്തിലെ എല്ലാ ജീവിതത്തിന്റെയും ഉദ്ഭവവും പരിപൂർണമാതൃകയും നാം കണ്ടുമുട്ടുന്നത്' എന്നു പാപ്പാ കുറിക്കുമ്പോൾ (ഫ്രത്തെല്ലി തൂത്തി, 85) ഈ ചാക്രികലേഖനത്തിന്റെ ദൈവശാസ്ത്ര അടിത്തറതന്നെയാണ് അദ്ദേഹം വെളിവാക്കുന്നത്. മനുഷ്യൻ ബന്ധാധിഷ്ഠിതജീവിയാണെന്ന (relational animal) ദാർശനിക കാഴ്ചപ്പാട് ത്രിത്വച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണു മനുഷ്യൻ എന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ബൈബിളനുസരിച്ച്, 'നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം' (ഉത്പ. 1,26) എന്നായിരുന്നല്ലോ ദൈവത്തിന്റെ ആദ്യത്തെ ആത്മഗതം. ഒരു മനുഷ്യനും ഒരു ദ്വീപല്ല എന്ന ചൊല്ലിൽ പതിരു തീരെയില്ലെങ്കിൽ അതിനു കാരണം മനുഷ്യനിലെ ഈ ദൈവികച്ഛായയാണ്. പാരസ്പര്യമില്ലാത്ത മനുഷ്യജീവിതം ദൈവനിഴൽ പതിയാത്ത ഊഷരഭൂമിയാണ്. രാഷ്ട്രങ്ങളും സമൂഹങ്ങളും നിലനില്ക്കുന്നത് - വ്യക്തിയും സമൂഹവും തമ്മിലുള്ള സന്തുലിതത്വത്തിലാണ്. എവിടെ സമൂഹത്തിന്റെ ഭീമപാദത്തിൻകീഴിൽ വ്യക്തി ചവിട്ടിമെതിക്കപ്പെടുന്നുവോ, അവിടെ വർത്തമാനവും ഭാവിയും ഇരുളടഞ്ഞതാണ്. എവിടെ വ്യക്തിബോധം സാമൂഹികബോധത്തെ കശാപ്പുചെയ്യുന്നുവോ അവിടെ അരാജകത്വം കൊടികുത്തിവാഴും. വ്യക്തിയും സമൂഹവും തമ്മിലുള്ള സമഞ്ജസമായ സമ്മേളനവും സർഗാത്മകമായ പരസ്പരാപേക്ഷികതയുമാണ് ത്രിത്വത്തിന്റെ നിഴലായി കരുതാൻ കഴിയുന്നത്.

**ഞങ്ങളുടെ പിതാവേ...**


ഫ്രാൻസിസ് പാപ്പാ സാർവത്രികസാഹോദര്യത്തിന്റെയും സാമൂഹികസൗഹൃദത്തിന്റെയും ശീലുകൾ പാടുന്നത് ദൈവത്തിന്റെ പിതൃത്വവും ക്രിസ്തുവിൽ പ്രകടമായ സ്നേഹപൂർണതയും സഭയുടെ മിഷനറിദൗത്യവും പശ്ചാത്തലസംഗീതമായി മീട്ടിക്കൊണ്ടാണ്. 'എല്ലാവരുടെയും പിതാവിലേക്ക് തുറവിയില്ലാതെ, സാഹോദര്യത്തിനായി വാദിക്കാൻ സാരവും സ്ഥായിയുമായ കാരണങ്ങൾ കണ്ടെത്താനാവില്ല' (ഫ്രത്തെല്ലി തൂത്തി, 272) എന്നും 'നാമോരോരുത്തർക്കുംവേണ്ടി ക്രിസ്തു തന്റെ രക്തം ചിന്തി... ആരും അവിടത്തെ സാർവത്രികസ്നേഹത്തിന്റെ വ്യാപ്തിക്കു പുറത്തല്ല' (85) എന്നും 'ഇന്നത്തെ ലോകത്ത് സാക്ഷ്യജീവിതത്തിനും... വിശ്വാസത്തിനും പ്രത്യാശയ്ക്കും സ്നേഹത്തിനും തുറവിയുള്ളവളാണ്' (276) സഭ എന്നും പാപ്പാ വ്യക്തമാക്കുമ്പോൾ ഈ സംഗീതമാണ് നാം ശ്രവിക്കുന്നത്.

സാഹോദര്യത്തിന്റെ സൗന്ദര്യവും ജീവന്റെ പരമസ്ഥാനവും സത്യവും നീതിയും സമാധാനവും ഐക്യവും വികസനവും മനുഷ്യന്റെ അവകാശമാണെന്നും വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആഗോളസംവിധാനങ്ങളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ അതു സാക്ഷാത്കരിക്കാവുന്നതാണെന്നും ഫ്രാൻസിസ് പാപ്പ വിശ്വസിക്കുന്നു.

□

# മാനവമൈത്രിയുടെ മഹാചാര്യൻ

## മാർത്തോമ്മാസഭയുടെ പരമാധ്യക്ഷനായിരുന്ന അന്തരിച്ച ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് സ്മരണാഞ്ജലി



**മാ**ർത്തോമ്മാസഭയുടെ പരമാധ്യക്ഷനും ആഗോള ക്രൈസ്തവ ഐക്യപ്രസ്ഥാനങ്ങളിലെ, സജീവസാന്നിധ്യവുമായിരുന്നു ഈയിടെ അന്തരിച്ച ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത.

സഭകളുടെ മതിലും അതിരുംകടന്ന് മാനവരാശിയുടെ മാത്രമല്ല, ഭൂമിയിൽപ്പിറന്ന സകലതിന്റെയും ഐക്യമായിരുന്നു അദ്ദേഹം 'എക്യുമെനിക്കൽ' എന്ന പദത്തിന് അർത്ഥമായി കല്പിച്ചിരുന്നത്. പരിസ്ഥിതിവാദിയും സംരക്ഷകനുമാകാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതും ഈ ആശയംതന്നെയാണ്. മാരാമൺ മണൽപ്പുറത്തു നടക്കുന്ന മതസമ്മേളനത്തിൽ വനംവകുപ്പുമായിച്ചേർന്ന് വൃക്ഷത്തൈ വിതരണവും നടത്തിയിരുന്നു. പരിസ്ഥിതി സംരക്ഷണം സഭയ്ക്കുള്ളിൽ യാഥാർത്ഥ്യമാക്കാൻ കല്പനകളും പുറപ്പെടുവിച്ചിരുന്നു. പള്ളികളും പരിസരവും പരിസ്ഥിതിസൗഹാർദ്ദമാക്കാനും അദ്ദേഹം ശ്രദ്ധിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹം 'ഹരിതബിഷപ്' എന്നും അറിയപ്പെട്ടു. പരിസ്ഥിതിസംരക്ഷണവും മാനവികതയും ഒരുപോലെ ചേർന്നുപോയെങ്കിലേ ലോകം പൂർണ്ണമാകൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

1931 ജൂൺ 27 ന് മാരാമൺ പാലക്കുന്നത്ത് കടോൺ ലൂക്കോസ് – മറിയാമ്മ ദമ്പതികളുടെ മകനായി ജനനം. കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂൾ, ആലുവ യു.സി. കോളജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം വെർജീനിയ സെമിനാരി, ഓക്സ്ഫഡ് വിക്ലിഫ്, കാന്റർബറി സെന്റ് അഗസ്റ്റിൻസ് എന്നിവിടങ്ങളിൽനിന്ന് ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. വെർജീനിയ സെമിനാരി, സെറാമ്പൂർ കോളജ്, അലഹബാദ് കാർഷികസർവകലാശാല എന്നിവ ഡോക്ടറേറ്റു നല്കി അദ്ദേഹത്തെ ആദരിച്ചു. 1957 ഒക്ടോബർ 18 ന് വൈദികപട്ടം ലഭിച്ചു. വിവിധ ഇടവകകളിലെ സേവനത്തിനുശേഷം 2007 ഒക്ടോബർ 2 ന് മാർത്തോമ്മാ മെത്രാപ്പോലീത്തയായി ചുമതലയേറ്റു.

എല്ലാ മതങ്ങളെയും ഒരുപോലെ കാണാനും ആദരിക്കാനും അദ്ദേഹം പഠിപ്പിച്ചു. മതസൗഹാർദ്ദവും സാഹോദര്യവും പലരും വാക്കുകളിൽ മാത്രമൊതുക്കിയപ്പോൾ ജോസഫ് മാർത്തോമ്മാ തിരുമേനി അതു പ്രവൃത്തിയിലൂടെ കാണിച്ചുതന്നു. അതിനുദാഹരണമാണ് ആറന്മുള വള്ളംകളിയിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തതും ഭക്തരുടെ കൂടെച്ചേർന്നു വള്ളപ്പാട്ട് പാടിയതും. സമൂഹത്തിൽ സ്ത്രീകൾക്ക് തുല്യപ്രാധാന്യം നല്കണമെന്ന് അദ്ദേഹം എന്നും വാദിച്ചു. ഒന്നേകാൽ നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള മാരാമൺ കൺവെൻഷന്റെ രാത്രികാലശുശ്രൂഷകളിൽ സ്ത്രീകൾക്കു സംബന്ധിക്കാൻ അദ്ദേഹം അനുവാദം നല്കി. അതുപോലെ, സമൂഹത്തിന്റെ അരികുകളിലേക്കു മാറ്റിനിർത്തപ്പെട്ട ട്രാൻസ്ജെഡറുകൾക്കും അദ്ദേഹം മാരാമൺ കൺവെൻഷന്റെ വിശ്വാസവേദി തുറന്നുകൊടുത്തു.

ജീവകാരുണ്യത്തിന്റെ ഉദാത്തമാതൃകയായിരുന്നു മാർത്തോമ്മാ തിരുമേനി. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റ് എന്ന നിലയിൽ സാമൂഹികപ്രവർത്തനങ്ങളിൽ സദാ വ്യാപൃതനായിരുന്നു അദ്ദേഹം. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നീതി നിഷേധിക്കപ്പെട്ട ദളിത്ക്രൈസ്തവർക്കുവേണ്ടി നിരന്തരം ശബ്ദമുയർത്തി. ലാത്തൂർ, ഒഡീഷ, ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ ഭൂകമ്പപ്രളയദുരിതാശ്വാസപ്രവർത്തനം, സുനാമി ദുരിതാശ്വാസപ്രവർത്തനങ്ങൾ, നാഗാലാന്റ് മണിപ്പൂർ, കംബോഡിയ, ശ്രീലങ്കൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സമാധാനചർച്ചകൾ എന്നിവയ്ക്ക് അദ്ദേഹം നല്കിയ നേതൃത്വം അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമായി. യു.എൻ. ലോകമതസമ്മേളനത്തിലെ പ്രത്യേക ക്ഷണിതാവുമായിരുന്നു അദ്ദേഹം.

ഭിന്നശേഷിക്കാർക്കുവേണ്ടി പത്തനാപുരത്ത് പ്രത്യാശാഭവൻ, മാവേലിക്കരയിൽ ജ്യോതിസ്, മുംബൈയിലെ ചുവന്ന തെരുവിലെ കുഞ്ഞുങ്ങൾക്കായുള്ള നവജീവൻ എന്നിവയ്ക്ക് അദ്ദേഹം ആരംഭം കുറിച്ചു.

വലിപ്പച്ചെറുപ്പമോ കക്ഷിരാഷ്ട്രീയഭേദമോ ഇല്ലാത്ത വലിയ ഒരു സുഹൃദ്വലയത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. മാനവികമൂല്യങ്ങൾക്ക് ഉന്നതസ്ഥാനം നല്കി ഉദാത്തമാതൃകയായ ഈ മഹാത്മാവിന് പ്രണാമം!

■

# ആയിരങ്ങൾക്കു പ്രത്യാശയായി ആൻസൺ

സുനിൽ പാലാ



**ആ**ത്മഹത്യ ചെയ്യാൻ തയ്യാറെടുപ്പുകൾ നടത്തി, കൂട്ടുകാർക്ക് അവസാനസന്ദേശമയയ്ക്കാൻ ഫോൺ എടുത്തപ്പോഴാണ് ആ യുവതി പതിവായുള്ള എന്റെ സന്ദേശം ഫോണിൽ യാദൃച്ഛികമായി കണ്ടത്. ആത്മഹത്യ എന്ന തീരുമാനത്തിൽനിന്നു പിന്തിരിഞ്ഞ അവൾ അപ്പോൾത്തന്നെ എന്നെ വിളിച്ചു; നന്ദിയുണ്ട് സാർ, എനിക്ക് ജീവിതം തുടരാൻ നല്ല വാക്കുകൾ നൽകിയതിന്...

ഇതു പറയുന്നത് ആൻസൻ കുറുമ്പത്തുരുത്ത്. പുഞ്ചിരിയുടെ ശബ്ദവും എഴുത്തുമായി സമൂഹമാധ്യമരംഗത്ത് ആറാം വർഷത്തിലേക്കു കടക്കുന്ന അധ്യാപകൻ. എന്നും രാവിലെ ഒരു ലക്ഷത്തോളം പേരുടെ വാട്സാപ്പിലേക്ക് 'വോയ്സ് ഓഫ് സ്മൈൽ' എന്ന പേരിൽ ആൻസന്റെ ശബ്ദസന്ദേശമെത്തും. രാത്രി അത്രതന്നെയാളുകളുടെ വാട്സാപ്പിൽ 'വേർഡ്സ് ഓഫ് സ്മൈൽ' എന്ന എഴുത്തുസന്ദേശവും. ജീവിതത്തെ പ്രതീക്ഷയോടെ കാണുന്നതിനുള്ള പ്രചോദനാത്മക സന്ദേശങ്ങളാണ് ഈ അധ്യാപകൻ നിത്യവും സമൂഹത്തിനു കൈമാറുന്നത്. കഴിഞ്ഞ അഞ്ചു വർഷമായുള്ള ദിനചര്യയാണിത്. 'ആൻസൻ കുറുമ്പത്തുരുത്ത്' എന്ന പേരിൽ ഒരിക്കലെങ്കിലും നിങ്ങളുടെ വാട്സാപ്പിലും ജീവിതവിജയകഥകളുടെ ഈ നുറുങ്ങുസന്ദേശങ്ങളെത്താതിരിക്കില്ല; അത്രമേൽ പ്രസിദ്ധമായിട്ടുണ്ട് ഈ മധുരവാക്കുകൾ.

എറണാകുളം ചേന്ദമംഗലം പഞ്ചായത്തിലെ കുറുമ്പത്തുരുത്ത് എന്ന ഗ്രാമത്തിൽ ജനിച്ച ആൻസന്റെ സന്ദേശങ്ങൾക്കു കാതോർക്കുന്നത് നാട്ടിലും വിദേശത്തുമായി ഒരു ലക്ഷത്തോളം പേരാണ്. കോട്ടയം, ഇടുക്കി, കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലാണ് കൂടുതൽ പ്രേക്ഷകർ. നൂറോളം വാട്സാപ്പ് ഗ്രൂപ്പുകളിലേക്ക് ആൻസൻ നേരിട്ടാണ് ഈ ശബ്ദ–എഴുത്ത് സന്ദേശങ്ങൾ അയയ്ക്കുന്നത്. 2007 മുതൽ സർക്കാർവിദ്യാലയത്തിൽ അധ്യാപകനായി സേവനം ചെയ്യുന്ന ഇദ്ദേഹം ഇപ്പോൾ അങ്കമാലി ഉപജില്ലയിലെ പീച്ചാനിക്കാട് ഗവ. യു.പി. സ്കൂളിലാണ്. ആറു വർഷത്തോളം അധ്യാപകരുടെ പരിശീലകനായി സേവനം ചെയ്തിരുന്നു. 16 വർഷമായി ചവിട്ടുനാടകരംഗത്തും പ്രവർത്തിക്കുന്നു. കേന്ദ്ര സംഗീതനാടക അക്കാദമി ഉൾപ്പെടെ 300 ൽ പരം വേദികളിൽ ചവിട്ടുനാടകം അവതരിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 1800–ൽ പരം ദിവസങ്ങളായി മുടങ്ങാതെ ദിനവും ശുഭദിനപ്രഭാഷണങ്ങൾ – സന്ദേശങ്ങൾ നൽകിവരുന്ന ആൻസന് വിവിധ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

സ്വന്തം വായന നിലനിർത്തുവാൻ വേണ്ടി തുടങ്ങിയ ഉദ്യമമാണിത്. എല്ലാ ദിവസവും രാവിലെ അല്പസമയം വായിക്കുകയും വായിച്ചു കിട്ടിയ ആശയം പ്രചോദനമേകുന്ന സന്ദേശമായി വാട്സാപ്പിലൂടെ വോയ്സ് ഓഫ് സ്മൈൽ എന്ന പേരിലും, ഓരോ ദിവസത്തെയും അനുഭവങ്ങൾ, കാഴ്ചകൾ എല്ലാം ഉൾപ്പെടുത്തി ചുരുങ്ങിയ വാക്കുകളിൽ പ്രചോദനമേകുന്ന സന്ദേശമായി വേർഡ്സ് ഓഫ് സ്മൈൽ എന്ന പേരിലും പങ്കുവയ്ക്കുന്നു. വേർഡ്സ് ഓഫ് സ്മൈലിലൂടെ ഒരു ദിവസം കുറിച്ച ഒരു വാചകം ആത്മഹത്യ ചെയ്യാൻ തീരുമാനിച്ച ഒരു പെൺകുട്ടിയെ ജീവിതത്തിലേക്കു തിരികെക്കൊണ്ടുവന്ന അനുഭവമാണ് മുകളിൽ സൂചിപ്പിച്ചത്.

നിരവധി ജീവിതങ്ങളിൽ വെളിച്ചമായും പ്രതീക്ഷയായും ഇവ നിലകൊള്ളുന്നു. ഇതുവരെ ഒരു ദിവസംപോലും മുടങ്ങിയിട്ടില്ല എന്നതാണ് ഈ നന്മനിറഞ്ഞ ഉദ്യമത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ആശുപത്രിവാസം ഉൾപ്പെടെ ജീവിതത്തിൽ പ്രതികൂലമായ നിരവധി സാഹചര്യങ്ങൾ തേടിയെത്തിയിട്ടും – കുടുംബത്തിൽ മരണം ഉണ്ടായിട്ടുപോലും ഈ ഉദ്യമം നിർത്താതെ തുടർന്നു എന്നത് ആൻസന്റെ സാമൂഹികപ്രതിബദ്ധത.

ഒക്ടോബർ 24 ന് ഈ ശബ്ദ–എഴുത്ത്, സന്ദേശങ്ങൾ ആറാം വർഷത്തിലേക്കു കടക്കുകയാണ്. വിവിധ വിഷയങ്ങളിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും യുവജനങ്ങൾക്കും വൃദ്ധരായവർക്കും ക്ലാസുകളുമെടുക്കുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രചോദനാത്മകസന്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു പുസ്തകം പുറത്തിറക്കാനുള്ള ശ്രമത്തിലാണ് ആൻസൻ. ഭാര്യ സബിത സിവിൽ പോലീസ് ഓഫീസറാണ്. മകൾ ആൻസലീന അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു.

■

Deepanalam Weekly

RNI No : 16998/68
Vol. 53 No. 25 Date of Publication 22 October 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ
കൂത്താട്ടുകുളം ടൗൺപള്ളിയിൽ
വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

2020 ഒക്ടോബർ 19 തിങ്കൾ മുതൽ 28 ബുധൻവരെ

സ്നേഹിതരേ,
കൂത്താട്ടുകുളം ടൗൺ പള്ളിയിൽ വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ 2020 ഒക്ടോബർ 19 മുതൽ 28 വരെ തീയതികളിൽ നടത്തപ്പെടുന്നു. കോവിഡ് മാനദണ്ഡമനുസരിച്ച് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാനും വി. യൂദാശ്ലീഹായുടെ മധ്യസ്ഥതയിലൂടെ ദൈവാനുഗ്രഹം പ്രാപിക്കുവാനും എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഫോൺ: 8547152480
Email: holyfamilychurchkoothattukulam@gmail.com

ഫാ. സിറിയക് തടത്തിൽ (വികാരി)

തിരുനാൾ ദിവസങ്ങളിൽ

രാവിലെ 5.30 നും 7.00 നും 10.30 നും വൈകുന്നേരം 5.00 നും
വിശുദ്ധ കുർബാനയും നൊവേനയും വാഴ്വും
6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷ

പ്രത്യേക ശ്രദ്ധയ്ക്ക്: (1) തിരുനാൾ പ്രസുദേന്തിമാരാകുവാൻ ആഗ്രഹിക്കുന്നവർക്കും നൊവേന, കുർബാന, മറ്റു നേർച്ചകാഴ്ചകൾ സമർപ്പിക്കുവാൻ താത്പര്യമുള്ളവർക്കും പള്ളി ഓഫീസിൽ അതിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ് (2) ഒക്ടോബർ 19 മുതൽ 28 വരെ രാവിലെ 10.30 നും വൈകുന്നേരം 5 നുമുള്ള തിരുക്കർമ്മങ്ങൾ പള്ളിയുടെ യൂട്യൂബ് ചാനലായ Holy Family Church, Koothattukulam, facebook പേജായ Holy Family Catholic Church, Koothattukulam, St. Jude shrine Koothattukulam ഇവയിൽ തൽസമയസംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.

ലിംകാ ബുക് ഓഫ് റെക്കോർഡ്സിൽ ഇടംനേടിയ ലോകത്തിലെ ഏറ്റവും വലിയ നിലവിളക്ക്

തിരുനാൾ ആശംസകൾ

minnara BOUTIQUE
Ettumanoor & Koothattukulam

മിന്നാര സ്പെഷൽ ഓഫർ : BUY 3 GET 1 FREE

- നിങ്ങൾക്കിണങ്ങുന്ന തുകയ്ക്ക് പർച്ചേസ് ചെയ്യുവാനും ഇഷ്ടാനുസരണം ഡിസൈൻ ചെയ്ത് തയ്ക്കുവാനുമുള്ള സൗകര്യം.
- രണ്ട് ഷോറൂമുകളിലും ഫാഷൻ ഡിസൈനർമാരുടെ സേവനം. നിങ്ങൾ ആവശ്യപ്പെടുന്ന സമയത്ത് തയ്ച്ച് നൽകാനുള്ള സംവിധാനം.
- വാട്സാപ്പ് വീഡിയോ കോളിലൂടെ (No. 9847016103) പർച്ചേസ് ചെയ്യുവാനുള്ള സൗകര്യം. ഓൺലൈൻ പർച്ചേസിനായി www.minnara.in

TUSSAR SILK, PURE SILK, CRAPE SILK, DUPION SILK, JUTE, LINEN, GEORGETTE, PURE SATIN, COTTON PRINTS

ഒരേ ബില്ലിൽ 3 ചുരിദാർ മെറ്റീരിയലോ അല്ലെങ്കിൽ 3 സാരിയോ അതുമല്ലെങ്കിൽ രണ്ടുംകൂടി 3 എണ്ണമോ വാങ്ങുമ്പോൾ ഒരെണ്ണം സൗജന്യം

M.C. Road, Opp. Vimala Hospital, ETTUMANOOR. Tel: 04812531101
M.C. Road, Bappuji Junction, KOOTHATTUKULAM. Tel: 04852962101, 9745210101

തോട്ടത്തിൽ വാച്ച് ഹൗസ്
കൂത്താട്ടുകുളം. PH: 0485- 2252021, 9447303020
TITAN CASIO CITIZEN fastrack TIMEX SONATA

തിരുനാൾ ആശംസകൾ

BHARATH ALUMINIUM
NEAR HOLY FAMILY CHURCH, MUTTANOLIL ARCADE, KOOTHATTUKULAM, PH: 9745577722, 9745514500
bharathaluminiumkklm@gmail.com
Suppliers of Aluminium powder coated, anodized, electro - coloured wood-grain finished fabrication materials, Grill, PVS Coating sheet, PVC door etc

മൂന്നു പതിറ്റാണ്ടു കാലത്തെ സേവനപാരമ്പര്യം
കുന്നുമ്മേൽ ഒപ്റ്റിക്കൽസ്
ഗവ. ഹോസ്പിറ്റലിന് എതിർവശം
എം.സി. റോഡ്, കൂത്താട്ടുകുളം
ഫോൺ: 9447609165, 0485 2253245
FREE COMPUTERISED EYE TESTING

തിരുനാൾ ആശംസകൾ
ശാലോം സൂപ്പർമാർക്കറ്റ്
ഹോളി ഫാമിലി പള്ളിക്കു സമീപം, കൂത്താട്ടുകുളം
ഫോൺ: 9544127921 , 9544127931
ഫ്രഷ് വെജിറ്റബിൾസ് മിതമായ നിരക്കിൽ (ഹോൾസെയിൽ&റീട്ടെയിൽ)
ഭക്തരൂപങ്ങൾ ഫോട്ടോ ഫ്രെമിംഗ്

സ്വാതി ഓഫ്സെറ്റ് പ്രിന്റേഴ്സ്
കൂത്താട്ടുകുളം Mob: 9447052951
രാമപുരം Mob: 9447973957
ഞങ്ങളുടെ സഹോദരസ്ഥാപനം
GUIDELINE DESIGNERS
N.S.S. Arcade, Koothattukulam Mob: 94474651023

പ്രമുഖ കമ്പനികളുടെ ഇലക്ട്രിക്കൽ, സാനിട്ടറി ഉത്പന്നങ്ങളുടെ വിപുലമായ ശേഖരം

ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ
എം.സി. റോഡ്, കൂത്താട്ടുകുളം
Ph: 0485-2252518, 2252401 (O), 2253401 (R), Mob 9447122524

ജനറൽ മാർക്കറ്റിംഗ് ഏജൻസീസ്
നടപ്പുറം ബൈപ്പാസ് റോഡ്, കൂത്താട്ടുകുളം
Ph: 0485-2252518 (O), Mob:9447122524

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com